# സത്യദൂതൻ

2020 ജൂൺ - ജൂലൈ
ലക്കം 06-07

വില ₹ 30



## മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

## തുടരുന്ന വംശീയത നൃശംസതകൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2020 ജൂൺ - ജൂലൈ
ഹി.ശ.1400 - എഹ്സാൻ - വഫാ
1441 ദുൽകഅദ് - ദുൽഹജ്ജ്
പുസ്തകം 92 ലക്കം 06-07
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**ബദരീ സഹാബിമാർ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ് യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ജൂൺ 5-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി കെ. നജ്മുദ്ദീൻ മുറിയക്കണ്ണി

**10**
**ഇസ്‌ലാമിക വൈദ്യശാസ്ത്രം തത്വവും ചരിത്രവും**
സമീനാ മിയാൻ

**16**
**മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**22**
ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും 4
**യൂറോപ്പിലെ മതവിചാരണ കോടതികൾ**
എ.എം. മുഹമ്മദ് സലീം

**28**
**ആരാധനയുടെ അനിവാര്യത**
മഹ്മൂദ് കൽക്കുളം

**31**
ഭാഗം - 7
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**38**
കുറിപ്പുകൾ
**തുടരുന്ന വംശീയത നൃശംസതകൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവനത്രെ എന്നെ സൃഷ്ടിച്ചത്. എന്നിട്ട് അവൻ എന്നെ നേർവഴിയിൽ നടത്തുന്നു. എനിക്ക് ആഹാരവും പാനീയവും നൽകുന്നവനാണവൻ. ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നൽകുന്നു. എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നു. (26:79-82)



## നബിവചനം

അബൂഹുറൈറ(റ) യിൽ നിന്നും നിവേദനം. ഒരു മുസ്‌ലിമിന് ക്ഷീണമോ രോഗമോ ദുഖമോ അസുഖമോ ബാധിച്ചു. അല്ലെങ്കിൽ അവന്റെ ശരീരത്തിൽ മുള്ള് കുത്തുകയെങ്കിലും ചെയ്തു. എങ്കിൽ അവന്റെ തെറ്റുകളിൽ ചിലത് അല്ലാഹു മായ്ച്ച് കളയാതിരിക്കില്ല. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഒരാൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണെങ്കിൽ ഒരിക്കലും അത് വിഫലമാവുകയില്ല. ഐശ്വര്യം എന്നത് സമ്പന്നത കൊണ്ടോ, അധികാരം കൊണ്ടോ നേടിയെടുക്കാവുന്ന ഒന്നല്ല. അത് ദൈവത്തിന്റെ കരങ്ങളിൽ നിന്നും ലഭിക്കേണ്ട ഒന്നാണ്. അവനിച്ഛിക്കും വിധം അത് നൽകുന്നു. തികവുറ്റ പ്രാർത്ഥന യിലൂടെയാണ് അത് ലഭിക്കുക. സർവശക്തനായ ദൈവം ഉദ്ദേശിക്കുകയാണെങ്കിൽ നിഷ്ക്കളങ്കനും സാത്വികനുമായ ഒരാൾക്ക് അവന്റെ വിഷമങ്ങളുടെ കൊടുമുടിയിൽ പ്രാർത്ഥനക്ക് ശേഷം ഒരു ആത്മീയാനന്ദം ലഭിക്കുന്നു. ഒരു ചക്രവർത്തിക്കും അയാളുടെ സിംഹാസനത്തിൽ നിന്നും അത്തരത്തിലുള്ള ഒരു ആത്മീയാനന്ദം ലഭിക്കില്ല. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന ക്കൊടുവിൽ ലഭിക്കുന്ന യഥാർത്ഥ വിജയമാണിത്.

(അയ്യാമു സുൽഹ്, പേജ് 8)



# രോഗവും രോഗവിമുക്തിയും

മനുഷ്യശരീരത്തിലെ നിരവധി അവയവ സംവിധാനങ്ങളുടെ രമ്യമനോഹരവും സമഞ്ജസ പൂർണ്ണവും സംന്തുലനാത്മകവുമായ പ്രവർത്തനങ്ങളുടെ സാകല്യാവസ്ഥയാണ് ആരോഗ്യം. രക്ത ചംക്രമണ വ്യവസ്ഥ, ശ്വസന വ്യവസ്ഥ, ദഹന വ്യവസ്ഥ, അന്തസ്രാവീഗ്രന്ഥി വ്യവസ്ഥ, രോഗ പ്രതിരോധ വ്യവസ്ഥ, പേശീവ്യവസ്ഥ, നാഡീവ്യവസ്ഥ, പ്രത്യുൽപാദന വ്യവസ്ഥ മുതലായവയാണ് ശരീരത്തിലെ ആന്തര വ്യവസ്ഥകൾ. അവയുടെ പ്രവർത്തനങ്ങളിലുള്ള അസന്തുലിതത്വമോ വൈകല്യമോ ഏകോപനമില്ലായ്മയോ മൂലം ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന അനാരോഗ്യാവസ്ഥയെയാണ് രോഗം എന്ന് പറയുന്നത്. മനുഷ്യശരീരത്തിന്റെ സൃഷ്ടിയും അതിന്റെ പ്രവർത്തനങ്ങളും പൂർവ്വകൽപ്പിതവും ജന്മജാതമായി മനുഷ്യന് ലഭിച്ചതുമാണ്. അവന്റെ ബോധേന്ദ്രിയങ്ങൾക്ക് ശരീര പ്രവർത്തനങ്ങളിൽ ഇടപെടാൻ വളരെ കുറഞ്ഞ അവസരമേ ദൈവം നൽകിയിട്ടുള്ളൂ. ആ കുറഞ്ഞ അവസരം തന്നെ മനുഷ്യൻ ശരീര നിയമങ്ങൾ ലംഘിച്ച് തെറ്റായ തീരുമാന പ്രകാരം സ്വന്തം ശരീരത്തിൽ ഇടപെടുന്നത്കൊണ്ടാണ് മിക്ക രോഗങ്ങളുമുണ്ടാകുന്നത്. അല്ലാഹു പറയുന്നു: **‘നിങ്ങൾ സംന്തുലനത്തിൽ അതിക്രമം കാണിക്കാതിരിക്കാൻ വേണ്ടി. തുലമാനം ഉചിതജ്ഞതയോടെ നിലനിർത്തുക. അളവിൽ കുറവ് വരുത്തരുത്.’ (55:9,10)**

രോഗകാരണം ശരീരത്തിനകത്ത് നിന്നാകാം, ശരീരത്തിന് പുറത്ത് (രോഗാണുക്കൾ) നിന്നാകാം. ജന്മജാതമായ വൈകല്യങ്ങൾ കൊണ്ടാകാം, രോഗ പ്രതിരോധ വ്യവസ്ഥ ചിലപ്പോൾ സ്വശരീരത്തെ തന്നെ ആക്രമിക്കുന്നത് കൊണ്ടുമാകാം. അവിചാരിതമായ പരിക്ക് മൂലവുമാകാം. രോഗങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളുടെ ജനിതക വ്യതിയാനങ്ങൾ മിക്കവാറും മനുഷ്യന്റെ അശ്രദ്ധകൊണ്ടോ, മലിനീകരണം കൊണ്ടോ, പാരിസ്ഥിതിക നിയമങ്ങൾ ലംഘിക്കുന്നത് കൊണ്ടോ, കൈപിഴകൊണ്ടോ, ബോധപൂർവ്വമുണ്ടാകുന്ന കൈകടത്തൽ കൊണ്ടോ ആകാം. അല്ലാഹു പറയുന്നു:

**‘മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവനെ അനുഭവിപ്പിക്കുന്നു; അവൻ മടങ്ങുന്നതിന്ന് വേണ്ടി’ (30:42) ‘ഏതൊരു ഗുണം നിനക്ക് വന്നെത്തുന്നുവോ അത് അല്ലാഹുവിൽ നിന്നുള്ളതാണ്. ഏതൊരു ദോഷം നിന്നെ ബാധിക്കുന്നുവോ അത് നിന്നിൽ നിന്നു തന്നെയുള്ളതാണ്. ’ (4:80)**

രോഗങ്ങൾ മനുഷ്യന്റെ ധാർമിക ശിക്ഷണത്തിനുള്ള മഹത്തായ ഉപാധികളും അല്ലാഹുവിന്റെ പരീക്ഷണങ്ങളുമാവാം. ഏതായാലും രോഗങ്ങളെ ശരീരം ചെറുക്കുക മാത്രമല്ല രോഗിയായാൽ ഔഷധ പ്രയോഗത്തിലൂടെ മറ്റു രോഗനിവാരണ മാർഗ്ഗങ്ങളിലൂടെയും സർവ്വോപരി പ്രാർത്ഥനയിലൂടെയും രോഗവിമുക്തിയുണ്ടായി ആരോഗ്യം പുനസ്ഥാപിക്കുന്ന രീതിയിലുള്ള ഒരു ശരീരഘടനയാണ് മനുഷ്യന് അല്ലാഹു നൽകിയത്. അല്ലാഹുവിന്റെ സ്നേഹിതൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ഖലീലുള്ളാഹി ഇബ്റാഹിം നബി (അ) പറഞ്ഞ ഒരു സത്യപ്രസ്താവന നാം ഓർക്കുക. ***‘ഞാൻ രോഗിയായാൽ അവൻ എനിക്ക് ശമനം നൽകുന്നു.’(26:81)***

കോവിഡ്-19 നിയന്ത്രണം കാരണം സത്യദൂതൻ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുകയും വായനക്കാരുടെ തുടർന്നുള്ള സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**പത്രാധിപർ, സത്യദൂതൻ**



ഹദ്റത്ത് അഹ്മദ് (അ)

# കിഴക്കുനിന്നുള്ള മഹാമാരി

അതിന്ന് ശേഷം ഈ നാടിന്റെ ചുറ്റു പാടുകളിലുള്ള സ്ഥലങ്ങളിൽ പ്ലേഗ് പടർന്നു പിടിച്ചു. വെട്ടുകിളികളെ പോലെ ജനങ്ങൾ ചത്തു വീണു. കുപ്പിതനായ സിംഹത്തെ പോലെ ഈ രോഗം മനുഷ്യനെ വേട്ടയാടി. അല്ലെങ്കിൽ ആട്ടിൻ കൂട്ടത്തിൽ കടന്ന ചെന്നായ്ക്കളെ പോലെ എത്രയെത്ര വീടുകളാണ് നശിച്ചത്. അതിലെ നിവാസികളെ ശൂന്യത പിടികൂടി. ഭൂമി പ്രകമ്പനം കൊണ്ടു. അത് നാട്ടിൻപുറത്തും കുന്നിൻ പ്രദേശത്തുമെല്ലാം ദുരന്തം വിതച്ചു. ഒരു സ്ഥലവും ഈ രോഗം ബാക്കിവെച്ചില്ല. മുക്കിലും മൂലയിലുമെല്ലാം അത് ചെന്നു. ഗ്രാമാന്തരങ്ങളിലും നഗര പ്രാന്തങ്ങളിലും അത് മദിച്ചു മെതിച്ചും നടന്നു. എല്ലാ നഗര വാസികളെയും അത് എത്തിപ്പിടിച്ചു. അണിഞ്ഞൊരുങ്ങിയ ഒരു സുന്ദരനെയും സുന്ദരിയേയും അത് വിട്ടില്ല. പൊറുക്കുന്നവനായ റബ്ബ് കാത്തുരക്ഷിച്ച വീടുകളൊഴികെ, മറ്റെല്ലാ വീടുകളിലും അത് പ്രവേശിച്ചു. അവരിൽ നിന്നുള്ള ഒരു പടതന്നെ പ്ലേഗിന്നിരയായി തീർന്നു. അവർ മടങ്ങിയത് മരണമാകുന്ന വിരുന്നോടുകൂടിയാകുന്നു. ഈ മഹാമാരിയാകുന്ന വീടിന്റെ വിരുന്നുകാരായി അവർ വന്നു. അപ്പോൾ ആ വീട് അവർക്ക് നൽകിയ സൽക്കാരം എന്തെന്നറിയുമോ. ശൂന്യതയുടെ കോപ്പ. ചുരുക്കത്തിൽ കടം കൊടുത്തവനെപ്പോലെ പ്ലേഗുരോഗം ഈ വീടുകളുടെ ഓരം ചാരി നിന്നു. അല്ലെങ്കിൽ അസ്ഹാബുൽ റഖീമിന്റെ നായയെ പോലെ. പെട്ടെന്നിത് കെട്ടടങ്ങുമെന്ന് ഞാൻ കരുതുന്നില്ല. ഇത് വന്നുപെട്ടാൽ അതിന്റെ വയസ്സ് എഴുപത് വർഷമാണെന്ന് പറയപ്പെടുന്നു.

ഖാത്തമുന്നബിയ്യീന്റെ വാക്കുകളിൽ പറഞ്ഞിട്ടുള്ള ഈ അഗ്നി ഈ പ്ലേഗാണ്. റബ്ബുൽ ആലമീൻ ഖുർആൻ മജീദിലും ഖയറുൽ മുർസലീനിൽ നിന്ന് പറയപ്പെട്ടത് പോലെ അത് പുറപ്പെട്ടത് കിഴക്ക്* നിന്നാണ്. എല്ലാ ജനവാസസ്ഥലങ്ങളിലും അത് പടർന്ന് പിടിക്കും. മുൻ ഗ്രന്ഥങ്ങളിലും ഇത് പറയപ്പെട്ടിട്ടുണ്ട്. അപ്പോൾ ശരിയായ ഉറപ്പ് വരുന്നത് വരെ താങ്കളൊന്ന് കാത്തിരിക്കുക. അതിനെ സംബന്ധിച്ച് അധികമൊന്നും താങ്കൾ ചോദിക്കണ്ടാ. അത് ഭയാനകമാണ് ദൈവത്തിന്റെ കഠിനതരമായ കോപം! എവിടെ നോക്കിയാലും അട്ടഹാസവും നിലവിളിയും അതൊരു രോഗമല്ല തനി നരകമാണ്. അത് ജനങ്ങളെ മുറിച്ചു നീക്കുന്ന ദാബത്തുൽ അർളാണ്. അതിന്റെ ഛേദനത്തിന്ന് ആക്കം കൂടുമ്പോൾ ജനങ്ങൾ കൊള്ളയടിക്കപ്പെടുകയും അവൻ മരിച്ചൊടുങ്ങുകയും ചെയ്യുന്നു. കാരണം അവർ അല്ലാഹു വിന്റെ ദൃഷ്ടാന്തങ്ങളെ വിശ്വസിക്കുന്നില്ല. അല്ലാഹു പറഞ്ഞത് പോലെ 'പുനരുത്ഥാന നാളിനുമുമ്പേ നാം നശിപ്പിക്കപ്പെടുകയോ കഠനമായി ശിക്ഷിക്കപ്പെടുകയോ ചെയ്യാത്ത് ഒരു രാജ്യവുമില്ല'

ഇതാ നിങ്ങൾ അത് കാണുന്നു. കാരണം ജനങ്ങൾ തഖ്‌വാ കൈകൊള്ളുന്നില്ല. അല്ലാഹുവിന്റെ ഭൂമിയിൽ ഒരു ഭയവും കൂടാതെ പാപകർമ്മങ്ങളിലും അസന്മാർഗ്ഗ പ്രവർത്തിയിലും അവർ മികയ്ക്കുന്നു. അല്ലാഹു ഇറക്കിയത് കേൾകൂ എന്ന് അവരോട് പറയപ്പെട്ടാൽ അവർ വന്ന കാലേ മടങ്ങിപ്പോവുനു. അവരത് കേൾക്കുകയില്ല. അവർ പശചാത്തപിച്ചു മടങ്ങട്ടെയെന്നു കരുതി അല്ലാഹു അവരെ ഒന്നു പിടിച്ചു ഭൗതികമായ സു ഖാഢംബരങ്ങളെ മാത്രം ആരാധിക്കുന്നവരായി ഭൂരിപക്ഷം ആളുകളെയും നിങ്ങൾ കാണുന്നു അവരുടെ ദേഹേഛകളും വികാരങ്ങളും അണപൊട്ടി ഒഴുകി ആറുകളു തോടുകളുമായി തീരുന്നു.

.......അങ്ങനെ അല്ലാഹു അവർക്ക് ഭൂമിയിൽ നിന്നും ആകാശത്ത് നിന്നും അടയാളങ്ങൾ കാണിച്ചുകൊടുത്തു. അപ്പോൾ അവർ ബധിരരും കുരുടരമായി. ഇതെല്ലാം ചോദ്യം ചെയ്യപ്പെടുന്ന നാളിനെ ഇവരെന്ത്കൊണ്ട് ഭയപ്പെടുന്നില്ല. (***മവാഹിബുർറഹ്മാൻ*** *– 1903 ജനുവരി 14ന് പ്രസിദ്ധീകരിച്ചത്)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ജൂൺ 5 –ാം തീയതി യുകെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ: മൗലവി കെ. നജ്മുദ്ദീൻ മുറിയക്കണ്ണി

# ബദരീ സഹാബിമാർ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്നു വീണ്ടും ഞാൻ ബദരീ സ്വഹാബികളെ കുറിച്ച് വിവരിക്കുകയാണ്. അതിൽ ആദ്യത്തെ സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സുഹൈബുബ്നു സിനാൻ (റ). ഹദ്റത്ത് സുഹൈബിന്റെ പിതാവിന്റെ പേര് സിനാൽ ബിൻ മാലിക് എന്നും മാതാവിന്റെ പേര് സൽമാ ബിൻത് ഖഊദ് എന്നുമായിരുന്നു. മൗസ്വൂൽ ആയിരുന്നു ഹദ്റത്ത് സുഹൈബിന്റെ സ്വദേശം. ഹദ്ത്ത് മുസ്ലിഹ് മൗഊദ് (റ)അദ്ദേഹത്തെ

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ഉഹദു യുദ്ധത്തിലെ ഒരു സംഭവമാണ്. യുദ്ധം അവസാനിച്ചതിനു ശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യിബ്നു കഅബിനോട്, പരിക്കേറ്റവരെക്കുറിച്ച് അന്വേഷിച്ചു വരുവാനായി പറഞ്ഞു. അന്വേഷിച്ചന്വേഷിച്ച് ഹദ്റത്ത് സഅദുബിന് റബീഇനെ പരിക്കേറ്റ് അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന നിലയിൽ കണ്ടെത്തുകയുണ്ടായി. താങ്കളുടെ ഉറ്റവർക്കും ബന്ധുക്കൾക്കും എന്തെങ്കിലും സന്ദേശം നൽകാനുണ്ടെങ്കിൽ എന്നോട് പറയാം എന്ന് അദ്ദേഹത്തോട് പറഞ്ഞു. ഈ സംഭവത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുകയാണ്; നോക്കുക അത്തരം സാഹചര്യത്തിൽ ഒരാൾ എന്താണ് ചിന്തിക്കുക.ഞാൻ മരണാസന്നനാണ്, സാധാരണ എന്റെ ഭാര്യയുടെ അവസ്ഥയെന്താകും, എന്റെ കുട്ടികളെ ആരു നോക്കും എന്നെല്ലാമുള്ള ചിന്തകളാണ് മനസ്സിൽ വരിക. എന്നാൽ ഈ സ്വഹാബി നല്കിയ സന്ദേശം മറ്റൊന്നുമായിരുന്നില്ല. അദ്ദേഹം പറഞ്ഞു; ഞങ്ങൾ നബി(സ) തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് ഈ ലോകത്തുനിന്നും വിടപറയുകയാണ്. നിങ്ങളും ആ മാർഗ്ഗം പിന്തുടരണം. നബി(സ)തിരുമേനിയെ സംരക്ഷിക്കുക എന്നതാണ് ഏറ്റവും വലിയ ജോലി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുകയാണ്; അവരുടെ ആ വിശ്വാസത്തിന്റെ ശക്തികൊണ്ടു തന്നെയാണ് അവർ ലോകത്തെ കീഴ്മേൽമറിക്കുകയും കിസ്റായുടെയും കൈസറിന്റെയും അധികാര സിംഹാസനം മാറ്റിമറിക്കുകയും ചെയ്തു.

ഹദ്റത്ത് സഅദുബ്നു റബീഅ് ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ഉഹദുയുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. ശഹീദായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു; അല്ലാഹു അദ്ദേഹത്തിൽ കരുണ ചൊരിയുമാറാകട്ടെ, അദ്ദേഹം തന്റെ ജീവിതത്തിലും മരണ

ക്കുറിച്ച് എഴുതുന്നു; റോമിൽനിന്നും ബന്ധനസ്ഥനാക്കി കൊണ്ടുവന്ന ഒരടിമയായിരുന്നു സുഹൈബ്. അബ്ദുല്ലാഹിബ്നു ജദ്ആന്റെ അടിമയായിരുന്നു അദ്ദേഹം. അദ്ദേഹമാണ് സുഹൈബിനെ സ്വതന്ത്രനാക്കിയത്. അദ്ദേഹം നബി(സ) തിരുമേനിയെ വിശ്വസിക്കുകയും അക്കാരണത്താൽ പലതരത്തിലും പീഢനങ്ങളനുഭവിക്കുകയും ചെയ്തു.

ഹദ്റത്ത് അമ്മാറും ഹദ്റത്ത് സുഹൈബും മുപ്പതോളം ആളുകൾക്കുശേഷം ഇസ്‌ലാം സ്വീകരിച്ചവരാണ്. ഹദ്റത്ത് അനസ് (റ) വിവരിക്കുന്നു; നബി(സ)തിരുമേനി പറഞ്ഞു; മുസ്‌ലിമാകുന്നതിൽ മുൻപന്തിയിലുള്ളവർ നാലുപേരാണ്. ഞാൻ അറബികളിൽവച്ച് ഒന്നാമനാണ്, സുഹൈബ് റോമിൽ നിന്നും ഒന്നാമനാണ്. സൽമാൻ ഫാർസികളിൽ നിന്നും ഒന്നാമനാണ്. ബിലാൽ ഹബ്ശികളിൽ ഒന്നാമനാണ്.

ഹദ്റത്ത് സുഹൈബ്(റ)ന്റെ മദീനയിലേക്കുള്ള ഹിജ്റത്തിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം വിവരിക്കുന്നു; ഹിജ്റത്തിനായി പുറപ്പെട്ടപ്പോൾ സുഹൈബിനെ മക്കയിലെ ആളുകൾ തടഞ്ഞു. അപ്പോൾ തന്റെ മുഴുവൻ സ്വത്തും അവർക്കു നല്കിക്കൊണ്ട് വെറും കയ്യോടെ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തുകയുണ്ടായി. നബിതിരുമേനി സുഹൈബിനോട് പറഞ്ഞു; സുഹൈബ് താങ്കളുടെ മറ്റെല്ലാ കച്ചവടങ്ങളെക്കാളും ലാഭകരമായ കച്ചവടമാണിത്. മുമ്പ് താങ്കൾ സാധനങ്ങൾ വിറ്റ് പണം വാങ്ങിയിരുന്നെങ്കിൽ ഇപ്പോൾ പണം നല്കി വിശ്വാസം കരസ്ഥമാക്കിയിരിക്കുന്നു.

ഹദ്റത്ത് സുഹൈബ് വിവരിക്കുന്നു; നബി(സ) തിരുമേനിയുടെ യുദ്ധങ്ങളിലെല്ലാം ഞാനും പങ്കെടുത്തിട്ടുണ്ട്. എല്ലാ ബൈഅത്തിന്റെ അവസരത്തിലും ഞാൻ ഉണ്ടായിട്ടുണ്ട്. നബി തിരുമേനി അയച്ച എല്ലാ സൈനികസംഘത്തിലും ഞാൻ പങ്കെടുത്തു. തിരുമേനി പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ഞാൻ പങ്കെടുത്തു. ഞാൻ നബി(സ)തിരുമേനിയെ അവസാനം വരെ ശത്രുക്കളുടെയും എന്റെയും ഇടയിൽ വരാൻ ഒരിക്കലും സമ്മതിച്ചില്ല.

ഇത്തരത്തിൽ ഹദ്റത്ത് സുഹൈബ് തന്റെ വാർദ്ധക്യ കാലത്ത് ജനങ്ങളെ ഒരുമിച്ചുകൂട്ടി തന്റെ യുദ്ധക്കഥകൾ വളരെ ആകർഷണീയമായ രീതിയിൽ മനോഹരമായ രീതിയിൽ കേൾപ്പിക്കുമായിരുന്നു.

ഹദ്റത്ത ഉമർ(റ) ഹദ്റത്ത് സുഹൈബ്(റ)നെ വളരെയധികം സ്നേഹിക്കുകയും അദ്ദേഹത്തെക്കുറിച്ച് ശുഭാപ്തി വിശ്വാസം വച്ചുപുലർത്തുകയും ചെയ്തിരുന്നു. ഏതുവരെയെന്നാൽ ഹദ്റത്ത് ഉമർ(റ)നു പരിക്കേറ്റപ്പോൾ തന്റെ ജനാസ സുഹൈബ് നമസ്കരിപ്പിക്കണമെന്നും ശൂറാ അംഗങ്ങൾ അടുത്ത ഖലീഫയെ ഐകകണ്ഠേന തെരെഞ്ഞെടുക്കുന്നതുവരെ മൂന്നു ദിവസത്തോളം മുസ്‌ലിംകൾക്ക് ഇമാമത്ത് നില്ക്കണമെന്നും വസിയ്യത്ത് ചെയ്യുകയുണ്ടായി. ഹദ്റത്ത് സുഹൈബ് ഹിജ്റി 38ന് ശവ്വാൽ മാസത്തിൽ വഫാത്തായി. 39 ഹിജരിയിലാണെന്നും ചില അഭിപ്രായമുണ്ട്. വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന് എഴുപത്തിമൂന്ന് വയസ്സായിരുന്നു. ചില നിവേദനങ്ങളിൽ എഴുപത് വയസ്സെന്നും കാണാം. മദീനയിലാണ് അദ്ദേഹത്തെ ഖബറടക്കിയത്.

അടുത്തതായി വിവരിക്കാൻ പോകുന്ന സഹാബിയുടെ പേരാണ് ഹദ്റത്ത് സഅദുബ്നു റബീഅ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് റബീഉബ്നു അംറ് എന്നും മാതാവിന്റെ പേര് ഹസീല ബിൻത് അൻബ എന്നുമായിരുന്നു. ജാഹിലിയ്യാ കാലഘട്ടത്തിൽ സഅദിന് എഴുത്തും വായനയും അറിയാമായിരുന്നു. അദ്ദേഹം ബനൂഹാരിസ് ഗോത്രത്തിന്റെ പ്രതിനിധിയായിരുന്നു. ഒന്നാം ബൈഅത്തെ അഖ്ബയിലും രണ്ടാം ബൈഅത്തെ അഖ്ബയിലും അദ്ദേഹം പങ്കെടുത്തിരുന്നു.

ത്തിനു ശേഷവും അല്ലാഹുവിന്റെയും അല്ലാഹുവിന്റെ റസൂലിന്റെയും ഗുണകാംക്ഷിയായിരുന്നു. ഹദ്റത്ത് സഅദുബ്നു റബീഇനെയും ഹദ്റത്ത് ഖാരിജ ബിൻ സൈദിനെയും ഓരു ഖബറിലാണ് അടക്കം ചെയ്തത്.

ഹദ്റത്ത് ജാബിറിബ്നു അബ്ദുല്ലാഹ് വിവരിക്കുന്നു; ഹദ്റത്ത് സഅദുബ്നു റബീഇന്റെ ശഹാദത്തിനു ശേഷം അദ്ദേഹത്തിന്റെ ഭാര്യ, രണ്ട് പെൺമക്കളെയും കൂട്ടി നബി(സ)തിരുമേനിയുടെയടുക്കലെത്തി. എന്നിട്ടു പറഞ്ഞു അവരുടെ പിതൃസഹോദരൻ അവരുടെ രണ്ടുപേരുടെയും സ്വത്ത് മുഴുവൻ കൈക്കലാക്കിയിരിക്കുകയാണ്. ഇവർക്കൊന്നും ലഭിച്ചില്ല. നബിതിരുമേനി പറഞ്ഞു; അല്ലാഹു അതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്. അതിനു ശേഷം സ്വത്തിന്റെ അനന്തരാവകാശത്തെക്കുറിച്ചുള്ള ആയത്ത് ഇറങ്ങി. തുടർന്ന് നബി(സ)തിരുമേനി ആ രണ്ടു പേരുടെയും പിതൃസഹോദരനെ വിളിപ്പിച്ചു എന്നിട്ട് പറഞ്ഞു; സഅദിന്റെ പെൺമക്കൾക്ക് സ്വത്തിന്റെ മൂന്നിലൊന്ന് വീതവും അവരുടെ മാതാവിന് എട്ടിലൊന്നും നൽകുക. മിച്ചം വരുന്നത് നിങ്ങളുടെതാകുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു; ലോകചരിത്രത്തിൽ നബി(സ)തിരുമേനിക്കു മുൻപോ ശേഷമോ നബി(സ)തിരുമേനി സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിച്ചത്ര സംരക്ഷിക്കുന്നവാരായി ആരും ഉണ്ടായിട്ടില്ല. അനന്തരാവകാശം, വിവാഹബന്ധങ്ങൾ, ഭാര്യഭർതൃ ബന്ധങ്ങൾ, വിവാഹമോചനം, വ്യക്തിപരമായ സ്വത്ത് സമ്പാദനത്തിനുള്ള അവകാശം, വ്യക്തിപരമായ സ്വത്ത് ഉപോയോഗിക്കുവാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, സന്താനങ്ങളുടെ മേൽനോട്ടവും ശിക്ഷണവും സംബന്ധമായ അവകാശം, സാമൂഹികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ പങ്കാളിയാകുവാനുള്ള അവകാശം, വ്യക്തി സ്വാതന്ത്ര്യത്തിനുള്ള അവകാശം, മതപരമായ അവകാശങ്ങളും ബാധ്യതകളും, മുതലായ സ്ത്രീകൾ ഇടപെടുന്ന മതപരവും ലൗകീകവുമായ എല്ലാ മേഖലകളുമായും ബന്ധപ്പെട്ട അനുവദനീയമായ എല്ലാ അവകാശങ്ങളും അംഗീകരിക്കുകയും അതു സംരക്ഷിക്കുകയും ചെയ്യുക എന്നത് ഈ ഉമ്മത്തിന്റെ മേൽ ഒരു പരിശുദ്ധമായ അമാനത്തും ബാധ്യതയുമായി നിശ്ചയിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് അറേബ്യയിലെ സ്ത്രീകൾ നബി(സ)തിരുമേനിയുടെ നിയോഗം തങ്ങളുടെ മോചനത്തിനുള്ള സന്ദേശമായിക്കരുതിയിരുന്നു . നബി(സ)തിരുമേനിയുടെ ഈ വാക്കുകൾ ഗഹമനമായ അർത്ഥമുൾക്കുന്ന ഒന്നാണ്; ഈ ലോകത്തുള്ള വസ്തുക്കളിൽ എനിക്കേറ്റവും പ്രിയങ്കരം സ്ത്രീയും സഗന്ധവുമാകുന്നു. എങ്കിലും എന്റെ കണ്ണിനു കുളിർമ്മ നമസ്കാരം അഥവാ ആരാധനയാകുന്നു". ലോകം ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് മലീമസമായ പ്രവൃത്തികളിൽ നിന്നും കലഹങ്ങളിൽ നിന്നും രക്ഷപ്പെടാൻ അല്ലാഹു സഹായിക്കട്ടെ. നമ്മുടെ സ്ത്രീകളും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരാകട്ടെ. ഇസ്‌ലാം സ്ത്രീകൾക്കു നൽകിയ സ്ഥാനം മറ്റൊരു മതവും, സ്ത്രീശാക്തിക സംഘടനകളെന്നു പേരുള്ള സംഘടനകളും പദ്ധതികളും നല്കിയട്ടില്ല. ഈ സമൂഹം സമാധാനപൂർണ്ണമായിത്തീരുന്നതിനായി അല്ലാഹു പുരുഷൻമാർക്കും ഇസ്‌ലാമിക അധ്യാപനങ്ങളനുസരിച്ച് സ്ത്രീകളുടെ അവകാശങ്ങൾ നല്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇനി ഞാൻ ഇപ്പോഴത്തെ അവസ്ഥയിൽ ദുആയിലേക്ക് ശ്രദ്ധ തിരിക്കുവാൻ ആഗ്രഹിക്കുകയാണ്. ദുആ ചെയ്യുക, കൊറോണാ എന്ന മഹാമാരിയുടെ വിപത്തിൽനിന്നും ലോകത്തെ അല്ലാഹു മോചിപ്പക്കുന്നതോടുകൂടെ മനുഷ്യർക്ക് അവരുടെ മോക്ഷം ഏകദൈവത്തിലേക്ക് കുനിയുന്നതിലും മറ്റുള്ളവരുടെ അവകാശങ്ങൾ നല്കുന്നതിലുമാണെന്ന് മനസ്സിലാക്കുവാനുള്ള ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഭരണകൂടങ്ങൾക്ക് നീതിയിലധിഷ്ഠിതമായി ഭരണം നടത്താൻ സാധിക്കട്ടെ. അമേരിക്കയിൽ ഇപ്പോൾ വ്യാപിച്ചിട്ടുള്ള അരക്ഷിതാവസ്ഥയുടെ ദുസ്സ്വാധീനത്തിൽ നിന്നും അഹ്മദികളെ അല്ലാഹു പ്രത്യേകമായും സംരക്ഷിക്കുമാറാകട്ടെ. എല്ലാ പൗരന്മാരുടെയും അവകാശങ്ങൾ നീതിയിലധിഷ്ഠിതമായി നല്കിക്കൊണ്ടു മാത്രമേ ഒരുഭരണ വ്യവസ്ഥിതി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കുകയുള്ളൂ എന്ന് ഭരണകൂടവും മനസ്സിലാക്കേണ്ടതാണ്. എത്ര വലിയ ശക്തമായ ഭരണകൂടമാണെങ്കിലും ശരി പൊതുജനങ്ങൾ അസ്വസ്ഥരാണെങ്കിൽ ഒരു ഭരണകൂടത്തിനും അവർക്കു മുമ്പിൽ നിലനില്ക്കാനാകില്ല. ലോകത്ത് എവിടെയെല്ലാം കലഹങ്ങളുണ്ടോ അതെല്ലാം അവസാനിക്കട്ടെ. ഭരണകൂടങ്ങൾക്ക് പൊതുജനങ്ങളുടെ അവകാശങ്ങൾ നല്കുവാൻ സാധിക്കട്ടെ. പൊതുജനങ്ങൾ അനുവദനീയമായ പരിധിയിൽനിന്നുകൊണ്ട് തങ്ങളുടെ അവകാശങ്ങൾക്കായി ഭരണകൂടത്തിന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നവരാകട്ടെ.

അതുപോലെതന്നെ പാക്കിസ്ഥാൻ ഭരണകൂടവും ചിന്തിക്കേണ്ടതാണ്. മുല്ലാക്കളെ ഭയന്നുകൊണ്ട് ഇപ്പോൾ അഹ്മദികളുടെ മേൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്രമവും അതിക്രമവും ഉണ്ടാകരുത്. മറിച്ച് നീതിയോടെ ഭരണം നടത്തുക. ചരിത്രത്തിൽ നിന്ന് പാഠം ഉൾക്കൊള്ളുക. ഇ ത്തരം പ്രവൃത്തികളിലൂടെ ഭരണം ദീർഘിപ്പിക്കാമെന്ന ചിന്ത ഉപേക്ഷിക്കുക. എന്നാൽ ഈ അക്രമങ്ങളുടെ ഫലമായി ലോകത്ത് അഹ്മദിയ്യത്ത് മുൻപത്തേക്കാളുപരി അഭിവൃദ്ധി പ്രാപിച്ചു വരികയാണ് ഭാവിയിലും ഇൻശാ അല്ലാഹ്

ശേഷം പേജ് 28 ൽ

# ഇസ്ലാമിക വൈദ്യശാസ്ത്രം തത്വവും ചരിത്രവും

എല്ലാ വൈദ്യവിജ്ഞാനീയത്തിലെ നന്മകളും സ്വാംശീകരിച്ച് ഇസ്ലാം മതം അതിന്റെ മതാത്മക വ്യക്തിത്വത്തിൽ ഇസ്ലാമിക വൈദ്യത്തിന്ന് തുടക്കം കുറിച്ചു.

**സമീനാ മിയാൻ**

ഇസ്ലാമിക ശാസ്ത്രം അതിന്റെ തുടക്കത്തിൽ തന്നെ മനുഷ്യന്റെ ഭൗതിക സാഹചര്യത്തെ മാത്രമല്ല പരിഗണിച്ചിരുന്നത്. ഒരു ആത്മീയ സത്ത എന്ന നിലക്ക് മനുഷ്യനെയും തന്റെ സമൂഹത്തെയും നിശിതമായ വിശകലനങ്ങൾക്ക് വിധേയമാക്കിയിരുന്നു. ആദ്യത്തെ ഇസ്ലാമിക വൈദ്യൻ റസൂൽ തിരുമേനി (സ)യുടെ ഒരനുചരനായ ഹരീദുബ്നു കലാദ (റ) ആയിരുന്നു. ജുണ്ടിസ് പുരിയിലായിരുന്നു അദ്ദേഹം പഠിച്ചിരുന്നത്. ആദ്യകാലങ്ങളിൽ ഈ വൈദ്യശാസ്ത്ര സരണിയുമായി അറബികൾക്ക് ബന്ധമുണ്ടായിരുന്നെങ്കിലും അറബ് മുസ്ലിംകൾ ഈ രംഗത്ത് മുന്നേറിയിരുന്നില്ല. ആദ്യകാല വൈദ്യന്മാരെല്ലാം ഒന്നുകിൽ ക്രിസ്ത്യാനികളോ അതല്ല യഹൂദികളോ അതുമല്ലെങ്കിൽ പേർഷ്യക്കാരോ ആയിരുന്നു അറബി, മുഖ്യമായ വൈദ്യശാസ്ത്ര ഭാഷയായതിൽ പിന്നെ മുസ്ലിംകൾ ഈ വിഷയത്തിന്റെ നാനാവിധങ്ങളായ വിജ്ഞാന ശാഖകളുടെ അഗാത തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും അതെല്ലാം അനുദിന ജീവിതത്തിന്റെ ഭാഗമായി മാറ്റുകയും ചെയ്തു. ക്രമേണ അവർ ഈ വിഷയത്തിൽ മുഴുകുകയായിരുന്നു.

ആദ്യകാലത്ത് ഇസ്ലാമിക പണ്ഡിതന്മാരുടെ ലക്ഷ്യം തലസ്ഥാനമായ ബാഗ്ദാദ് ആയിരുന്നു. അവിടെയായിരുന്നു ഖലീഫ ഹാറൂൺ അൽ റശീദിന്റെ (813 – 833) ആസ്ഥാനം. അദ്ദേഹം ജ്ഞാന ഭവനം (ബൈത്തുൽ ഹിക്മ) എന്ന പ്രശസ്തമായ ഇസ്ലാമിക പഠന കേന്ദ്രം സ്ഥാപിക്കുകയുണ്ടായി. അവിടെ ലൈബ്രറിയും തർജമ കാര്യാലയവും വിദ്യാലയവും ഉണ്ടായിരുന്നു. ബൈത്തുൽ ഹിക്മയുടെ സ്ഥാപനത്തിൽ 75 വർഷത്തിന് ശേഷം ഗ്രീക്കിലെ ഏറ്റവും പ്രഗല്ഭമായ രചനകളെല്ലാം അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഈ തർജ്ജമകളിൽ അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്ര പുസ്തകങ്ങളും പ്ലേറ്റോയുടെ പ്രമുഖമായ പുസ്തകവും യുക്ലിഡ്, ടോളമി, ആർക്കമിഡീസ്, ഹിപ്പോക്രാറ്റ്, ഡിയോസ്, കോറിഡ്സ്, ഗാലൻ അത്പോലെ പ്രധാനപ്പെട്ട ഇന്ത്യൻ പേർഷ്യൻ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും ഉൾപ്പെട്ടിരുന്നു.

ഹിപ്പോക്രാറ്റ് അറബിയിൽ ബുക്റാത്ത് എന്നാണ് അറിയപ്പെടുന്നത്. ആദ്യകാലങ്ങളിൽ, തന്നെ അറബികളിൽ വൈദ്യശാസ്ത്രത്തിന്റെ പിതാവായി അദ്ദേഹം അറിയപ്പെട്ടിരുന്നു. തർജമാ പ്രസ്ഥാനം ആരംഭിച്ചതിൽ പിന്നെ ഹിപ്പോക്രാറ്റിന്റെ നിരവധി രചനകൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി. ഗാലന്റെ മിക്കവാറും എല്ലാ പുസ്തകങ്ങളും ഗ്രീക്കിൽ നശിച്ചുപോയെങ്കിലും അറബി ഭാഷയിലാണ് പിന്നീട് അത് നിലനിന്നത്. അറബികൾ അദ്ദേഹത്തിന്റെ തത്വശാസ്ത്ര ഗ്രന്ഥത്തെക്കാൾ കൂടുതൽ അറിഞ്ഞത് അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര സംഭാവനകളായിരുന്നു.

ബൈത്തുൽ ഹിക്മയിലെ ഏറ്റവും പ്രഗല്ഭനായ പണ്ഡിതൻ ഹുനൈനുബ്നി ഹിശാബ് ആയിരുന്നു. ഹുനൈൻ വൈദ്യം പഠിച്ചത് ബാഗ്ദാദിൽ വെച്ചാണ്. അവിടെ പേർഷ്യയിലെ ജുണ്ടിസ് പൂരിലെ പ്രശസ്തമായ വൈദ്യശാസ്ത്ര പഠന കേന്ദ്രത്തിൽ വെച്ച് വിദ്യയഭ്യസിച്ച ഒരു ഭിഷഗ്വരനായിരുന്നു അദ്ദേഹത്തെ പരിശീലിപ്പിച്ചത്. പേർഷ്യൻ വൈദ്യശാസ്ത്രത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയുണ്ടായി. ഖലീഫയുടെ നേതൃത്വത്തിൽ ബൈത്തുൽ ഹിക്മയുടെ ചുമതല ഹുനൈൻ ഏറ്റെടുത്തതിന്ന് ശേഷം എല്ലാ തർജ്ജമകളും അതിസൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി. ഹുനൈൻ സ്വയം തന്നെ ധാരാളം വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്.

അതിൽ കണ്ണ് രോഗത്തെ പറ്റിയുള്ള വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളുമുണ്ടായിരുന്നു. ഹുനൈനും അദ്ദേഹത്തിന്റെ സഹപ്രവർത്തകനും വിവർത്തനം ചെയ്തതും സമാഹരിച്ചതുമായ വിജ്ഞാന ഗ്രന്ഥങ്ങൾ ആധുനിക ശാത്രത്തിന്ന് അടിത്തറ പാകുകയുണ്ടായി. പ്രത്യേകിച്ച് വൈദ്യശാസ്ത്ര വിജ്ഞാനത്തിന്ന്. പിന്നീട് ഈ അറബി രചനകളെല്ലാം ലാറ്റിൻ ഭാഷയിലേക്ക് മൊഴി മാറ്റം ചെയ്യപ്പെട്ടു. സ്പെയിനും സിസിലിയും വഴിയാണ് ഈ വിജ്ഞാനീയങ്ങളെല്ലാം പാശ്ചാത്യരിലേക്ക് എത്തിയത്.

പ്രപഞ്ചത്തിൽ പ്രത്യക്ഷത്തിൽ നാം കാണുന്ന ഈ വ്യവസ്ഥിതിക്ക് പിന്നിൽ ഒരു ക്രമവ്യവസ്ഥയുണ്ടെന്ന ഗ്രീക്ക് വിശ്വാസമായിരുന്നു ഇസ്ലാമിക ശാസ്ത്ര ത്തിന്റെ അടിസ്ഥാനം. ഈ ക്രമവ്യവസ്ഥയെ നിയമങ്ങളാണ് ഭരിക്കുന്നത്. അത് മനുഷ്യ യുക്തിക്ക് മനസ്സിലാക്കാൻ സാധിക്കുന്നതുമാണ്. ഈ നിയമങ്ങൾ ഒരിക്കൽ ഗ്രഹിച്ചു കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട മറ്റെല്ലാ പ്രതിഭാസങ്ങളെ പറ്റിയും നമുക്ക് മനസ്സിലാക്കാൻ സാധ്യമാണ്. പ്രപഞ്ചത്തിന്റെ ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ പണ്ഡിതന്മാർ വിവിധ ജ്ഞാന മാർഗ്ഗങ്ങളിലൂടെ അന്വേഷനം നടത്തുകയുണ്ടായി,. അക്കാലത്തെ ശാസ്ത്ര-തത്ത്വശാസ്ത്രജ്ഞന്മാർ (Scientist-philosopher) വെറുമൊരു സങ്കുചിതമനസ്ക്കരായ വിദഗ്ദരായിരുന്നില്ല. വൈദ്യശാസ്ത്രം, രസതന്ത്രം, ജ്യോതിശാസ്ത്രം, ഗണിതം അതി ഭൗതികം എന്നീ വിഷയങ്ങളിൽ മാത്രമായിരുന്നില്ല അയാൾ വൈദഗ്ദ്യം നേടിയിരുന്നത്. സംഗീതത്തിലും കവിതയിലും അവരിൽ പലരും പ്രാഗല്ഭ്യം നേടി.

## അറബി വൈദ്യത്തിന്റെ തുടക്കം

മരുസ്ഥലവാസികളായിരുന്ന അറബികൾ എട്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ക്രമേണ കൂടുതൽ നവീകൃതമായ ഒരു വൈദ്യശാസ്ത്ര വിജ്ഞാനത്തിൽ ക്രമേണ പുരോഗമിക്കുകയുണ്ടായി. പേർഷ്യയിലെ ജുണ്ടിസ്പൂരിലെ വൈദ്യശാസ്ത്ര വിജ്ഞാന കേന്ദ്രത്തിൽ നിന്നായിരുന്നു അറബി വൈദ്യശാസ്ത്രത്തിന്ന് ഏറ്റവും വലിയ ഉത്തേജനം ലഭിച്ചത്. അവിടെ യുക്തിയിലധിഷ്ഠിതമായ ഗ്രീക്ക് പരിശോധനാ സമ്പ്രദായമായിരുന്നു പ്രാഥമികമായും അവർ പഠിച്ചിരുന്നത്. ജുണ്ടിസ്പൂരു മായുള്ള ഇസ്ലാമിന്റെ ബന്ധം ആരംഭിക്കുന്നത് എ.ഡി 765 ലാണ്. ഒരു സാർവ്വലൗകിക വിജ്ഞാനാന്വേഷണ ഫലമായിട്ടൊന്നുമായിരുന്നില്ല ഈ ബന്ധം നിലനിന്നിരുന്നത്. അതൊരു പെട്ടെന്നുണ്ടായ ആകസ്മികത ആയിരുന്നു. ബാഗ്ദാദിലെ ഭരണ സ്ഥാപകന് വിട്ടുമാറാത്ത ഒരു ദഹനക്കേടുണ്ടായിരുന്നു. ജുണ്ടിസ്പൂരിലെ മുഖ്യ ഭിഷഗ്വരനും ക്രിസ്ത്യാനിയുമായിരുന്ന ജുർജിസിനെ ബാഗ്ദാദിലെ ഖലീഫ ചികിത്സിക്കാൻ ക്ഷണിക്കുകയും. പിന്നീട് അദ്ദേഹത്തെ കൊട്ടരം വൈദ്യനായി നിയമിക്കുകയും ചെയ്തു.

ജുർജിസിനെപ്പോലെ ഇസ്ലാമിലെ ആദ്യകാല വൈദ്യവിജ്ഞാനികളെല്ലാം പേർഷ്യൻ ജാതരായിരുന്നു. പക്ഷേ അവരെല്ലാം സംസാരിച്ചതും എഴുതിയതും അറബിയിലുമായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ അറബിയായിരുന്നു വിജ്ഞാന വിനിമയ ഭാഷ. പൗരസ്ത്യ വൈദ്യവിജ്ഞാന മണ്ഡലത്തിലെ ഏറ്റവും പ്രഗല്ഭനായ വൈദ്യശാസ്ത്ര വിജ്ഞാനിയായിരുന്നു അൽ റാസി (എ.ഡി 865-925) ആ കാലഘട്ടത്തിലെ ഏറ്റവും മഹാനായ വൈദ്യവിജ്ഞാനിയായിരുന്നു അദ്ദേഹം. രോഗ നിർണ്ണയ രീതിയിൽ മൗലികതയിയിൽ ഹിപ്പോക്രാറ്റിനോടായിരുന്നു അൽ റാസി താരതമ്യം ചെയ്യപ്പെട്ടിരുന്നത്. റാസി (ലാറ്റിനിൽ Rhaze ) വൈദ്യം, രസതന്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം മുതലായ വിവിധ വിഷയങ്ങളിൽ അറുനൂറിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ പകുതിയിലധികം പുസ്തകങ്ങൾ വൈദ്യശാസ്ത്രത്തെ കുറിച്ചാണ്. വൈദ്യശാസ്ത്രത്തെ കുറിച്ച് ഗവേഷണാത്മകമായി എഴുതിയ ഒരു പഠന ഗ്രന്ഥവും അതിൽപ്പെടും. മനുഷ്യനെ ബാധിക്കുന്ന പലവിധ പനികളിൽ നിന്നും വസൂരിയുണ്ടാക്കുന്ന പനി ആദ്യമായി തിരിച്ചറിഞ്ഞ ഭിഷഗ്വരനാണ് ഇമാം റാസി. വസൂരിയുടെ പരിശോധനയും ലക്ഷണവും വിവരിച്ചുകൊണ്ട് അദ്ദേഹം ചികിത്സകരെ ശരിക്കും രോഗ നിർണ്ണയത്തിന് പ്രാപ്തരാക്കുകയും രോഗത്തിന്റെ ഗതി നിർണ്ണയിക്കാൻ പഠിപ്പിക്കുകയും രോഗത്തിന് ഒരു മൃദു വായ ചികിത്സ ശുപാർശ ചെയ്യുകയും ചെയ്യുന്നു. ഇക്കാലത്തും ചെയ്യുന്ന പോലെ നല്ല പരിചരണവും, വിശ്രമവും, ശുചിത്വവും അതുപോലെ രോഗിക്ക് മനസ്സമാധാനവും നൽകണമെന്നാണ് അദ്ദേഹം ശുപാർശ ചെയ്യുന്നത്. ഇമാം റാസിക്ക് 17-ാം നൂറ്റാണ്ടിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ബാക്ടീരിയയെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. എങ്കിലും മദ്ധ്യകാല നിലവാരത്തെ അപേക്ഷിച്ച് ശുചിത്വത്തെ സംബന്ധിച്ചും സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്തെ പറ്റിയും അദ്ദേഹത്തിന്ന് സഹജാവബോധം ഉണ്ടായിരുന്നു. ഒരിക്കൽ ബാഗ്ദാദിൽ ഒരു ആശുപത്രി പണിയാൻ അദ്ദേഹത്തിന് നിർദ്ദേശം ലഭിച്ചു. നിർമാണ പ്രവർത്തികൾ തുടങ്ങുന്നതിന് മുമ്പായി ബാഗ്ദാദ് നഗരത്തിന്റെ പലയിടങ്ങളിലായി മാംസക്കഷണങ്ങൾ തൂക്കിയിടാൻ അദ്ദേഹം ഏർപ്പാട് ചെയ്തു. ഏറ്റവും കുറഞ്ഞ തോതിൽ ജീർണ്ണനം സംഭവിച്ച മാംസം തൂക്കിയിട്ട സ്ഥലത്ത് ആശുപത്രി പണിയാനാണ് അദ്ദേഹം തീരുമാനിച്ചത്.

## ഇസ്ലാമിക വൈദ്യം ഉന്നതിയിലേക്ക്

പത്തും പതിനൊന്നും നൂറ്റാണ്ടുകൾ ഉന്നതരായ വൈദ്യവിജ്ഞാനികൾ രംഗപ്രവേശം ചെയ്ത കാലഘട്ടമായിരുന്നു. പൗരസ്ത്യദേശത്ത് അൽ മജൂസിയായിരുന്നു ആന്തര വൈദ്യത്തിൽ ഏറ്റവും പേരുകേട്ട

വൈദ്യൻ. അന്തലൂസ് (സ്പെയിൻ) അതിന്റെ ഏറ്റവും പ്രശസ്തനായ ഭിഷഗ്വരൻ അൽ ഫറാവിയെ സംഭാവന ചെയ്തതും ഈ കാലഘട്ടത്തിലായിരുന്നു. മുസ്‌ലിം സർജൻമാരിൽവെച്ച് ഏറ്റവും പ്രഗല്ഭൻ അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ കിതാബ് അൽതാരിഫ് വൈദ്യവിജ്ഞാനത്തിന്റെ ഒരു സർവ്വവിജ്ഞാന കോശമായിരുന്നു. നൂറ്റാണ്ടുകളോളം ശസ്ത്രക്രിയ വിദഗ്ധർക്ക് അതൊരു സഹായഗ്രന്ഥമായി നിലനിന്നു. നേത്രരോഗ ചികിത്സയിൽ വളരെയേറെ പുരോഗതിയുണ്ടായ ഈ കാലഘട്ടത്തിലാണ് അലി ഇബ്നു ഈസ ശസ്ത്രക്രിയ വേളയിൽ അനസ്തീഷ്യ നൽകുന്ന പതിവ് ആദ്യമായി ആരംഭിച്ചത്.

ഇസ്‌ലാമിന്റെ എക്കാലത്തേയും ഏറ്റവും വലിയ ഭിഷഗ്വര പ്രതിഭ അബൂ അലി ഇബ്നുസീനയായിരുന്നു. ‘വൈദ്യവിജ്ഞാനികളുടെ രാജകുമാരനായ’അദ്ദേഹത്തെ പാശ്ചാത്യ പണ്ഡിതലോകം അവിസെന്ന എന്നായിരുന്നു വിളിച്ചത്. ഇബ്നുസീനയെ അറിയുന്ന പൗരസ്ത്യലോകം ‘ഇസ്‌ലാമിക വൈദ്യം’ എന്നാണ് അദ്ദേഹത്തിന്റെ വൈദ്യശാസ്ത്രസംഭാവനകളെ വിശേഷിപ്പിച്ചത്. ബുക്കാറയിൽ ജനിച്ച അദ്ദേഹം സ്വയംതന്നെയാണ് വൈദ്യം പഠിച്ചത്. പതിനെട്ട് വയസ്സാകുമ്പോഴേക്കും അദ്ദേഹം തികഞ്ഞൊരു വൈദ്യനായിക്കഴിഞ്ഞിരുന്നു. എഡി 980 മുതൽ 1037വരെയായിരുന്നു ഇബ്നുസീനയുടെ ജീവിതകാലം. തത്ത്വശാസ്ത്രം, വൈദ്യം, ഗണിതം, ശരീരശാസ്ത്രം, കവിത, മതം മുതലായ വിഷയങ്ങളിൽ 170 പുസ്തകങ്ങളോളം അദ്ദേഹം എഴുതി. ഇബ്നുസീനയുടെ ഏറ്റവും പ്രശസ്തമായ പുസ്തകം അൽ ഖാനൂനു ഫിത്തിബ്ബ് (The Canon of medicine) രോഗത്തെയും സർവ്വചികിത്സയേയും കുറിച്ച് പ്രതിപാദിക്കുന്ന ഒരു എൻസൈക്ലോപീഡിയയാണ്. വൈദ്യശാസ്ത്ര ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഏകഗ്രന്ഥം ഇത് മാത്രമാണ്. ഈ വൈദ്യവിജ്ഞാനകോശം അഞ്ചു പുസ്തകങ്ങൾ അടങ്ങിയതാണ്.

1. വൈദ്യശാസ്ത്രത്തിലെ പൊതുതത്ത്വങ്ങൾ
2. ലളിതമായ മരുന്നുകൾ
3. ശരീരത്തിന്റെ ബാഹ്യവും ആന്തരവുമായ അവയവങ്ങളുടെ രോഗങ്ങൾ
4. ശരീരത്തെ പൊതുവെ ബാധിക്കുന്ന രോഗങ്ങൾ.
5. മിശ്രിത മരുന്നുകൾ (Compound drugs)

പന്ത്രണ്ട് മുതൽ പതിനേഴ് നൂറ്റാണ്ടുകൾ വരെ Canon of Medicine ആയിരുന്നു യൂറോപ്യൻ മെഡിക്കൽ യൂണിവേഴ്സിറ്റികളിലെ മുഖ്യമായ വൈദ്യശാസ്ത്രഗ്രന്ഥം. ക്ഷയരോഗം പകരുന്ന സ്വഭാവം ആദ്യമായി നിരീക്ഷിച്ചറിഞ്ഞത് ഇബ്നു സീനയായിരുന്നു. ചില ത്വക്ക് രോഗങ്ങൾ, മാനസിക വൈകല്യങ്ങൾ മുതലായവയെ സംബന്ധിച്ച് അദ്ദേഹം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഗ്രീക്ക് പാരമ്പര്യം പാശ്ചാത്യൻ നാടുകളിലെത്താൻ നിമിത്തമായിത്തീർന്ന ഉജ്ജ്വല പ്രതിഭാശാലിയാണ് ഇബ്നുസീനയെന്ന് പാശ്ചാത്യൻ പണ്ഡിതന്മാർ കരുതുന്നു.

ഇബ്നുസീനക്ക് ശേഷം ഇസ്‌ലാമിക മെഡിക്കൽ സയൻസ് അതിന്റെ അടിസ്ഥാനപരമായ ഏകതാനത നില നിർത്തിക്കൊണ്ട് പ്രാദേശികമായാണ് പിന്നീട് വികസിച്ചത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറാക്ക്, സിറിയ മുതലായ രാജ്യങ്ങളും അയൽ പ്രദേശങ്ങളും കൈറോ, ഡമാസ്കസ് മുതലായ വൻനഗരങ്ങളും ഭിഷഗ്വരന്മാരുടെ ആകർഷണകേന്ദ്രങ്ങളായി മാറി. അവിടങ്ങളിലെല്ലാം വലിയ ആതുരാലയങ്ങൾ പണിതുയർത്തപ്പെടുകയുണ്ടായി. രണ്ടാം ഇബ്നുസീന എന്നറിയപ്പെട്ടിരുന്ന ഇബ്നു ഹാഫിസ് കൈറോയിലും ഡമാസ്കസിലും ഒരേ സമയമാണ് പ്രവർത്തിച്ചത്. ഇബ്നു ഹാഫിസ് ഇസ്‌ലാമികലോകത്ത് മാത്രമല്ല, ഇന്ത്യ, പേർഷ്യ മുതലായ രാജ്യങ്ങളിലും അറിയപ്പെട്ടിരുന്നു. 1280 എ.ഡി.യിലായിരുന്നു അദ്ദേഹത്തിന്റെ മരണം.

കൊളംബോക്കും സെർവീറ്റസിന്നും നൂറ്റാണ്ടുകൾക്ക് മുമ്പേ രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് ഇബ്നുഹാഫിസ് വളരെ കൃത്യമായി വിശദീകരിച്ചിരുന്നു എന്ന വസ്തുത, 1924 ൽ ഈജിപ്ഷ്യൻ ഡോക്ടർ മുഹ്‌യുദ്ദീനുൽ തന്താവി വെളിപ്പെടുത്തിയതിന് ശേഷമാണ് ലോകം അറിയുന്നത്. വൈദ്യശാസ്ത്ര ചരിത്രത്തിൽ ഇത് സുപ്രധാനമായൊരു കണ്ടുപിടുത്തമായിരുന്നു. ലഘുരക്തചംക്രമണം കണ്ടെത്തിയ വില്യം ഹാർവിയേക്കാളും എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പേ ഇബ്നുഹാഫിസ് ഈ കണ്ടുപിടുത്തങ്ങൾ നടത്തിയിരുന്നു.

സ്പെയിനിൽ 11, 12 നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ച ഇബ്നുഫുഹർ ഭക്ഷണത്തേയും ചികിത്സയേയും പറ്റി പഠിക്കാൻ സഹായിക്കുന്ന പുസ്തകം രചിച്ചിരുന്നു. (ഠവല യീീസ ളമരശഹശമേശേഴ വേല ൌറ്യ ീള ഠവല്യമുവ്യ മിറ ഉശലം) സ്പെയിനിലെ വൈദ്യശാസ്ത്ര രംഗത്ത് ഏറ്റവും ചലനങ്ങൾ സൃഷ്ടിച്ച പുസ്തകമായിരുന്നു ഇത്. ഒരു സ്പാനിഷ് വൈദ്യനായിരുന്നു ഇബ്നുറുഷ്ദ് (ലാറ്റിൻ-അവറോസ്) വൈദ്യശാസ്ത്രം, തത്ത്വശാസ്ത്രം, നിയമം, ജ്യോതിശ്ശാസ്ത്രം എന്നീ വിഷയങ്ങളെപ്പറ്റി ഗ്രന്ഥങ്ങൾ രചിച്ചു. ഇബ്നു റുഷ്ദിന്റെ ബഹുമുഖ പ്രതിഭയ്ക്ക് ഉദാഹരണം അദ്ദേഹം ഒരേ സമയം സ്പെയിനിലെ മുഖ്യ ഭിഷഗ്വരനും സെവില്ലിയിലേയും കോർഡോവയിലേയും ന്യായാധിപനുമായിരുന്നു എന്നതാണ്. ഇബ്നു റുഷ്ദ് അരിസ്റ്റോട്ടലിന്റെ ഏറ്റവും ആധികാരികമായ വ്യാഖ്യാതാവായാണ് അറിയപ്പെടുന്നത്. ഇസ്‌ലാമിക സ്പെയിനിൽ തന്നെ 12-ാം നൂറ്റാണ്ടിൽ ജീവിച്ച മറ്റൊരു ജൂത ഭിഷഗ്വരനായിരുന്നു ഇബ്നു മൈമൂൻ. അദ്ദേഹം സിറിയയിലേയും ഈജിപ്തിലേയും സുൽത്താന്റെ കൊട്ടാരവൈദ്യനായിരുന്നു. ഹിപ്പോക്രാറ്റിന്റേയും ഗാലന്റേയും വൈദ്യശാസ്ത്രരചന

കൾക്ക് അദ്ദേഹം വ്യാഖ്യാനങ്ങളെഴുതി. ഇതുകൂടാതെ തന്റെ സ്വന്തം നിരീക്ഷണങ്ങളും അദ്ദേഹം ഗ്രന്ഥരൂപത്തിൽ എഴുതുകയുണ്ടായി. വ്യക്തിപരമായ ശുചിത്വത്തെയും ഭക്ഷണക്രമത്തെയും പറ്റിയായിരുന്നു ആ രചനകൾ. ഈ വിഖ്യാതരായ പ്രതിഭാധനന്മാർക്ക് ശേഷം സ്പെയിനിലെ വൈദ്യശാസ്ത്ര രംഗം ക്രമേണ ശിഥിലമായി. മൊറോക്കോയിൽ മാത്രമാണ് പിന്നീട് അത് അതിജീവിച്ചത്. അത് ഇന്നും അവിടെ നിലനിൽക്കുന്നു.

പേർഷ്യയിലും ഇന്ത്യയിലും ഇബ്നുസീനയുടെ വൈദ്യശാസ്ത്രരചനകളായിരുന്നു പ്രാബല്യം നേടിയിരുന്നത്. 12-ാം നൂറ്റാണ്ടിൽ വളരെവിശദമായ ഒരു മെഡിക്കൽ എൻസൈക്ലോപീഡിയ പ്രത്യക്ഷപ്പെടുകയുണ്ടായി. ഇബ്നുസീനയുടെ അൽഖാനൂനുഫിബ്ബിനെ അനുകരിച്ചുകൊണ്ട് അൽ ജുർജാനി എഴുതിയതായിരുന്നു ആ ഗ്രന്ഥം. പിൽക്കാലത്ത് ഇബ്നുസീനയുടെ വൈദ്യശാസ്ത്ര ചിന്തകളും പാഠങ്ങളും നൂറ്റാണ്ടുകളോളം ഈ പ്രദേശങ്ങളിൽ തുടരാൻ കാരണം അദ്ദേഹത്തിന്റെ രചനകളായിരുന്നു.

മംഗോളിയരുടെ ആക്രമണത്തിന്ശേഷം ചൈനയും ഇസ്ലാമുമായി വമ്പിച്ച തോതിൽ സാംസ്കാരികവും വൈജ്ഞാനികവുമായ കൈമാറ്റങ്ങൾ നടക്കുകയുണ്ടായി. നാർദിഷായുടെ കാലമാവുമ്പോഴേക്കും ആധുനിക യൂറോപ്യൻ വൈദ്യശാസ്ത്രം പേർഷ്യയിൽ പരിചയപ്പെടുകയും പ്രചാരപ്പെടുകയും ചെയ്തു. ടെഹ്റാനിൽ ഖാജാറുകളുടെ കാലത്ത് ദാറുൽ ഫനൂൻ എന്ന പുതിയ സർവ്വകലാശാല സ്ഥാപിച്ചതോടെ ഈ പ്രക്രിയ ശക്തിപ്പെട്ടു. അവിടെ ആധുനിക വൈദ്യശാസ്ത്രം അഭ്യസിപ്പിക്കപ്പെടുകയുണ്ടായി. പേർഷ്യയിലെ മറ്റിടങ്ങളിലും ഈജിപ്ത്, തുർക്കി, പടിഞ്ഞാറൻ ഭാഗത്തെ മറ്റു മുസ്ലിം രാജ്യങ്ങൾ എന്നിവിടങ്ങളിൽ പാരമ്പര്യ ഇസ്ലാമിക വൈദ്യശാസ്ത്രം ദുർബ്ബലമായ രീതിയിൽ തുടരുകയും ചെയ്തു.

ഇന്ത്യയിലെ ഇസ്ലാമിക വൈദ്യത്തിന്റെ ചരിത്രം പേർഷ്യയുടേതിൽ നിന്നും വേർപ്പെടുത്താൻ സാധ്യമല്ലായിരുന്നു. 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ പേർഷ്യൻ ഭിഷഗ്വരന്മാർ വമ്പിച്ച തോതിൽ ഇന്ത്യയിലേക്ക് ഒഴുകുകയുണ്ടായി. വൈദ്യശാസ്ത്ര രംഗത്തെ ശാസ്ത്രഭാഷ അന്ന് പേർഷ്യനായിരുന്നു. 18-ാം നൂറ്റാണ്ടിനുശേഷമാണ് ഹിന്ദു മുസ്ലിം വൈദ്യന്മാർ ചേർന്ന് ഇസ്ലാമികവൈദ്യം പരിപോഷിപ്പിച്ചത്. ഇന്ത്യയിലും പാക്കിസ്ഥാനിലും ബംഗ്ലാദേശിലും ഇസ്ലാമിക വൈദ്യം ഇന്നും സജീവമാണ്.

ഓട്ടോമൻ സാമ്രാജ്യത്തിന്റെ തുർക്കിഭാഗങ്ങളിൽ 15-ാം നൂറ്റാണ്ടുവരെ പേർഷ്യയുമായുള്ള ബന്ധം അവിഭാജ്യമായിരുന്നു. 17-ാം നൂറ്റാണ്ടു മുതലാണ് തുർക്കിയിൽ യൂറോപ്യൻ വൈദ്യശാസ്ത്രത്തിന്റെ സ്വാധീനമുണ്ടായത്. 19-ാം നൂറ്റാണ്ടോടുകൂടി ഇസ്ലാമിക ലോകത്ത് പാരമ്പര്യ ഇസ്ലാമിക വൈദ്യശാസ്ത്രത്തിനു പകരം യൂറോപ്യൻ വൈദ്യം വന്നു.

## ഇസ്ലാമും ഇസ്ലാമിക വൈദ്യവും

ഇസ്ലാമിക വൈദ്യത്തിന്റെ തത്ത്വങ്ങൾ ഇസ്ലാമിക അദ്ധ്യാപനങ്ങളുമായി അഗാധമായി ബന്ധപ്പെട്ടു നിൽക്കുന്നു. മറ്റു ചില പുരാതനമായ വൈദ്യശാസ്ത്ര പാരമ്പര്യങ്ങളെ മുസ്ലിംകൾ സ്വാംശീകരിച്ചതിന്റെ ഫലമായിട്ടാണ് ഇസ്ലാമിക വൈദ്യം രൂപപ്പെട്ടത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗ്രീക്ക് വൈദ്യമായിരുന്നു.

പ്രകൃതി അല്ലാഹുവിന്റെ സൃഷ്ടിയാണ്. പ്രകൃതിയിൽ നിന്ന് ജ്ഞാനം ആരായുവാനും അതിൽനിന്ന് ഉത്തേജനം ഉൾക്കൊള്ളാനും ഇസ്ലാം അതിന്റെ അനുയായികളെ ഉദ്ബോധിപ്പിക്കുന്നു. ഒരു വ്യക്തിയുടെ ലക്ഷ്യവും മാർഗ്ഗവും മതപരമായി അനുവദനീയമുള്ളതായിരിക്കണം (ഹലാൽ). അതുകൊണ്ട് ഇസ്ലാമിക വൈദ്യം മുഴുവനും ഖുർആനിലെയും ഹദീസിലെയും വിധിവിലക്കുകളനുസരിച്ചുള്ളതാണ്. വ്യക്തിപരമായ ശുചിത്വം, ഭക്ഷണക്രമം, അംഗശുചീകരണം മുതലായ ശരീരത്തെ സംബന്ധിക്കുന്ന ദൈവിക നിയമങ്ങൾ വൈദ്യശാസ്ത്രവുമായി ബന്ധമുള്ളതാണ്. ആരോഗ്യത്തിനായുള്ള ഒരു പ്രായോഗിക സഹായി എന്ന നിലയിൽ വിശുദ്ധഖുർആൻ വ്യക്തമായ ചില നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഉദാഹരണത്തിന് കുളിയുടെ പ്രാധാന്യം ഖുർആൻ ഊന്നിപ്പറയുകയും പ്രാർത്ഥനക്ക് തയ്യാറാവാൻ വേണ്ടിയുള്ള ഒരുക്കങ്ങളിൽ കുളിയെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ഫലമായി ഇസ്ലാമിക വൈദ്യത്തിനും ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്കും തമ്മിൽ ഒരു ബന്ധം സംജാതമാകുന്നു. ഗ്രീക്ക്, സിറിയൻ, ഇന്ത്യൻ, പേർഷ്യൻ മുതലായ വൈദ്യശാസ്ത്ര സമ്പ്രദായങ്ങളിൽ നിന്നും ഉരുവം കൊണ്ടതാണ് ഇസ്ലാമിക വൈദ്യത്തിലെ തത്ത്വവും പ്രയോഗവും എന്ന് ചരിത്രകാരന്മാർ പറയുന്നു. ചരിത്രകാരന്മാർ എന്തുതന്നെ പറഞ്ഞാലും ഇസ്ലാമിക വൈദ്യം ഇസ്ലാം മതവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടതാണ്. തിരുനബി(സ)യുടെ രണ്ടോ മൂന്നോ അനുചരന്മാർ വിദേശശാസ്ത്രങ്ങളായ വൈദ്യം പഠിച്ചിട്ടുണ്ടെന്നും അതിന്റെ പ്രയോഗത്താൽ ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യം വീണ്ടെടുക്കപ്പെടുവെന്നും വരെ ചില പണ്ഡിതന്മാർ ആരോപിക്കുന്നുണ്ട്. ഇസ്ലാമിക ലോകത്ത് പാരമ്പര്യ ഇസ്ലാമിക വൈദ്യമായി അവശേഷിക്കുന്ന വൈദ്യശാസ്ത്രം മുസ്ലിംകളുടെ മതവുമായി ബന്ധപ്പെട്ടതാണ്.

## ഇസ്ലാമിക വൈദ്യത്തിന്റെ പ്രയോഗം

ഇസ്ലാമിക സംസ്കാരം അതിന് അനുയോജ്യ മായ രീതിയിൽ വൈദ്യശാസ്ത്രത്തിന്റെ പരിശീലനത്തിനും പഠനത്തിനും ചില സ്ഥാപനങ്ങളും നിയമങ്ങളും നിർമ്മിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ക്രിസ്തുമതത്തിന്റെയും ജൂതമതത്തിന്റെയും പശ്ചാത്തല

മുള്ള ഭിഷഗ്വരന്മാരെല്ലാം ഇസ്‌ലാമി കവത്കരിക്കപ്പെട്ടു. അവരുടെ വ്യക്തിത്വം ഇസ്‌ലാമികമായ 'ഹകീം' എന്ന പേരിലായിരുന്നു തിരിച്ചറിയപ്പെട്ടത്. ഹകീം എന്നാൽ ഭിഷഗ്വരനും തത്ത്വജ്ഞാനിയും അതുപോലെ എല്ലാ പാരമ്പര്യശാസ്ത്രത്തിലും പാരംഗതനുമായി രിക്കും.

ശസ്ത്രക്രിയ, ഔഷധ ശാസ്ത്രം മുതലായ വിഷയങ്ങൾ ആശുപത്രികളിൽ വെച്ചാണ് പഠിപ്പിക്കപ്പെട്ടിരുന്നത്. അതായത് ആ സ്ഥാപനം ഒരു മെഡിക്കൽ പഠന കേന്ദ്രമായിരുന്നു. ഇസ്‌ലാമിക വൈദ്യത്തിന്റെ പഠനവും പ്രയോഗവും ആശുപത്രി എന്ന സ്ഥാപന വുമായി ബന്ധപ്പെട്ടതാണ്. ആശുപത്രികളിൽ പടുകൂറ്റൻ ഗ്രന്ഥാലയങ്ങളും ലക്ചർ ഹാളുകളും മെഡിക്കൽ വിദ്യാർത്ഥികൾക്ക് വേണ്ട മറ്റു സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. ഈ കാലഘട്ടത്തിലായിരുന്നു ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിക് മെഡിസിൻ പരിശീലിപ്പിക്കപ്പെടുന്ന അനേകം വമ്പിച്ച ആതുരാലയങ്ങളും ഡിസ്പെൻസറികളും നിലവിൽ വന്നത്. ഉദാഹരണത്തിന് ഹൈദരാബാദിലെ ഉസ്മാനിയാ ഹോസ്പിറ്റൽ, ഡൽഹിയിലെയും കറാച്ചിയിലേയും ഹംദർദ് യൂണിവേഴ്സിറ്റി മുതലായവ ഇസ്‌ലാമിക് മെഡിസിൻ ആശുപത്രികളുമായും കെമിസ്ട്രിയുമായും ബന്ധപ്പെട്ടുനിൽക്കുന്നു. പാരമ്പര്യ വൈദ്യന് പലവിധത്തിലുള്ള മരുന്നുകളെക്കുറിച്ചും അറിവുണ്ടായിരുന്നു, പ്രത്യേകിച്ചും ഔഷധികളെക്കുറിച്ച്.

മറ്റൊരു പ്രത്യേകത ഇസ്‌ലാമിക വൈദ്യവുമായി ബന്ധപ്പെട്ട് മുസ്‌ലിം ലോകത്ത് കാണപ്പെടുന്ന പാരമ്പര്യ സ്നാന സ്ഥലങ്ങളാണ് (ഹമാം). മുസ്‌ലിം വൈദ്യന്മാർ എല്ലാവിധ ചികിത്സക്കും പാരമ്പര്യ കുളി (Traditional bath) നിശ്ചയിച്ചിരുന്നു. തലവേദന മാറിക്കിട്ടാനും ഈ കുളിചികിത്സ നിർദ്ദേശിച്ചിരുന്നു. ഈ കുളി വൈദ്യവിധിയും മതപരമായ ശുചിത്വതത്ത്വങ്ങളും ഒരുപോലെ നിറവേറ്റിയിരുന്നു.

## ഇസ്‌ലാമിക വൈദ്യശാസ്ത്രതത്ത്വങ്ങൾ

ഇസ്‌ലാമിലെ വൈദ്യശാസ്ത്ര തത്ത്വങ്ങൾ ഇസ്‌ലാമികമായ പ്രപഞ്ചവിജ്ഞാനീയം, അതിഭൗതികശാസ്ത്രം, തത്ത്വശാസ്ത്രം മുതലായവയുമായി ബന്ധപ്പെട്ടതാണ്. മനുഷ്യശരീരത്തെ ആത്മാവിന്റെ ബഹിർഭാഗവും അവിഭാജ്യവുമായ ഭാഗമായിട്ടാണ് മുസ്‌ലിം വൈദ്യവിജ്ഞാനികൾ കാണുന്നത്. അതായത് ആത്മാവും ശരീരവും പരസ്പരം വേർപെടുത്താനാവാത്തതാണ്. മനുഷ്യശരീരത്തിൽ പ്രപഞ്ചശക്തികളുടെ സ്വാധീനവും പ്രതിപ്രവർത്തനങ്ങളും കണക്കിലെടുക്കുകയും അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഇസ്‌ലാമിക വൈദ്യന്മാർ നിലവിലുള്ള എല്ലാ ജീവജാലങ്ങളോടും സഹാനുഭൂതി കാണിക്കുന്നവനും അവ തമ്മിലുള്ള പരസ്പര ബന്ധത്തെപ്പറ്റി ബോധവാനുമാണ്. അതുകൊണ്ട് മനുഷ്യൻ ആന്തരികമായി അവന്റെ ആത്മാവിലും ശരീരത്തിലും ബാഹ്യമായി പ്രപഞ്ച വ്യവസ്ഥയോടും ബന്ധപ്പെട്ടവനായിരിക്കണമെന്ന് അവർ കരുതി.

മുസ്‌ലിംകൾ ആദിപാപസിദ്ധാന്തം നിരാകരിക്കുന്നു. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു എന്ന ഇസ്‌ലാമിക തത്ത്വം രോഗങ്ങളും ബുദ്ധിമുട്ടുകളും ആദിപാപത്തിന്റെ ഫലമാണെന്ന സങ്കല്പത്തിന് വിരുദ്ധമാണ്. മനുഷ്യന്റെ ആത്മാവ് അവന്റെ സ്ഥൂല ശരീരവുമായി ബന്ധപ്പെട്ടതാണെന്നാണ് മുസ്‌ലിം വൈദ്യശാസ്ത്രത്തിന്റെ കാഴ്ചപാട്. ജീവശക്തിയാവട്ടെ അതിന്നതീതമായ ഒരു ലോകത്ത് നിന്നു വരുന്നതുമാണ്. ഒരു രോഗിയുടെ ആരോഗ്യസ്ഥിതിക്ക് ഏഴു ഘടകങ്ങൾ ആവശ്യമാണെന്ന് അവർ കരുതി. വായു, ഭക്ഷണം, ശരീരത്തിന്റെ വിശ്രമം, ചലനം, ഉറക്കം, വൈകാരിക വിരാമം, വിസർജ്ജനം എന്നിവയാണവ.

മനുഷ്യശരീരത്തിന്റേതടക്കം എല്ലാ ജീവികളുടെയും ശരീരപ്രവർത്തനങ്ങൾ രക്തം, കഫം, മഞ്ഞപിത്തരസം, കറുത്തപിത്തരസം എന്നീ നാല് രസങ്ങളെ (Humours) അടിസ്ഥാനമാക്കിയാണ്. ഇസ്‌ലാമിക പാരമ്പര്യ വൈദ്യൻ ആന്തരാവയവങ്ങളെ മാത്രം പരിശോധിച്ചിട്ടല്ല ചികിത്സ നിശ്ചയിക്കുന്നത്. ബാഹ്യമായ വസ്തുതകളെപ്പറ്റി പഠിച്ച് പ്രസ്തുത രസങ്ങളുടെ സന്തുലനം തകരാറിലാക്കിയ കാരണങ്ങൾ കൂടി കണ്ടെത്തുമായിരുന്നു. ഈ കാരണങ്ങൾ തെറ്റായ ഭക്ഷണം കഴിക്കുന്നത് മുതൽ വൈകാരിക ക്ഷോഭം വരെ ആകാം. ഒരു മുസ്‌ലിം വൈദ്യനെ സംബന്ധിച്ചിടത്തോളം ആരോഗ്യം എന്നത് എന്ത് ഭക്ഷിക്കണം, എന്ത് കുടിക്കണം എന്നീ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള വ്യക്തിയുടെ ആഭ്യന്തര സ്ഥിതിയും പരിസ്ഥിതിയുമായുള്ള രമ്യമനോഹരമായ സന്തുലനമാണ്. ഭക്ഷണക്രമം, ചികിത്സ, വ്യായാമം, മറ്റു മുറകൾഎന്നിവയിലൂടെ ഈ ശരീര സന്തുലനം വീണ്ടെടുക്കാൻ സാധിക്കും. അത് തന്നെയാണ് ആരോഗ്യത്തിന്റെ പര്യായം.

ഇസ്‌ലാമിക വൈദ്യത്തിന്റെ ശാഖകൾ, അനാട്ടമി, ശരീരക്രിയാവിജ്ഞാനം (Physiology) ആന്തരീയ മരുന്നുകൾ, ശസ്ത്രക്രിയ, കണ്ണ് രോഗം, ശുചിത്വപാലനം, പൊതുജനാരോഗ്യം മുതലായവയാണ്. ശുചിത്വപാലനവും പൊതുജനാരോഗ്യവും ഇസ്‌ലാമിക വൈദ്യത്തിൽ ഏറ്റവും പ്രാധാന്യമേറിയതായി കരുതുന്നു. കാരണം, ഇസ്‌ലാമിക വൈദ്യം രോഗചികിത്സയേക്കാൾ രോഗം തടയുന്നതിനാണ് പ്രാധാന്യം നൽകുന്നത്.

വ്യക്തിപരമായ ശുചിത്വത്തിനും പൊതു ശുചിത്വത്തിനും ഊന്നൽ നൽകാൻ കാരണം ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ പ്രത്യക്ഷ ഫലമാണ്. ഒരു മുസ്‌ലിമിന് സമയംതോറും പ്രാർത്ഥിക്കണമെങ്കിൽ അനുഷ്ഠാനപരമായി അംഗശുദ്ധി വരുത്തി ശുചിത്വം പാലിക്കേണ്ടതാണ്. ഭക്ഷ

ണക്രമത്തെപ്പറ്റി പറയുകയാണെങ്കിൽ ഒരു മുസ്‌ലിമിന്ന് മദ്യവും പന്നിമാംസവും നിഷിദ്ധമാണ്. വ്രതാനുഷ്ഠാനം നിർബന്ധവും ആഹാരത്തിൽ മിതത്വവും പാലിക്കണം. ഒരാൾ വയറുനിറയെ ആഹാരം കഴിക്കാൻ പാടില്ലാത്തതുപോലെ ഭക്ഷണം സാവകാശം ചവച്ചരച്ച് കഴിക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ഈ വിധിവിലക്കുകൾ വൈദ്യശാസ്ത്ര പരമായി നേരിട്ട് ഫലങ്ങളുളവാക്കുന്നവയാണ്. ആധുനിക വൈദ്യശാസ്ത്രത്തെ അപേക്ഷിച്ച് ഭക്ഷണക്രമത്തിന് ഇസ്‌ലാമിക വൈദ്യം വളരെയേറെ പ്രാധാന്യം നൽകുന്നു. ആരോഗ്യത്തിന് ഗുണദായകമായ രീതിയിലുള്ള ആഹാരവും ഭക്ഷണ രീതിയുമായിരിക്കണം ഒരു മുസ്‌ലിം അനുവർത്തിക്കേണ്ടത്. മരുന്നിനേക്കാൾ ഭക്ഷണമാണ് മനുഷ്യന്റെ ആരോഗ്യത്തെ സ്വാധീനിക്കുന്നതെന്ന് അവർ കരുതുന്നു. പല്ല് തേക്കുന്നതിന് ടൂത്ത് ബ്രഷ് (മിസ്‌വാക്ക്) ഉപയോഗിക്കണമെന്ന് തിരുനബി(സ) നിഷ്കർഷിക്കുകയുണ്ടായി. ഒരവസരത്തിലും തിരുനബി (സ) പല്ലുതേക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കാട്ടിയില്ല. രോഗം വൃത്തിഹീനമായ പരിതഃസ്ഥിതിയിലാണ് വരുന്നത്. അത് പാപത്തിനുള്ള ശിക്ഷയല്ല എന്നാണ് രോഗത്തെ സംബന്ധിച്ച ഇസ്‌ലാമിക സങ്കല്പം. പൊതുജനാരോഗ്യത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചുമുള്ള ഇസ്‌ലാമിക മതാദ്ധ്യപനങ്ങൾ തികച്ചും വൈദ്യശാസ്ത്രമൂല്യമുള്ളതാണ്. മുസ്‌ലിം ലോകം സഹസ്രാബ്ദങ്ങളായി പരമ്പരാഗതമായി ഈ ശാസ്ത്രവും ആചാരങ്ങളും തുടർന്നുവരുന്നു.

## ഇസ്ലാമിക വൈദ്യം ഇന്ന്

ആധുനിക വൈദ്യശാസ്ത്രത്തിന്റെ കടന്നുകയറ്റത്തിനുമുന്നിൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി മുസ്‌ലിം ലോകത്തിലാകമാനം ഇസ്‌ലാമിക പാരമ്പര്യവൈദ്യം നിരന്തരം ദുർബ്ബലമായിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഇന്ത്യാ ഉപഭൂഖണ്ഡത്തിലൊഴികെ പാരമ്പര്യ ഇസ്‌ലാമിക വൈദ്യശാസ്ത്രവും ഔഷധവിജ്ഞാനീയവും ജനകീയമായും ബൗദ്ധികതലത്തിലും നശിച്ചുകൊണ്ടിരിക്കുകയാണ്. പേർഷ്യ, ഇറാക്ക്, സിറിയ, ഈജിപ്ത് എന്നിവിടങ്ങളിൽ ഔഷധവിജ്ഞാനം, ഭക്ഷണക്രമചികിത്സാ സമ്പ്രദായങ്ങളിലൊഴിച്ച് മറ്റെല്ലാ രംഗത്തും പാശ്ചാത്യ വൈദ്യവിജ്ഞാനമാണ് ആധിപത്യം പുലർത്തുന്നത്.

ആധുനിക വൈദ്യത്തിലെ ഔഷധങ്ങളുടെ അപര്യാപ്തതയേയും ഗുണത്തേയും കുറിച്ച് പാശ്ചാത്യലോകത്ത് ഊഹാപോഹങ്ങളും ഭീതിയും വ്യാപിച്ചുവരികയാണ്. ചികിത്സക്കായി ഔഷധസസ്യങ്ങൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് പുതിയ ഒരു ഔത്സുക്യം ഉണർന്ന് വന്നിരിക്കുന്നു. ഇതിന്റെ ഫലമായി ഇസ്‌ലാമിക പാരമ്പര്യ വൈദ്യത്തിലേക്ക് വൈദ്യലോകത്തിന്റെ ശ്രദ്ധ വീണ്ടും തിരിയുകയാണ്. എല്ലാ മുസ്‌ലിം രാജ്യങ്ങളിലെ ഭരണകൂടങ്ങളും അവരുടെ പൗരന്മാർക്ക് മുഴുവനും ആരോഗ്യ പരിരക്ഷ നൽകാനുള്ള ഉദ്യമങ്ങളിലേർപ്പെട്ടിരിക്കുകയാണല്ലോ. ഉയർന്നുവരുന്ന ജനസംഖ്യയും പാശ്ചാത്യമാതൃകയിലുള്ള ഡോക്ടർമാരെ പരിശീലിപ്പിച്ചെടുക്കുന്നതിനുള്ള ദുർവ്വഹമായ ചിലവും എല്ലാവർക്കും ആരോഗ്യം എന്ന പദ്ധതിയെ അസാധ്യമാക്കി തീർക്കുന്നു. ‘ഹക്കീം’ എന്ന് വിളിക്കപ്പെട്ടിരുന്ന പണ്ടത്തെ വൈദ്യന്മാരുടെ കുറ്റിയറ്റുപോയിരിക്കുന്നു. ശേഷം പുതിയ ആളുകൾ ഈ സ്ഥാനങ്ങൾ ഏറ്റെടുത്തില്ല. ആയതിനാൽ മുസ്‌ലിം രാജ്യങ്ങളിൽ പല സ്ഥലങ്ങളിലും ചികിത്സാരംഗം വളരെ പരിതാപകരമാണ്. ഇറാനെപ്പോലെയുള്ള രാജ്യങ്ങളിൽ ഗ്രാമീണ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി പാരമ്പര്യ വൈദ്യത്തെ പുനരുജ്ജീവിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുന്നുണ്ടെന്നത് ആശാവഹമാണ്.

1981 ൽ കുവൈറ്റിൽവെച്ച് ചേർന്ന അന്തർദേശീയ ഇസ്‌ലാമിക് മെഡിസിൻ കോൺഫ്രൻസിൽ അംഗീകരിച്ച മെഡിക്കൽ കരിക്കുലത്തിൽ ഒരു കാര്യം വെളിപ്പെടുത്തിയിരുന്നു. അതായത്, ജ്ഞാനാന്വേഷണത്തിന്റെ ഭാഗമായി ദൈവിക മുദ്രകളെപ്പറ്റിയുള്ള അഗാധമായ പഠനങ്ങൾ എന്ന നിലക്കും അതിന്റെ പ്രായോഗിക രൂപമായി രോഗാതുരനായ ഒരു മനുഷ്യനെ സഹായിക്കുക എന്ന നിലക്കും വിശ്വാസപരമായി വൈദ്യശാസ്ത്രം ഒരു ആരാധനയാകുന്നു എന്നതായിരുന്നു ആ വെളിപ്പെടുത്തൽ. കുവൈറ്റിലെ പ്രസ്തുത യോഗം അംഗീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ കരിക്കുലത്തിൽ ഇസ്‌ലാമിക വൈദ്യസദാചാരത്തിന്റെ നിയമാവലിയും (Islamic code of Medical ethics) ഉൾപ്പെടുത്തിയിരുന്നു.

## ഉപസംഹാരം

പാക്കിസ്താൻ, ബംഗ്ലാദേശ് മുതലായ രാജ്യങ്ങളിലും ഇന്ത്യയിലെ മുസ്‌ലിം ജനസമൂഹത്തിലും മറ്റ് മുസ്‌ലിം രാജ്യങ്ങളിൽ ഭാഗികമായും ഇസ്‌ലാമിക വൈദ്യശാസ്ത്രം ഇന്ന് വളരെ സജീവമാണ്. ആത്മാവിനെ ശരീരത്തിൽനിന്നു വേർപ്പെടുത്തിയ ആധുനിക മനുഷ്യസമൂഹത്തിന്റെ ഔഷധവിജ്ഞാനീയത്തിനും ശരീരമനഃശാസ്ത്രത്തിനും (Psycho somatic) ഇപ്പോഴും ഉജ്ജ്വലമായ അദ്ധ്യാപനങ്ങൾ കാഴ്ചവെക്കാൻ ഇസ്‌ലാമിക വൈദ്യശാസ്ത്രത്തിന് കഴിവുണ്ട് എന്നതാണ് സത്യം.

**ഗ്രന്ഥസൂചി**

1. Nasr, Sayyed Hossein-1976. 'Islamic science: An Illustrated Study'. World of Islam Festival Publishing company Ltd. P. 273.

2. Stewart, Desmond-1967. 'Early Islam'. Time Incorporated, New York. P. 192.

3. Sardar Fiauddin. East West Disorder over the prince of scholars. 'New Scientist'. August 1981. P. 395.

4. Barton Richard Thomas- 1958. 'Religious Doctrines and Medical Practice'. Charles C Thomas. Publishers USA. P. 94.

# മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

നീതിയുടെ പ്രവർത്തനം ദൈവം സൃഷ്ടിച്ച പ്രകൃതിയിലുടനീളം പരിവേഷ്ടിതമായി കാണപ്പെടുന്നു. സംന്തുലനാത്മകതയാണ് നീതിയുടെ പൊരുൾ. മനുഷ്യ ശരീരത്തിനകത്ത് ശരിതെറ്റുകളുടെ ആന്തരനിർമ്മിതമായ ഒരു മാനകമുണ്ട്. കേവലനീതിയുടെ ആ സംവിധാനം മനുഷ്യബോധത്തിന്റെ അറിവിലും നിയന്ത്രണത്തിലും പെട്ടതല്ല. 'Absolute Justice Kindness and Kinship' എന്ന പുസ്തകത്തിലെ 6 –ാം അദ്ധ്യായത്തിൽ നിന്നുള്ള ഭാഗം.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

### ശരിതെറ്റുകളുടെ ആന്തരനിർമ്മിത മാനകം

ദൈവം മനുഷ്യന്റെ ശരീര ഘടനക്ക് രോഗവും ആരോഗ്യവും, അതുപോലെ നിർമ്മാണാത്മക പ്രക്രിയയും സംഹാരാത്മക പ്രക്രിയയും തിരിച്ചറിയാനുള്ള ആന്തരികമായ കഴിവും നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഈ വിവേചനാത്മകമായ സംവിധാനം മനുഷ്യന്റെ ബോധജ്ഞാനം അറിയാതെയാണ് പ്രവർത്തിക്കുന്നത്. അത് തുടർന്നു കൊണ്ടിരിക്കുന്നതും സ്വയം പ്രവർത്തിക്കുന്നതുമായ ഒരു പ്രതിഭാസമാണ്. വാസ്തവത്തിൽ ഇത് മനുഷ്യന്ന് മാത്രമല്ല എല്ലാ ജീവിരൂപങ്ങളിലും പ്രവർത്തിക്കുന്ന ഒരു പ്രതിഭാസമാണ്. താഴ്ന്നതും ഉയർന്നതുമായ എല്ലാ ഓരോ ജീവിവർഗ്ഗങ്ങളിലും ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അതിനെ അറിയിക്കുന്ന ഒരു ആന്തരിക സംവിധാനമുണ്ട്. ഓരോ ജീവികളുടേയും കൊച്ചുലോകത്ത് അതിന്റെ തനത് രൂപത്തിൽ ആന്തരികമായി സജ്ജീകരിക്കപ്പെട്ട ഒരു സംവിധാനമായി അത് നിലനിൽക്കുന്നു. അമീബിയക്ക് പോലും ആരോഗ്യത്തിന്റേയും രോഗത്തിന്റെയും വിധിവിലക്കുകളുടെ പരിധികളുണ്ട്. അമീബ എന്ത് ആർജിക്കാൻ പരിശ്രമിക്കണം എന്ത് വർജ്ജിക്കുവാനും ഒഴിവാക്കാനും ശ്രമിക്കണം എന്നതാണ് അമീബക്ക് നിർണ്ണയിക്കപ്പെട്ട പരിധി. എന്നാൽ മനുഷ്യനിൽ ഇത് വളരെ വികസിതവും വളരെ സങ്കീർണ്ണവുമായ ഒരു പ്രതിഭാസമാണ്. ഒറ്റനോട്ടത്തിൽ പോലും അത് ഒരു അത്ഭുത പ്രതിഭാസമാണെന്ന് കാണാം.

നിരാകരണത്തിന്റേയും സ്വീകരണത്തിന്റേയും ഒരു പ്രക്രിയ മനുഷ്യാസ്തിത്വത്തിന്റെ ഏത് വിതാനത്തിലും വളരെ തികവോടെ പാലിക്കപ്പെടുന്നതായി കാണപ്പെടുന്നു. ഇവിടെ ചർച്ച ചെയ്യുന്ന വിഷയം താഴെ പറയുന്ന ലളിതമായ ഉദാഹരണത്തിലൂടെ തെളിയിക്കാനാവും. മനുഷ്യനിലെ വിശപ്പ് അവനിൽ ഊർജ്ജത്തിന്റെ ആവശ്യങ്ങളെ സംബന്ധിച്ച ഒരു അവബോധം സൃഷ്ടിക്കുന്നു. ഏതെങ്കിലും രൂപത്തിലുള്ള കുറച്ച് ഊർജ്ജത്തിന്റെ ആവശ്യം സംജാതമായാൽ കാഴ്ച്ചക്കും ഘ്രാണത്തിന്നും സ്പർശനത്തിന്നും രുചിക്കും, ചില അവസരങ്ങളിൽ ശ്രവണത്തിന്നും വേണ്ടിയുള്ള ഇന്ദ്രിയങ്ങൾ ഉടൻ തന്നെ സജീവമാകുന്നു. ഈ ഊർജ്ജാവശ്യത്തെ മുൻനിർത്തി മനുഷ്യന്ന് ഏതാണ് നല്ലത് ഏതാണ് ചീത്ത എന്ന് തീരുമാനിക്കാനാണ് ഈ സംവേദനേന്ദ്രിയങ്ങൾ സജീവമാകുന്നത്. മനുഷ്യൻ ഒരു കവിൾ ഭക്ഷണം ചവക്കുമ്പോൾ രുചിമുകുളങ്ങൾ (Taste Buds), താപമുകുളങ്ങൾ (Heat Buds), സ്പർശന സംബന്ധിയായ സംവേദനാവയവങ്ങൾ, പല്ല്, ഉമിനീർ ഗ്രന്ഥികൾ, താടിയെല്ലുകൾ, താടിയുടെ പേശികൾ, എല്ലാം തന്നെ തികച്ചും സന്തുലിതമായ പങ്കാളിത്വത്തോടെ പ്രവർത്തന നിരതമാവുന്നു. അവസാനം എന്തെങ്കിലും ഭക്ഷണം ആഹരിച്ചു കഴിഞ്ഞാൽ അത്

സ്വീകരിക്കുന്ന പ്രക്രിയ സൂക്ഷ്മ തലത്തിൽ ആരംഭിക്കുന്നു. ഭക്ഷണ ത്തെ വിഘടിപ്പിക്കുകയും ഘടക വസ്തുക്കളാക്കി അതിനെ മാറ്റുക യും ശരീരത്തിന്നാവശ്യമില്ലാത്ത വസ്തുക്കളെ ഒഴിവാക്കി അത് ശുദ്ധീകരിക്കുകയും ചെയ്യുന്നു. മനുഷ്യനെ ബാക്ടീരിയയിൽ നിന്നും വൈറസുകളിൽ നിന്നുമുള്ള അക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന എല്ലാ ഉപാധികളും സ്വീകരിക്കുന്നു. ഈ ഘട്ടങ്ങളെല്ലാം പിന്നിട്ട ശേഷം ഭാഗികമായി ദഹിച്ച ഭക്ഷണം രാസഘടകങ്ങളായി മാറുന്നു. ഇങ്ങനെ രാസഘടകങ്ങളാക്കി മാറ്റിയ ഭക്ഷണം ആഗിരണം ചെയ്യാനും അതിന്റെ കൂടുതൽ സങ്കീർണ്ണമായ മറ്റു ജൈവ വസ്തുക്കളായി പുനരുപയോഗ ത്തിന്ന് വേണ്ടി സജ്ജമാക്കുകയും ചെയ്യുന്നു.

ഇതെല്ലാം മനുഷ്യശരീരം അതിന്റെ സുരക്ഷിതമായ ഭക്ഷണം ഉപഭോഗിക്കാനായി എങ്ങനെ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അത്യധികം ലളിത വത്ക്കരിച്ച ഉദാഹരണങ്ങളാണ്. സന്തുലനത്തിന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ അത് ജീവന്റെയും ആരോഗ്യത്തിന്റേയും ഗുണനിലവാരത്തെ വിപരീതമായി ബാധിക്കുന്നു. സന്തുലനം തികവുറ്റ രീതിയിൽ അളന്നു തിട്ടപ്പെടുത്തിയ തും കണിശമായ അനുപാതത്തി ലുള്ളതുമായിരിക്കണം. അതിനക ത്ത് ഉണ്ടാവുന്ന എന്തെങ്കിലും രീതിയിലുള്ള ചെറിയ തകരാറ് പോലും ജീവന് മരണ ഭീഷണി യായി തീരും.

ഇവിടെ മാറ്റങ്ങൾ ജീവന്റെ ആരോഗ്യകരമായ പുരോഗതിക്ക് വിഘാതമായി നിൽക്കുമ്പോൾ സൂറ; അശ്ശംസിലെ 9 ാമത്തെ വചനത്തിൽ ഉപയോഗിച്ച ***ഫുജൂർ**** (ധാർമികത, പാപം) എന്ന പദം വളരെ യുക്തിപരമായി വ്യാഖ്യാ നിക്കേണ്ടതുണ്ട്, . അതേ വചനത്തി ലെ ***തഖ്വ*** എന്ന പദം രോഗത്തി ലേക്കും മരണത്തിലേക്കും നയിക്കു ന്ന അപകടങ്ങളെ ഒഴിവാക്കുന്ന ഫലപ്രദമായ കഴിവിനെ സൂചിപ്പി ക്കുന്നു. മനുഷ്യ ശരീരവുമായി ബന്ധപ്പെടുത്തി പറയുകയാണെ ങ്കിൽ ***സൂറ: അശ്ശംസിലെ*** ഈ വചനം സൂചിപ്പിക്കുന്നത് മനുഷ്യ ന്റെ ശരീരശാസ്ത്രം, ശരീര ഘടനാ ശാസ്ത്രം, നാഡീ വ്യവസ്ഥ, രക്ത ചംക്രമണ വ്യവസ്ഥ, ഞരമ്പു വ്യവസ്ഥ, ഗ്രന്ഥി വ്യവസ്ഥ പ്രതിരോധ വ്യവസ്ഥ എല്ലാംതന്നെ അവക്ക് വേണ്ട നന്മതിന്മകൾ എന്തൊക്കെയാണ് എന്നതിനെ പറ്റിയുള്ള ജ്ഞാനം ആ വ്യവസ്ഥ കൾക്കകത്ത് തന്നെ നല്ലത്പോലെ സജ്ജീകരിച്ചിട്ടുണ്ട് എന്നാണ്. ഒരു വ്യവസ്ഥയെ കുറിച്ചുള്ള സൂക്ഷ്മ പഠനം തന്നെ വിവരിക്കാൻ നിരവധി അദ്ധ്യായങ്ങൾ എഴുതേ ണ്ടി വരും. എന്നാലും വിഷയം അവസാനിക്കുന്നില്ല. ഇതിനെ സംബന്ധിച്ച് മാന്ത്രികം അതിശയ കരം എന്നൊക്കെ നിഷ്ക്കളങ്കമായി പറയാൻ സാധിക്കും. മനുഷ്യ ജീവിതത്തിന്ന് നൽകപ്പെട്ട സങ്കീർണ്ണതകളും അടരുകൾക്ക് മീതെ അടരുകളായി നിൽക്കുന്ന സമസ്യകളും താരതമ്യം ചെയ്യുമ്പോൾ മനുഷ്യ ജീവിതത്തെ ആലീസിന്റെ അത്ഭുത ലോകത്ത് പ്രതിഷ്ഠിക്കുന്നത് പോലെയാണ്. മനുഷ്യസൃഷ്ടിപ്പിന്റെ അത്ഭുത ങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രഹേളികകളും അത്ഭുതാതിശയ ങ്ങളുമായി ബന്ധപ്പെട്ട എല്ലാ കഥകളും അതിന് മുമ്പിൽ ഒന്നുമല്ല.

പ്രസക്തമായ ഖുർആനിക പ്രസ്താവനയുമായി മാറ്റുരച്ചു നോക്കുമ്പോൾ എത്ര തികവുറ്റ രീതിയിലാണ് മനുഷ്യ ശരീരം പ്രവർത്തിക്കുന്നത് എന്ന് കണ്ട് നാം അത്ഭുതപ്പെട്ടുപോകും. മനുഷ്യന്ന് രോഗം പിടിപെടാനും രോഗബാധ ക്കുള്ള സാദ്ധ്യതകളും അതേ സമയം എറെകുറെ എല്ലാ രോഗങ്ങ ളിൽ നിന്നും സ്വയം രോഗവിമുക്ത നാകാനുള്ള കഴിവും ശ്രദ്ധേയമാ ണ്. ഒരു ചികിത്സകരുടെയും അർബുദരോഗ വിദഗ്ദരുടെയും സഹായമില്ലാതെ കാൻസർ പോലും ഭേദമാവാനുള്ള സിദ്ധി മനുഷ്യ ശരീരത്തിന്നുണ്ട്. വാസ്തവത്തിൽ മെഡിക്കൽ റിക്കാർഡുകളിൽ രേഖപ്പെടുത്തപ്പെട്ട അന്തിമ സ്ഥിതി യിലെത്തിയ ഒരു അർബുദരോഗി അർബുദ ചികിത്സകരുടെ ധാരണ കളെയെല്ലാം പരാജയപ്പെടുത്തി പൂർണ്ണമായും രോഗമുക്തനാ വുകയുണ്ടായി. എങ്ങനെയാണ് അത് സംഭവിച്ചതെന്ന് വിദഗ്ധർക്ക് മനസ്സിലായിട്ടില്ല. അർബുദം ബാധി ച്ച മാറാരോഗി രോഗ വിമുക്ത നാകുകയും സാധാരണ ജീവിത ത്തിലേക്ക് മടങ്ങി വരുകയും ചെയ്തപ്പോൾ സ്പെഷലിസ്റ്റു കളുടെ രോഗവിജ്ഞാനമെല്ലാം അപ്രസക്തമാവുകയാണുണ്ടായത്. മനുഷ്യന്റെ അതീവ സങ്കീർണ്ണമായ രോഗപ്രതിരോധ സംവിധാനത്തെ പറ്റി ബാഹ്യമാത്രമായി മാത്രമേ തങ്ങൾക്ക് മനസ്സിലാക്കാൻ കഴി ഞ്ഞിട്ടുള്ളൂ എന്ന് ഐക്യകണ്ഠ്യേന ശാസ്ത്രജ്ഞന്മാർക്ക് ബോദ്ധ്യമായി. നമ്മുടെ രോഗപ്രതിരോധ സംവിധാ നം അപരിമേയമായ സാധ്യത കളോടെയാണ് നൽകപ്പെട്ടത് എന്ന് നമുക്ക് പറയാൻ സാധിക്കും. .

പ്രതിരോധ സംവിധാനം എത്രതന്നെ തികവുറ്റതായാലും മനുഷ്യനിലെ ഒരു പ്രതിരോധ ആയുധത്തിന്നും അവനെ അനശ്വര നാക്കുവാൻ സാദ്ധ്യമല്ല. മനുഷ്യ

***ഫുജൂർ:*** പാപകരമായ അവസ്ഥ, അധാർമികത, ദുഷിച്ച ജീവിതം, ദുഷ്ടമായത്.

***തഖ്വ:*** അല്ലാഹുവിനെ കുറിച്ചുള്ള ഭയം. വാസ്തവത്തിൽ യഥാർത്ഥ വിശ്വാസികൾ അല്ലാഹു അംഗീകരിക്കാത്തതിൽ നിന്നെല്ലാം വിട്ടുനിൽക്കാൻ പരമാവധി ശ്രമിക്കുകയും അവർ സ്വയം തന്നെ ജാഗ്രതയോടെ സൂക്ഷ്മത കൈകൊള്ളുകയും ചെയ്യുന്നതിനെയാണ് **തഖ്വ** എന്ന പദം സൂചിപ്പിക്കുന്നത്

നിലെ ഓരോ അവയവ വ്യവസ്ഥ യിലും അതിനകത്ത് തന്നെ അന്തർലീനമായ ഒരു പ്രതിപ്രവർത്തന വ്യവസ്ഥയുണ്ട്. അത് അന്തിമമായ നാശത്തിന് വേണ്ടി അളന്ന് തിട്ടപ്പെടുത്തിയ ഒരു പ്രതിപ്രവർത്തന സംവിധാനമാണ്. അതിൽ എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അളന്ന് തിട്ട പെടുത്തുകയും ആനുപാതികമായി ക്രമപ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. പ്രകടമായി പ്രവർത്തിക്കുന്നതും മന്ദമായി പ്രവർത്തിക്കുന്നതുമായ സ്വഭാവങ്ങൾ രേഖപ്പെടുത്തിയ ജീനുകളാൽ മനുഷ്യ ശരീരത്തിലെ ഓരോ കോശത്തിന്റേയും ആയുസ്സ് മുൻകൂട്ടി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു നിശ്ചിത അവയവത്തിന്റെ മരണ നിരക്കിനേക്കാൾ എത്ര വേഗത്തിൽ അതിന്റെ വളർച്ചാ നിരക്ക് വേണമെന്ന് അതിൽതന്നെ വ്യക്തമായും പൂർവ്വകൽപ്പിതമാണ്. മാത്രമല്ല അതിന്റെ ആയുസ്സ് കണക്കാക്കി വളർച്ചയുടേയും മരണത്തിന്റേയും നിരക്കിന്റെ ഗതിവേഗം അവികലമായ രീതിയിൽ പൊരുത്തപ്പെടുത്തി നിർത്തിയിരിക്കുന്നു. അത് മരണത്തിന്റേ ഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നിർമ്മാണാത്മകതയുടെ പ്രക്രിയയേക്കാൾ സംഹാരാത്മകതയുടെ പ്രക്രിയക്ക് പ്രാമുഖ്യം ലഭിക്കും. ഇതൊന്നും തന്നെ ആകസ്മികമായി സംഭവിക്കുന്നതല്ല.

### കായിക വളർച്ച

ഈ വിവരണത്തിന്റെ ഭാഗമായി വളരെ ലളിതമായ പല്ലിന്റെ വളർച്ചയുടെ ഉദാഹരണമെടുത്ത് നമുക്ക് പരിശോധിക്കാം. പാൽപല്ല് (Milk Teeth) എന്നാണ് നാം അതിനെ വിളിക്കുന്നത്. അതിന്റെ വളർച്ചയുടെയും (Growth) ജീർണ്ണനത്തിന്റേയും (Decay) നിരക്ക് നിരന്തരം നിയന്ത്രിക്കപ്പെട്ടതും അളന്ന്തിട്ടപ്പെടുത്തുകയും ചെയ്തതാണ്. ചില വർഷങ്ങളിൽ പാൽപല്ലിന്റെ വളർച്ച അതിന്റെ ക്ഷയത്തേക്കാൾ വേഗത്തിലായിരിക്കും. ഒരു സന്തുലനാത്മകമായ ഘട്ടം പ്രാപിച്ചു കഴിഞ്ഞാൽ അതിന്റെ വളർച്ചാ നിരക്ക് നിലക്കുന്നു. അതിന് ശേഷം സംന്തുലനം മരണത്തിന്റെയും ജീർണ്ണനത്തിന്റേയും ഭാഗത്തേക്ക് ചായുന്നു. അങ്ങനെ പാൽപല്ലുകളുടെ ദിവസങ്ങൾ എണ്ണപ്പെടുന്നു. പിന്നീട് പ്രായപൂർത്തി വന്ന പല്ലുകളുടെ വളർച്ച ആരംഭിക്കുന്നു. തുടക്കത്തിൽ പല്ലിന്റെ വളർച്ചാ നിരക്ക് അതിന്റെ ജീർണ്ണനത്തെക്കാൾ വളരെ വേഗതയിലാണ്. അത് നിശ്ചിത ഘട്ടം വരെ വളരുന്നു. അത് മുൻകൂട്ടി നിശ്ചയിച്ച വലുപ്പത്തിലും വീതിയിലും കനത്തിലും എത്തിചേർന്നാൽ വളർച്ചക്ക് അനുകൂലമായ സന്തുലനം അതേപടി നിൽക്കുന്നു. മുൻകൂട്ടി നിർണ്ണയിച്ച വലുപ്പത്തിൽ പല്ല് എത്തിക്കഴിഞ്ഞാൽ പെട്ടെന്ന് പല്ലിന്റെ വളർച്ചാ നിരക്കും ജീർണ്ണന നിരക്കും പൂർണ്ണമായ ഒരു സന്തുലനത്തിലെത്തുകയും സൂക്ഷ്മമായി പാലിക്കപ്പെടുകയും ചെയ്യുന്നു. അപകടമോ രോഗമോ ഇല്ലെങ്കിൽ ആ പല്ലുകൾ പൂർണ്ണ ആരോഗ്യത്തോടെ അതിന്റെ വലുപ്പത്തിനോ നീളത്തിനോ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു.

സാധാരണ മനുഷ്യൻ ചിന്തിക്കുന്നത് അവ (പല്ലുകൾ) വളർന്നു കഴിഞ്ഞത് കൊണ്ടാണ് അതിന്റെ വളർച്ച നിലച്ചത് എന്നാണ്. അതിൽപരം യാതൊന്നും തന്നെ അതിലില്ല എന്നും അവർ ധരിക്കുന്നു. ഈ നിഷ്ക്കളങ്കമായ ധാരണ സത്യത്തിൽ നിന്നും വളരെ അകലെയാണ്. അതിന്റെ വളർച്ച നിലച്ചതാണെങ്കിൽ ആഴ്ചകൾക്കുള്ളിലോ മാസങ്ങൾക്കുള്ളിലോ അത് അവിടെനിന്നും പിഴുതെറിയപ്പെടുമായിരുന്നു. ഇനി മറ്റൊരർത്ഥത്തിൽ ചിന്തിക്കാം. അതായത് പല്ലിന്റെ വളർച്ചാ നിരക്ക് അനവരതം തുടരുകയാണെങ്കിൽ അതായത് വളർച്ചയുടെ ആരംഭ ഘട്ടത്തിലുള്ളത് പോലെ വളർച്ച തുടരുകയും പല്ല് നീണ്ടു നീണ്ട് പോകുകയുമാണെങ്കിൽ മനുഷ്യന്റെ തലയോട്ടിയുടെ മുകളിൽ വരെ താഴത്തെ പല്ലും താടിയെല്ലിന്റെ കീഴെ വരെ മുകളിലെ പല്ലും തൂങ്ങിനിൽക്കുമായിരുന്നു!!

നാം കാണുന്നത് പോലെ പല്ലിന്റെ വളർച്ച ഒരിക്കലും തന്നെ മുൻകൂട്ടി തിട്ടപ്പെടുത്താത്തതോ അനിയന്ത്രിതമായതോ ആയ ഒരു പ്രതിഭാസമല്ല. എല്ലാ ഘടകങ്ങളും ചേർന്ന് ഒരു നിശ്ചിത കാലത്തേക്ക് മാത്രം വളർച്ചാനിരക്ക് ക്രമീകരിച്ചതാണ്. തുടർന്നുള്ള അതിന്റെ വളർച്ചാ നിരക്ക് സങ്കീർണ്ണമായി സന്തുലനമാക്കപ്പെട്ടിരിക്കുന്നു. അത് മനുഷ്യസൃഷ്ടിപ്പിന്റെ രൂപരേഖയിൽ വ്യക്തമായി രേഖപ്പെടുത്തിയതാണ്. മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഈ രൂപരേഖയും പിന്നീടുണ്ടായ നിർമ്മാണങ്ങളും എങ്ങനെയാണ് സമയോചിതം സ്വയം നിവർത്തപ്പെടുകയും സങ്കീർണ്ണമായ രീതിയിൽ അത് പ്രാവർത്തികമാവുകയും ചെയ്യുന്നത് എന്ന കാര്യം തല ചുറ്റിക്കുന്ന വിസ്മയമാണ്.

മനുഷ്യന്റെ വിസർജ്യ പദാർത്ഥങ്ങൾ വിസർജ്ജ്യ വ്യവസ്ഥയിലൂടെ നീക്കം ചെയ്യുന്ന രീതി സ്വയം തന്നെ കുറ്റമറ്റ ഒരു സംവിധാനമാണ്. ഇവിടെ ***അദ്ൽ*** (കേവല നീതി) ന്റെ തത്വം വ്യക്തിയുടെ ഭാഗത്ത് നിന്ന് യാതൊരു ജാഗ്രതയും ആവശ്യമില്ലാത്ത വിധം നിർവ്വഹിക്കപ്പെടുന്നു. ഭക്ഷണത്തിന്റെ പോഷകപ്രദമായ ഭാഗം ദഹന പ്രക്രിയയിലൂടെ ആഗിരണം ചെയ്ത ശേഷമുണ്ടാകുന്ന മാലിന്യം ഈ മികവുറ്റ സംവിധാനത്തിലൂടെ നീക്കം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഈ സംവിധാനം നൽകപ്പെട്ട വ്യക്തിക്ക് ഇതിനെപറ്റി യാതൊരു ജാഗ്രതയും ആവശ്യമില്ലതാനും. മനുഷ്യൻ അവന്റെ പല്ലിനോട് അനീതി പ്രവർത്തിച്ചാൽ അവന്റെ വിഡ്ഢിത്തത്തിന്റെ ഫലമായി ആരോഗ്യത്തിന്ന് പിടിപെടുന്ന ആതുരാവസ്ഥയിൽ നിന്നും അവന്ന് പിന്നീട് കാര്യം ബോദ്ധ്യമാവും. ലക്കും ലഗാനു

മില്ലാത്ത ഭക്ഷണഭോജനം പല്ലിനെ മാത്രമല്ല ദഹന വ്യവസ്ഥയേയും വിസർജ്ജന വ്യവസ്ഥയേയും തകരാറിലാക്കും. ചില രീതിയിലുള്ള പ്രമേഹത്തിന്ന് കാരണമിതാണ്. അതേ സമയം അമിതാഹാരം മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ മനുഷ്യനിൽ പല വിധത്തിലുള്ള ശാരീരിക പ്രതിക്രിയകളുടെ സജ്ജീകരണങ്ങളുണ്ട്.

ഇത് കൂടുതലായി വിവരിക്കാൻ നമുക്ക് പ്രമേഹ രോഗികളുടെ ഉദാഹരണങ്ങളെടുക്കാം. പ്രമേഹം ഒരു സാധാരണ രോഗമാണ് എന്നാൽ അത് ഒരു രോഗമല്ല. നൂറുക്കണക്കിന്ന് തരത്തിലുള്ള പ്രമേഹ രോഗങ്ങൾ ഇത്വരെ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അവരിൽ എല്ലാവർക്കും അവരുടെ ശരീരം തന്നെ ആന്തരികമായ പ്രതിവിധി നൽകിയിട്ടുണ്ട് എന്ന് കാണാം. ചിലതരം പ്രമേഹ രോഗം പാൻക്രിയാസ് ഗ്രന്ഥിയുടെ ക്രമരഹിതമായ പ്രവർത്തനം മൂലം ഉണ്ടാവുന്നതാണ്.

പാൻക്രിയാസ് രണ്ട് തരത്തിലുള്ള സ്രവങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. അതിൽ ഒന്ന് ഇൻസുലിൻ ആണ്. മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളിലേക്കും പഞ്ചസാര ആഗിരണം ചെയ്യാൻ കൂടുതൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് ഇൻസുലിനെയാണ്. ശരീരത്തിലെ കോശങ്ങൾക്ക് അതിജീവിക്കാൻ നിരന്തരം ഊർജ്ജത്തിന്റെ ആവശ്യമുണ്ട്. മനുഷ്യൻ പഞ്ചസാര നേരിട്ട് കഴിച്ചില്ലെങ്കിലും അവൻ പലവിധത്തിലും ആഹരിക്കുന്ന കാർബോഹൈഡ്രേറ്റ് വിഘടിക്കപ്പെടുന്നു. ഇൻസുലിൻ അധികമായി ഉദ്പാദിപ്പിക്കപ്പെട്ടാൽ അത് ഹൈപ്പോഗ്ലൈക്കാമിയ (Hypoglycaemia) എന്ന രോഗമായി മാറും. അതായത് പെട്ടെന്ന് പഞ്ചസാരയുടെ അളവ് അപകടകരമാം വിധം കുറഞ്ഞു പോകുന്ന അവസ്ഥയുണ്ടാകും. ഉടൻ തന്നെ ഇൻസുലിൻ അളവ് സാധാരണ നിലയിലേക്ക് പുനസ്ഥാപിച്ചില്ലെങ്കിൽ ഒരു പക്ഷേ മരണമോ മസ്തിഷ്ക്ക കോശങ്ങൾക്ക് ഗുരുതരമായി ക്ഷതമേൽപ്പിക്കുന്ന അഗാധമായ കോമ (അബോധാവസ്ഥ)യോ മറ്റു പ്രധാന അവയവങ്ങളുടെ കോശങ്ങൾക്ക് ക്ഷതമോ സംഭവിക്കാം.

ഇൻസുലിന്റെ ഉദ്പാദനത്തെ തടഞ്ഞു നിർത്താൻ ശരീരത്തിൽ സങ്കീർണ്ണമായ ചില സൂചനാസംവിധാനങ്ങളുണ്ട്. ആവശ്യമായ അളവിൽ ഇൻസുലിൻ ഉദ്പാദിപ്പിച്ചു കഴിഞ്ഞു കൂടുതലായി ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുന്ന മട്ടുള്ള ഒരു അലറാം സംവിധാനമാണത്. ഇൻസുലിൻ ഗ്രന്ഥിവ്യവസ്ഥയിൽ അധിക ഉദ്പ്പാദനം നടന്ന അതേ ഏരിയയിൽ തന്നെയാണ് ഇൻസുലിന്ന് എതിരെയുള്ള പ്രതിസ്രവം പുറപ്പെടുവിക്കുന്ന ഈ പ്രതിസംവിധാനവുമുള്ളത്. ഈ സ്രവം പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഇൻസുലിൻ ഉൽപ്പാദനം ഉടൻ നിലക്കുന്നു. ഉടൻ തന്നെ മനുഷ്യൻ സൗഖ്യവാനായി കാണപ്പെടുന്നു. ഈ സന്തുലന പാലനം നിർവ്വഹിക്കുന്ന ഈ സംവിധാനം ഏത് ഭാഗത്തേക്കാണോ ചരിഞ്ഞു പോകുന്നത് അത്രയും അളവിൽ ആരോഗ്യത്തെ അത് എതിരായി ബാധിക്കും.

അതാത് സ്ഥലത്ത് നിന്ന് തന്നെ തുലനപ്പെടുത്തി തടയുന്ന (Check and Balance) രീതിയിൽ ദൈവം സൃഷ്ടിച്ച ഈ സംവിധാനം മാത്രമല്ല ഇൻസുലിന്റെ കഥയിലുള്ളത്. ഇൻസുലിനെ കൂടാതെ മറ്റു അപൂർവ്വമായ ഘടകങ്ങളും കൂടി ഈ സങ്കീർണ്ണമായ വ്യവസ്ഥ നിലനിൽക്കാൻ ആവശ്യമാണ്. രക്തത്തിന്റെ ഒഴുക്കുപാതയിലുള്ള എല്ലാ കോശങ്ങൾക്കും സ്ഥിരമായി ഊർജ്ജം ആവശ്യമാണ്. ഊർജ്ജോപഭോഗം കഴിഞ്ഞാൽ പാഴാവുന്ന വസ്തുക്കൾ പുറന്തള്ളേണ്ടതുണ്ട്. പാഴ്വസ്തുക്കളും മലിന പദാർത്ഥങ്ങളും സംവിധാനത്തിനകത്ത് നിന്നും പുറന്തള്ളാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും രക്ത ചംക്രമണകുഴലിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് സ്വയം തന്നെ അറ്റമില്ലാത്ത വിസ്മയങ്ങളാണ് കാഴ്ച്ചവെക്കുന്നത് എന്നാൽ അവ സ്വയം തന്നെ സംഹാരാത്മകമായി വരാവുന്നതുമാണ്. വിവിധ രക്ത കോശങ്ങളിൽ അലിഞ്ഞു ചേർന്ന ദ്രാവക മാദ്ധ്യമങ്ങളെ സ്വതന്ത്രമായി കോശങ്ങളിൽ ഒഴുകാൻ അനുവദിച്ചാൽ കോശങ്ങളുടെ ന്യൂക്ലിയസ്സിനെ ഉടൻ തന്നെ അത് നശിപ്പിക്കുന്നു. ഈ അപകടത്തെ നേരിടാൻ ഇരട്ട ഭിത്തിയുള്ള ഒരു ആവരണം എല്ലാ കോശങ്ങൾക്കുമുണ്ട്. എല്ലാ ഇലക്ട്രോലൈറ്റിന്റേയും* (Elecrolytes) നേരിട്ടുള്ള നുഴഞ്ഞുകയറ്റം ഇത്വഴി തടയപ്പെടുന്നു. അങ്ങനെ കോശങ്ങളുടെ ഈ ഇരട്ട ഭിത്തി അപകടങ്ങളിൽ നിന്നുള്ള ഒരു സമ്പൂർണ്ണ പ്രതിരോധമായി വർത്തിക്കുന്നു.

രണ്ട് ആവരണങ്ങളിലും ചില ചെറുദ്വാരങ്ങളുണ്ട്, അതിലൂടെ ഇൻസുലിൻ ഘടിപ്പിച്ച ഒരു തന്മാത്രക്കൊപ്പം പഞ്ചസാര തന്മാത്ര, കോശത്തിന്റെ ഹൃദയഭാഗത്തേക്ക് എത്തുകയും അവിടെ വെച്ച് അവ ഉടൻ തന്നെ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അവിടെ ഉണ്ടാവുന്ന പാഴ്വസ്തുക്കൾ തിരികെ കൊണ്ടുവരുന്നത് കോശാവരണത്തിലെ അതേ ദ്വാരങ്ങളിലൂടെ തന്നെ രക്ത കുഴലിലേക്കാണ്. അവിടെ നിന്നും അത് ത്വക്കിലെ ദ്വാരങ്ങളിലേക്ക് വിയർപ്പിന്റെ

***ഇലക്ട്രോലൈറ്റ്** (Elecrolytes): രക്തത്തിൽ കാണുന്ന സോഡിയം, പൊട്ടാസിയം, ക്ലോറൈഡ്, കാൽസിയം, മഗ്നീഷ്യം, ഫോസ്ഫേറ്റ്, ബൈകാർബണേറ്റ് മുതലായ മിനറലുകളെയാണ് ഇലക്ട്രോലൈറ്റുകൾ എന്ന് പറയുന്നത്. (വിവ:)

രൂപത്തിൽ പുറന്തള്ളപ്പെടുന്നു. അല്ലെങ്കിൽ കിഡ്നിയിലുള്ള വളരെ സങ്കീർണ്ണമായ മൂക്കസ് സ്തര ങ്ങളിലൂടെ (Mucous Membrane) പുറന്തള്ളുന്നു. പഞ്ചസാരയുടെ കോശങ്ങളിലേക്കുള്ള സഞ്ചാരവും കോശങ്ങളിലെ പാഴ്വസ്തുക്കളു ടെ പുറന്തള്ളലും അവിശ്വസനീ യമായ അതിവേഗതയിലാണ് സംഭവിക്കുന്നത്.

ഇത് ഒരു ഊർജ്ജ ഗതാഗത സംവിധാനമാണ്. പക്ഷേ ഇതൊരു സംവിധാനം മാത്രമല്ല, അതിനേ ക്കാൾ കൂടുതലായ എന്തോ ഒന്നാണ്. രക്തത്തിലെ എല്ലാ കോശങ്ങളടക്കം ഓരോ മനുഷ്യാ വയവങ്ങൾക്കും നിലനിൽപ്പിന്ന് ഒരു നിശ്ചിത അളവ് പഞ്ചസാര ആവശ്യമാണ്. തീർച്ചയായും ഇതിൽ മുൻഗണനകളുണ്ട്. മസ്തിഷക്കത്തിന്നുള്ള പ്രധാന്യം മറ്റെല്ലാ അവയവങ്ങളെക്കാളും പരമ പ്രധാനമാണ്. രക്തത്തിലെ പഞ്ചസാരയുടെ ലെവൽ താഴുക യാണെങ്കിൽ തന്നെ മസ്തിഷ്ക്ക ത്തിലേക്കുള്ള നിശ്ചിത അളവ് സ്ഥിരമായ പഞ്ചസാര വിതരണം ഉറപ്പാക്കണം. മുഴുവൻ ശരീരത്തി ലെ പഞ്ചസാരയും തീരുന്നത് വരെ മസ്തിഷ്ക്കത്തിലേക്കുള്ള ഈ വിതരണം മുടങ്ങാതെ തുടരണം. ശരീരത്തിലെ എല്ലാ കോശങ്ങളും കോശകലകളും പഞ്ചസാരയുടെ ഉപഭോഗം ഒരേ അളവിൽ ആഗിര ണം ചെയ്യപ്പെടുന്ന സംവിധാന മാണെങ്കിൽ മസ്തിഷ്ക്കത്തിന്ന് അത് എപ്പോഴും ലഭ്യമാകാതെ അപകട സ്ഥിതി സംജാതമായേ ക്കാം. അതായത് മറ്റെല്ലാ കോശങ്ങ ൾക്കും കോശകലകൾക്കും പഞ്ച സാര ഒരേ അളവിൽ ഉപഭോഗത്തി നായി ലഭ്യമായെങ്കിൽ അമിത ഉപഭോഗത്താൽ മസ്തിഷക്കത്തിന്ന് അതിന്റെ ചൈതന്യം നിലനിർ ത്താനാവശ്യമായ പഞ്ചസാര ലഭ്യ മാകാതെ അപകടം സംഭവിക്കു മായിരുന്നു. . അതിനാൽ വിവിധ മുൻഗണനകൾ തമ്മിൽ പരസ്പരം സന്തുലനം പാലിക്കേണ്ടതുണ്ട്. മസ്തിഷ്ക്കമൊഴികെ ശരീരത്തിന്റെ എല്ലാ ഭാഗത്തും പഞ്ചസാരയുടെ ഉപഭോഗം നിർത്തുവാൻ ഗ്രന്ഥികൾ ഒരു സ്രവം പുറപ്പെടുവിക്കുകക്കുടി ചെയ്യുന്നുണ്ട്.

സന്തുലന പ്രക്രിയ ഒരു സ്ഥലത്ത് മാത്രമല്ല. അടരുകൾക്ക് പിറകെ അടരുകളായി അത്യധികം ലോലമായ സന്തുലന സംവി ധാനമാണ് സൃഷ്ടിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്ന ത്. ഇതാണ് മനുഷ്യാസ്തിത്വത്തി ന്റെ വിവിധ തലങ്ങളിൽ അബോധാ ത്മകമായി പ്രവർത്തിക്കുന്ന കേവല നീതി (Absolute Justice). അത് കേവലനീതി എന്ന പേരിൽ പരാമർശിക്കപ്പെട്ടിട്ടില്ലായിരിക്കാം. എങ്കിലും നീതിയും സമ്പൂർണ്ണ സന്തുലനവും ഒരേ പ്രതിഭാസ ത്തിന്റെ രണ്ട് നാമങ്ങളാണ് എന്ന വസ്തുതയിൽ നിന്നും രക്ഷപ്പെടാ ൻ ആർക്കും സാദ്ധ്യമല്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ വൈരുദ്ധ്യത്തിന്റെ ഭയലേശമന്യേ നമുക്ക് പറയാൻ സാധിക്കും തികഞ്ഞ ആരോഗ്യം എന്നത് തികവുറ്റ നീതിയുടെ മറ്റൊരു നാമമാണ്.

മനുഷ്യശരീരത്തിലെ പഞ്ചസാരയുമായി ബന്ധപ്പെട്ട സന്തുലനത്തിന്റെ പ്രശ്നം മനസ്സി ലാക്കാൻ എത്ര പഞ്ചസാരയാണ് നമുക്ക് ആവശ്യമായി വരുന്നത് എന്നത് ഉദാഹരണ സഹിതം നമുക്ക് ചർച്ചചെയ്യാം. പഞ്ചസാര യുടെ മിനിമം മുതൽ മാക്സിമം വരെയുള്ള അളവ് എത്രവരും. അതായത് 100 മില്ലി ലിറ്റർ രക്ത ത്തിൽ 60 മില്ലിഗ്രാം പഞ്ചസാര ഉപയോഗത്തിനായി എപ്പോഴുമുണ്ടാ യിരിക്കും. ഈ സമവാക്യത്തിന്റെ മാക്സിമം പഞ്ചസാരയുടെ അളവ് 100 മില്ലി ലിറ്ററിന്ന് 180 മില്ലീ ഗ്രാമിലധികം ഉയരാനും പാടില്ല.5 ഈ അനുപാതം അധികമാവുകയാ ണെങ്കിൽ പ്രസ്തുത അസന്തുലിതാ വസ്ഥയെയാണ് നാം രക്തത്തിലെ പ്രമേഹം (Blood Sugar) എന്ന് പറയുന്നത്.

ഇൻസുലിൻ സന്തുലനം പാലിക്കുന്നതിൽ പരാജയം സംഭവി ച്ചാൽ, സന്തുലനം ശരിയായി പാലിക്കാൻ അധികം വരുന്ന പഞ്ചസാര കിഡ്നി പുറന്തള്ളുന്നു. അത് കാരണം രക്തത്തിലുള്ള അധിക പഞ്ചസാരയുടെ സാന്നി ദ്ധ്യം ശരീരകോശങ്ങളെ ജീർണ്ണിപ്പി ക്കുന്നില്ല. സംഗതമല്ലാത്ത രീതിയിൽ അധികം വരുന്ന പഞ്ചസാര മൂത്രത്തിലൂടെ പുറന്തള്ളുമ്പോൾ പ്രമേഹ രോഗികളുടെ കാര്യത്തിൽ മൂത്രത്തിൽ അനാവശ്യമായുള്ള പഞ്ചസാര എന്തുകൊണ്ടാണുണ്ടാ വുന്നത്. ചിലപ്പോൾ കിഡ്നിയുടെ പ്രവേശന കവാടത്തിൽ രക്തത്തി ലെ പഞ്ചസാര വളരെയധികം ഉയർന്ന നിലയിലായാൽ അത് പുറന്തള്ളപ്പെടുകയില്ല. അതിന്റെ ഫലമായി രക്തത്തിൽ അപകട കരമാം വിധം പഞ്ചസാര കൂടുന്നു. ഇത് ചില അവയവങ്ങളെ രോഗാ തുരമാക്കുന്നു. പഞ്ചസാരയുടെ അമിതമായ ഒഴുക്കു മൂലം ഹൃദയ വാൽവുകൾ ക്ഷയിക്കുന്നു (ഒരു ചാലിലൂടെ ആസിഡൊഴുകുമ്പോൾ അത് ജീർണ്ണിച്ച് ക്ഷയിക്കുന്നത് പോലെ). അധികം പഞ്ചസാര രക്തകുഴലുകളിൽ കുറച്ച് നിക്ഷേപിക്കപ്പെടുകയും അവിടെ രക്തത്തിന്റെ ഒഴുക്ക് കുറയുകയും ചെയ്യുന്നു. രക്തചംക്രമണ വേഗത കുറഞ്ഞ് ***കാപിലറി* *(രക്ത കുഴൽ)** പോലെയുള്ള സ്ഥലങ്ങളി ൽ അധികം വരുന്ന പഞ്ചസാര നിക്ഷേപിക്കപ്പെടുന്നു. ഇത് പലവിധ ത്തിലുള്ള അസ്വസ്ഥതകളും തകരാറുകളും ഉണ്ടാക്കുന്നു. കണ്ണിലെ കാപിലറി രക്തക്കുഴലു കളിലാണ് ഇത് സംഭവിക്കുന്ന തെങ്കിൽ ആ വ്യക്തിക്ക് തിമിര രോഗം, ഗ്ലൂക്കോമ മുതലായ മറ്റു രോഗങ്ങൾ ബാധിച്ചേക്കാം. അത് നാഡികളിൽ കൂടിയുള്ള സ്പന്ദനം വേഗത കുറക്കും. നാഡീസ്പന്ദന ങ്ങളുടെ മന്ദഗതിയിലുള്ള ഈ അവസ്ഥയുടെ ഫലമായി മറ്റ് നേരിട്ടുള്ള അപകടങ്ങളും സൃഷ്ടി ക്കപ്പെട്ടേക്കാം.

ചില പ്രമേഹ രോഗികൾ അവരുടെ ഹൃദയത്തിന്ന് ചുറ്റുമുണ്ടാകുന്ന കോച്ചിപിടുത്തത്തിന്റെ വേദന അറിയാതെ പോവുന്നത് ദൈനംദിനമുള്ള നമ്മുടെ അനുഭവമാണല്ലോ. ഹാർട്ടിന്റെ ഭാഗത്ത് നിന്നുള്ള ഈ സിഗ്നലുകളുടെ അഭാവം കാരണം അവർക്ക് പെട്ടെന്ന് ഹൃദയാഘാതം സംഭവിക്കാം. അതായത് നീതിയുടെ സന്തുലനം എന്നത് കേവലം അക്കാദമിക് വാചോടാപമല്ല. നിരന്തരമായ നീതിയുടെ അഭാവം അല്ലെങ്കിൽ സന്തുലനത്തിലുള്ള അസാംഗത്യം, അത് ഒരിക്കലും തന്നെ പ്രകൃതിയിൽ ശിക്ഷിക്കപ്പെടാതെ പോകുന്നില്ല. അഹോ കഷ്ടം, ഈ പാഠമാണ് മനുഷ്യൻ അവഗണിക്കുന്നത്. അനീതിയുടെ അനന്തര ഫലങ്ങളിൽ നിന്ന് രക്ഷപ്പെടുമെന്ന മിഥ്യാവിചാരത്തിൽ അവൻ നിലകൊള്ളുകയും ചെയ്യുന്നു. അതിലേക്ക് നമുക്ക് പിന്നീട് തിരിച്ചു വരാം.

## രോഗത്തിൽ നിന്നുള്ള സംരക്ഷണം

മനുഷ്യ ജീവിതത്തിന്റെ ആരോഗ്യകരമായ പാലനത്തിന്ന് അല്ലാഹു സൃഷ്ടിച്ച മറ്റുചില സന്തുലന വ്യവസ്ഥകളുടെ ഉദാഹരണത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. മനുഷ്യ ജീവിതം മാത്രമല്ല, എണ്ണമറ്റ ജീവജാലങ്ങളുള്ള മുഴു പ്രപഞ്ചവും സുദൃഢമായ നിലയിൽ അചഞ്ചലവും കേവലവുമായ സന്തുലന തത്വത്തിന്നു കീഴിൽ നിയന്ത്രിക്കപ്പെടുകയും ചലിപ്പിക്കപ്പെടുകയും ചെയ്യുന്നു. എവിടെയാണോ അറിയാതെയോ കരുതികൂട്ടിയോ ഉള്ള ലംഘനമുണ്ടാകുന്നത് അത് രോഗത്തിന്റെ ആരംഭമാണെന്നു തിരിച്ചറിയാതിരിക്കില്ല.

ദൈവം അവന്റെ അപാരമായ അനുഗ്രഹത്താൽ ഓരോ വ്യവസ്ഥ്യയുടേയും ഉപവ്യവസ്ഥയായി ആഘാത പരിഹാര വ്യവസ്ഥയും (Cushioning) പൂർവ്വസ്ഥിതി പ്രാപിക്കാനുള്ള നൈസർഗ്ഗികമായ കഴിവും (Resilience) കൂടി അധികമായി മനുഷ്യ ശരീരത്തിന്ന് നൽകിയിട്ടുണ്ട്. വ്യക്തമായി പറയുകയാണെങ്കിൽ ഈ വ്യവസ്ഥ ***അദ്ൽ***ന്റെ അഥവാ നീതിയുടെ മണ്ഡലത്തിൽ നിന്ന് മാത്രമുള്ളതല്ല. അത് മനുഷ്യ ശരീരത്തിന്ന് ആസകലം പ്രത്യേകമായ കാരുണ്യ വഴിയിൽ വരദാനമായി നൽകപ്പെട്ട വ്യവസ്ഥയാണ്. മറ്റൊരു വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ, മനുഷ്യന്റെ പിഴവുകൾ, അധികമായ അശ്രദ്ധകൾ, വരുത്തിവക്കുന്ന അപകടങ്ങൾക്ക് പോലും അതിന്റെ കഷ്ടനഷ്ടങ്ങൾ പരിഹരിക്കാനുള്ള ഒരു വ്യവസ്ഥ ദൈവം അനുവദിച്ചിരിക്കുന്നു എന്നാണ് പറയാൻ കഴിയുക. മനുഷ്യന്റെ ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെ വീക്ഷണ കോണിൽ നോക്കുമ്പോൾ അത് നാം നേരത്തെ സുദീർഘമായി ചർച്ചചെയ്തത് പോലെ ***ഇഹ്സാൻ*** എന്ന പദത്തിലെ അർത്ഥത്തിന്ന് സമാനമായാണ് കൂടുതൽ കാണപ്പെടുന്നത്.

***ഇഹ്സാൻ, ഇതാദിൽ ഖുർബാ*** എന്നിവ യുടെ സൽപ്രവർത്തികൾ നീതിക്ക് മുകളിലും നീതിയേക്കാൾ അധികവുമാണ്. ഉദാഹരണത്തിന്ന്. ഒരു മനുഷ്യന്ന് ദിനേനയുള്ള ആവശ്യങ്ങൾ നിവർത്തിപ്പാനുള്ള ദഹനരസം മാത്രമേ ലഭ്യമാവുന്നുവെങ്കിൽ അത് സൂചിപ്പിക്കുന്നത് എല്ലാവർക്കും അതിന്നാവശ്യമുള്ളത് മാത്രമാണ് ഭക്ഷിക്കുക എന്നാണല്ലോ. കൂടുതലായി ഭക്ഷിക്കാനുള്ള അവസരം ഉണ്ടാവുന്നില്ല എന്നുമാണ്. ഇത് നീതിയുടെ മാത്രം അനുശാസനമാണ്. പക്ഷേ ദൈവം ജീവികളോട് അതിശയകരാം വിധം വളരെ ഔദാര്യത്തോടെയാണ് പെരുമാറുന്നത്. ജീവികൾ ഭക്ഷിക്കുന്ന അധിക ഭക്ഷണം പോഷക ശോഷണമുള്ള ദിനങ്ങൾക്ക് വേണ്ടി കരുതലായി കൊഴുപ്പ് രൂപത്തിൽ സംഭരിച്ചു വെക്കുകയാണ് ചെയ്യുന്നത്. തീർച്ചയായും അധികം കൊഴുപ്പ് മൃഗങ്ങൾക്ക് ഒരു ഭാരമാണ്. എന്നാൽ മിതമായ അളവ് കൊഴുപ്പ് അതിന്റെ അതിജീവനത്തിന് ആവശ്യവുമാണ്. സാധാരണ നിലയിൽ ഒരാൾക്ക് ആരോഗ്യകരമായ ജീവിതത്തിന്നാവശ്യമായതിന്റെ ഇരട്ടി ഭക്ഷണം ദഹിപ്പിക്കാനാകും. ഇതിന്റെയും പരിധിയിൽ കവിഞ്ഞ് ഒരാൾ ഭക്ഷിച്ചാൽ ശിക്ഷയുടെ മേഖല ആരംഭിക്കുന്നു. ഒരാൾക്കും തന്നെ അതിന്റെ അനന്തര ഫലം അനുഭവിക്കാതെ നീതിയുടെ സ്ഥിരമായ ലംഘകനായി നിൽക്കാനാവില്ല.

അതിലോലമായ സംന്തുലന സംവിധാന പാലനത്തെ പറ്റി നമുക്കിപ്പോഴും മതിയായ വിവരമില്ല. ചിന്തയുടെയും കണക്കുകൂട്ടലിന്റേയും ഏറ്റവും സങ്കീർണ്ണമായ കഴിവുകൾ കൊണ്ട് സജ്ജീകരിക്കുകയും ജീവിതത്തിന്റെ എല്ലാ പരിണാമാത്മക നേട്ടങ്ങൾക്കും *ബോധം* നേതൃത്വം നൽകുകയും ചെയ്യുന്ന മനുഷ്യനെ പോലെയുള്ള ഒരു അഭിജാത ജീവി ദൈവത്തോട് നന്ദി കെട്ടവനായി തുടരുന്നു എന്ന സ്ഥിതി എത്ര കഷ്ടമാണ്. മനുഷ്യനോട് ഏറ്റവും തികവാർന്ന രീതിയിൽ നീതി പൂർവ്വം പെരുമാറിയിട്ടും മനുഷ്യൻ എത്രമാത്രം നീതിരഹിതമായാണ് അവന്റെ സ്രഷ്ടാവിനോട് വർത്തിക്കുന്നത്. വാസ്തവത്തിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളും പരിഗണിച്ചു കൊണ്ട് സർവ്വ ആവശ്യങ്ങളും നിറവേറ്റാൻ നിരന്തരം ശ്രദ്ധയോടെ എണ്ണമറ്റ പരസ്പര ബന്ധത്തിന്റെ പ്രവിശാലമായ ആന്തരിക പ്രപഞ്ചങ്ങൾ ലയിച്ചു ചേർന്ന തികവുറ്റ സന്തുലനവും സാമഞ്ജ്യസ്യവും മനുഷ്യ ശരീരത്തിൽ നിലനിൽക്കുന്നു. മനുഷ്യനിലുള്ള ഈ കൊച്ചു പ്രപഞ്ചങ്ങളുടെ സ്വരമേളനമാണ് അവനിലുള്ള ഉദാത്തമായ സംഗീതം. മനുഷ്യനാണ് ദൈവത്തിന്റെ ഏറ്റവും മഹിഷ്ഠമായ സൃഷ്ടി. പക്ഷേ മനുഷ്യൻ അവനിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വിസ്മയ പ്രപഞ്ചത്തെ പറ്റി നിസ്സംഗമായ അശ്രദ്ധയിലാണ്.

ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും 4

# യൂറോപ്പിലെ മതവിചാരണ കോടതികൾ

നീതിനടപ്പാക്കുന്നതിൽ മതവിചാരണ കോടതികൾ കാട്ടിയ പക്ഷപാതിത്വങ്ങളും അസഹിഷ്ണുതയും മതത്തോടും നീതിവ്യവസ്ഥയോടും ജനഹൃദയങ്ങളിൽ വെറുപ്പുണ്ടാക്കി. സെക്കുലർ മൂല്യങ്ങൾക്ക് സമൂഹത്തിൽ വേരോട്ടമുണ്ടാകാൻ ഇത് സഹായകമായി.

**എ.എം. മുഹമ്മദ് സലീം**

ഒരു നിയമ വ്യവസ്ഥക്കുള്ളിൽ ഒരു രാജ്യത്ത് ജീവിക്കുന്ന ഭരണീയരും ഭരിക്കപ്പെടുന്നവരുമായ എല്ലാ പൗരന്മാർക്കും ജാതിമത വർഗ്ഗ ഭേദമില്ലാതെ സമത്വത്തോടെ നീതി ഉറപ്പാക്കുന്ന സുപ്രധാന വേദിയാണ് കോടതികൾ. നിർഭാഗ്യകരമെന്ന് പറയട്ടെ മദ്ധ്യകാലഘട്ടം മുതൽ ആധുനിക കാലഘട്ടം വരെ യൂറോപ്പിലെ ക്രിസ്ത്യൻ ഇൻക്വിസിഷൻ കോടതികൾ വിശ്വാസസ്വാതന്ത്ര്യത്തെയും സ്വതന്ത്രചിന്തയേയും അടിച്ചമർത്തുന്ന സ്ഥാപനങ്ങളായി നിലകൊണ്ടു. യൂറോപ്പിൽ മതത്തെ ആളുകൾ വെറുക്കുകയും സെക്കുലർ ആശയങ്ങൾ ജനഹൃദയങ്ങളിൽ രൂപപ്പെടാൻ ഇത് കാരണമാവുകയും ചെയ്തു. ആയിരം അപരാധികളെ വെറുതെ വിട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത് എന്നതാണ് മനുഷ്യനിലെ നീതിബോധത്തിന്റെ ആപ്തവാക്യം. ഈ നിലപാടിനെ മുൻനിർത്തി കുറ്റം ആരോപിക്കപ്പെട്ട വ്യക്തിക്ക് അയാളുടെ നിരപരാധിത്വവും നിർദോഷിത്വവും തെളിയിക്കാൻ നിയമത്തിന്റെ എല്ലാ പരിരക്ഷയും അപരാധിക്ക് നൽകപ്പെടണം എന്നതാണ് പരിഷ്കൃത സമൂഹത്തിന്റെ നീതി സങ്കൽപ്പം. മാത്രമല്ല സംശയത്തിന്റെ ആനുകൂല്യം പ്രതിക്കാണ് നൽകപ്പെടുക. ഇതിന്നായി കോടതികൾ അവലംബിക്കുന്ന രീതി കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയുടെ കുറ്റം തെളിവുകൾ നൽകി സമർത്ഥിക്കാനുള്ള ഉത്തരവാദിത്വം അന്യായക്കാരനാണ്. അന്യയക്കാരന്റെ വാദങ്ങളെ ഖണ്ഡിക്കാനും സ്വന്തം നിർദോഷിത്വം തെളിയിക്കാനും പ്രതിക്ക് അവസരം നൽകുകയും ചെയ്യുന്നു. ഈ വ്യവസ്ഥ നടപ്പാക്കാൻ കോടതികൾ അവലംബിക്കുന്ന മാർഗ്ഗമാണ് അഡ്‌വേഴ്‌സാരിയൽ രീതി (Adversarial system). അതായത് രണ്ട് അഡ്വക്കേറ്റുമാർ അന്യായക്കാരനും പ്രതിക്കും വേണ്ടി ഒരു ന്യായാധിപന്റെ മുമ്പിൽ വെച്ച് നിയമങ്ങൾ ഉദ്ധരിച്ച് വാദവും മറുപക്ഷത്തിന്റെ വാദങ്ങളെ ഖണ്ഡിച്ച് പ്രതിവാദവും നടത്തുന്നു. ഈ കോടതി സമ്പ്രദായത്തിൽ അഭിഭാഷകന്റെ മിടുക്കിനനുസരിച്ച് വിധി സ്വാധീനിക്കപ്പെടും എന്ന ഒരു സാദ്ധ്യത തള്ളിക്കളഞ്ഞുകൂടാ. എങ്കിലും തെളിവുകൾ ഉന്നയിച്ചും അത് പരിശോധിച്ചും വാദിയേയും പ്രതിയേയും സാക്ഷികളേയും വിസ്തരിച്ചും നേരിട്ട് ചോദ്യം ചെയ്തും നടത്തുന്ന ഈ കോടതി സംവിധാനം മുഖേന ന്യായാധിപന്ന് ഇരുകക്ഷികളും തമ്മിലുള്ള തർക്കത്തിലെ സത്യം മിക്കവാറും ബോദ്ധ്യപ്പെടുകയും കുറ്റമറ്റ രീതിയിൽ വിധി പ്രസ്താവം നടത്താൻ സാധിക്കുകയും ചെയ്യുന്നു എന്നാണ് സങ്കൽപ്പം. എന്നാൽ ഇൻക്വിസിറ്റോറിയൽ ലീഗൽ സിസ്റ്റം (Inquisitorial system)എന്നത് അഡ്‌വേഴ്‌സാരിയൻ രീതിയിൽ നിന്നും വ്യത്യസ്തമായി ന്യായാധിപൻ നേരിട്ട് സാക്ഷികളെ വിസ്തരിച്ച് വിധിപറയുന്ന രീതിയാണ്. ഈ കോടതി സമ്പ്രദായത്തിൽ പ്രതിക്ക് വേണ്ടി വക്കാലത്ത് ഏറ്റെടുക്കുന്ന അഭിഭാഷകർക്ക് കാര്യമായ പങ്കില്ല. വിചാരണ ചെയ്ത് വിധിക്കേണ്ടതിന്റെ മുഖ്യചുമതല ന്യായാധിപന്ന് തന്നെയാണ്. മാത്രമല്ല താൻ കുറ്റക്കാരനല്ല എന്ന് തെളിയിക്കേണ്ട ബാദ്ധ്യത പ്രതിക്ക് തന്നെയാണ്. ദേശീയ രാഷ്ട്രങ്ങൾ രൂപപ്പെട്ടു വരുന്നതിന്ന് മുമ്പ് മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിലെ ക്രിസ്തീയ മതകോടതികൾ (Ecclesiastical Court) അവലംബിച്ചു വന്നത് ഇൻക്വിസിറ്റോറിയൽ രീതിയാണ്. ഇതിൽ പരമ യഥാസ്ഥികരും അസഹിഷ്ണുക്കളുമായിരുന്ന സഭയും പുരോഹിതന്മാരും നീതിപീഠങ്ങളിൽ ന്യായാധിപന്മാരായി വരുമ്പോൾ ഇൻക്വിസിഷൻ

കോടതികൾ മനുഷ്യത്വത്തിന്റെയും മനുഷ്യ സ്വാതന്ത്ര്യത്തിന്റേയും കശാപ്പു ശാലകളായി മാറുകയാണുണ്ടായത്. ഇൻക്വിസിഷൻ കോടതികൾ സംഹാര താണ്ഡവമാടിയ രണ്ട് നൂറ്റാണ്ടുകാലം 32,000 മനുഷ്യരെ അതിക്രൂരമായി ചുട്ടുകൊല്ലുകയും വധിക്കുകയുമുണ്ടായി. എണ്ണമറ്റ ആളുകളെ പലവിധ ശിക്ഷകൾക്കും വിധേയമാക്കി. സ്വതന്ത്ര ചിന്തയേയും ശാസ്ത്ര പുരോഗതിയേയും ഇരുട്ടുമുറികളിൽ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടി

ഇൻക്വിസിഷൻ കോടതികളുടെ ക്രൂരമായ വിചാരണകൾക്കും പീഢനങ്ങൾക്കും വിധേയമായവരിൽ ക്രിസ്തുമതത്തിലുള്ള വിമതപ്രസ്ഥാനക്കാരും സ്വതന്ത്ര ചിന്തകരും ശാസ്ത്ര പ്രതിഭകളുമുണ്ട്. കാതാരിസം (Catharism) വാൽഡനിസം (Waldensians) ലൊല്ലാർഡുകൾ (Lollard) ആത്മീയ ഫ്രാൻസിസ്ക്കനിസം (ടുശൃശൗേമഹ എൃമിരശരെമിെ) കുരിശുയുദ്ധത്തിൽ പങ്കെടുത്തക്നൈറ്റുകൾ മുതലായവരെല്ലാമുണ്ട്. ക്രിസ്തുമത പൂർവ്വ യൂറോപ്പിൽ മന്ത്രവാദവും ആഭിചാരവും വ്യാപകമായിരുന്നു. അതെല്ലാം പ്രാകൃതമതക്കാരുടെ ആചാരമാണെന്നും ക്രിസ്തുമതം അതിൽ നിന്നെല്ലാം മുക്തമാണെന്നും പറഞ്ഞ് മന്ത്രവാദിനികളെയും ആഭിചാരക്കാരെയും മതക്കോടതികൾ വൻതോതിൽ വേട്ടയാടി കണ്ടെത്തി വിചാരണചെയ്ത് ശിക്ഷിക്കുകയുണ്ടായി. അതുപോലെ സ്പെയിനിലെ യഹൂദരെയും വെറുതെ വിട്ടില്ല. സ്പെയിൻ ഒരുകാലത്ത് ഭരിച്ചിരുന്ന മുസ്ലിംകളെ അവിടെ നിന്നും പുറത്താക്കി ബാക്കിയുള്ള മുസ്ലിംകളെ നിർബന്ധപൂർവ്വം മതപരിവർത്തനം നടത്തി ക്രിസ്ത്യൻ ഭരണം നടപ്പാക്കിയതിന്ന് ശേഷമാണ് സ്പെയിനിൽ ഇൻക്വിസിഷൻ മതപീഢനം ആരംഭിക്കുന്നത്. അത്കൊണ്ട് മുസ്ലിംകൾ ഇൻക്വിസിഷൻ കോടതിയുടെ പരിധിയിൽ വന്നിട്ടില്ല. സ്പെയിനിലെ യഹൂദരായിരുന്നു അവരുടെ ക്രൂരതകൾക്ക് വിധേയരായ കൂട്ടർ.

കത്തോലിക്കാ സഭയിലെ ഔദ്യോഗിക മതസിദ്ധാന്തങ്ങൾക്കും (Dogma) ആശയങ്ങൾക്കും ചിന്താധാരകൾക്കും എതിരായ അഭിപ്രായങ്ങളും (Heresies) മതദൂഷണങ്ങളും (Blasphemies) വെച്ചു പുലർത്തുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും മതപരിത്യാഗികൾ (Apostaers) എന്നാണ് സഭ കരുതുന്നത്. അവരെ ഈ മതവിചാരണ കോടതികളാണ് വിചാരണ ചെയ്ത് ശിക്ഷിച്ചിരുന്നത്. ക്രി.വ 1184ൽ മതനിന്ദ ആരോപിക്കപ്പെട്ട ഫ്രാൻസിലെ കതാരികൾ (Catharists) എന്ന ക്രിസ്തീയ വിമത പ്രസ്ഥാനത്തെ അടിച്ചമർത്താൻ പോപ്പ് ലൂസിക്കസ് ഫ്രാൻസിലേക്ക് ബിഷപ്പുമാരെ അയക്കുന്നത് മുതലാണ് ആദ്യകാല മതവിചാരണ കോടതികളുടെ ചരിത്രം ആരംഭിക്കുന്നത്. സഭയുടെ കുപ്രസിദ്ധമായ മദ്ധ്യകാല ഇൻക്വിസിഷൻ കോടതികൾ 1231 ൽ പോപ്പ് ഗ്രിഗറിയുടെ കാലം മുതലാണ് വ്യവസ്ഥാപിതമായി ആരംഭിക്കുന്നത്. പ്രാദേശിക ബിഷപ്പുമാർ പലരും ഇൻക്വിസിഷൻ കോടതികൾ ഫലപ്രദമായി നടപ്പാക്കാതിരുന്ന സാഹചര്യത്തിലാണ് ബിഷപ്പ്മാരിലൂടെ തന്നെ അവർക്ക് മീതെ പോപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇൻക്വിസിഷൻ കോടതികൾ പ്രവർത്തിച്ചിരുന്നത്. ഇൻക്വിസിഷൻ കോടതികളിൽ ജഡ്ജിമാരെ പോപ്പ് നേരിട്ട് നിയമിക്കുന്ന മതപുരോഹിതന്മാരാണ്. പലകാലങ്ങളിലും ഇൻക്വിസിഷൻ സമ്പ്രദായം പലരീതിയിലും പ്രവർത്തിച്ചതായി കാണാം. വേദവിപരീതം അഥവാ ഹെറിസി ഏകപക്ഷീയമായി ഒരാൾക്കെതിരെ ആരോപിക്കപ്പെട്ടാൽ കുറ്റം ആരോപിക്കപ്പെട്ട വ്യക്തിക്ക് തന്നെയാണ് താൻ കുറ്റവാളിയല്ല എന്ന് തെളിയിക്കാനുള്ള ചുമതല. ക്രി. വ. 1252 ൽ പോപ്പ് ഇന്നസെന്റ് വേദവിപരീതം ആരോപിക്കപെട്ട ഹതഭാഗ്യരെ അതിക്രൂരമായി ഭേദ്യം ചെയ്യാനുള്ള അധികാരം മതകോടതികൾക്ക് നൽകിയത്. കുറ്റം തെളിഞ്ഞാൽ സമൂഹ ബഹിഷ്ക്കരണം, ജയിൽശിക്ഷ, വധശിക്ഷ, അഗ്നിയിൽ ദഹിപ്പിക്കൽ മുതലായ ശിക്ഷകളായിരുന്നു മതകോടതികൾ നടപ്പാക്കിയിരുന്നത്.

ഇൻക്വിസിഷൻ കോടതികൾ കത്തോലിക്കാസഭക്ക് സ്വാധീനമുള്ള സ്ഥലങ്ങളിലായിരുന്നു നടപ്പാക്കിയിരുന്നത്. ഇറ്റലിയിലെ പേപ്പൽ സ്റ്റേറ്റുകൾ ഒഴികെ ഇൻക്വിസിഷൻ കോടതികളുടെ ശിക്ഷ പ്രത്യേകിച്ച് ചുട്ടുകൊല്ലൽ മുതലായവ നടപ്പാക്കിയിരുന്നത് അവിടെയുണ്ടായിരുന്ന രാജഭരണകൂടങ്ങളായിരുന്നു. 16–ാം നൂറ്റാണ്ടിൽ നിലവിൽ വന്ന പ്രൊട്ടസ്റ്റന്റ് വിഭാഗവും ഇൻക്വിസിഷൻ സമ്പ്രദായങ്ങൾ തന്നെയാണ് അനുവർത്തിച്ചു വന്നത്. സ്പെയിൻ, പോർട്ടുഗൽ, ഇറ്റലി എന്നീ രാജ്യങ്ങളിലായിരുന്നു വ്യവസ്ഥാപിതമായി ക്രിസ്ത്യൻ മതകോടതികൾ പ്രവർത്തിച്ചത്. അന്നത്തെ കോളോണിയൽ ശക്തികളായിരുന്ന സ്പെയിനിന്റെ കീഴിലുള്ള അമേരിക്കയിലും പോർട്ടുഗലിന്റെ സ്വാധീനമുണ്ടായിരുന്ന ഇന്ത്യൻ പ്രദേശങ്ങളിലും ക്രിസ്തുമത സ്വാധീനമുണ്ടായിരുന്ന മറ്റു യൂറോപ്യൻ നാടുകളിലെല്ലാം ഇൻക്വിസിഷൻ കോടതികളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. നമ്മുടെ ഇന്ത്യയിലും പ്രവർത്തിച്ച പോർട്ടുഗൽ ഇൻക്വിസിഷൻ കോടതികളെ പറ്റി പിന്നീട് വിവരിക്കാം. ക്രിസ്ത്യാനികളുടെ മതവിപരീതം വിചാരണ ചെയ്ത് ശിക്ഷിക്കാനായിരുന്നു ഇൻക്വിസിഷൻ കോടതികൾ സ്ഥാപിച്ചിരുന്നതെങ്കിലും മദ്ധ്യകാലഘട്ടത്തിൽ സ്പെയിനിലും പോർട്ടുഗലിലും യഹൂദന്മാർക്കെതിരെ അറ്റമില്ലാത്ത പീഢനങ്ങളാണ് അവർ അടിച്ചേൽപിച്ചത്. യഹൂദരെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന പോഗ്രോം എന്ന കൂട്ടക്കൊലകൾ

അരങ്ങേറുകയും ബാക്കിയുള്ള വരെ നിർബന്ധിച്ച് ക്രിസ്തുമത ത്തിലേക്ക് മതപരിവർത്തനം നടത്തുകയും ചെയ്തു. അങ്ങനെ അവരുടെ വിശ്വാസത്തിൽ സംശയി ക്കുന്നവരുടെ മേൽ കടുത്ത ശിക്ഷാമുറകൾ നടപ്പാക്കുകയു മായിരുന്നു പതിവ്.

## വിമത പ്രസ്ഥാനങ്ങൾക്കെതിരെ

തെക്കൻ ഫ്രാൻസിൽ രൂപം കൊണ്ട കതാരികൾ (Catharists) എന്ന പ്രസ്ഥാനത്തിന്നെതിരെയാണ് മതവിചാരണ കോടതികൾ ആദ്യ മായി രൂപംകൊണ്ടത്. കാതാരി കളുടെ യഥാർത്ഥ രചനകളെല്ലാം ക്രിസ്തുസഭ നശിപ്പിച്ചതിനാൽ വിമർശകരുടെ രചനകൾ മാത്രമെ അവരുടെ ആശയങ്ങൾ അറിയാനു ള്ള മാർഗ്ഗമായി അവശേഷിക്കു ന്നുള്ളൂ. പേർഷ്യ ബൈസാൻഷ്യം സാമ്രാജ്യം എന്നിവിടങ്ങളിൽ നിന്നുള്ള ആശയങ്ങൾക്ക് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. അവിടങ്ങളിലെ മാനിക്കേയൻ മതക്കാരെ പോലെ നന്മ തിന്മകളുടെ പോരാട്ടമാണ് പ്രപഞ്ചത്തിൽ നടക്കുന്നതെന്ന ജ്ഞാനവാദാധിഷ്ഠിതമായ (Gnostic) ഒരുതരം ആശയമാണ് അവർ ഉയർത്തിയിരുന്നത്. പഴയ നിയമ ത്തിലെ കർക്കശക്കാരനായ ദൈവ ത്തെ നിരാകരിക്കുന്ന കാതാരികൾ പുതിയ നിയമത്തിലെ കാരുണ്യ മൂർത്തിയായ ദൈവത്തെയാണ് അംഗീകരിക്കുന്നത്. പുതിയ നിയമ ത്തിലെ ഗിരി പ്രഭാഷണത്തിലെ യേശുവിന്റെ അദ്ധ്യാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള കടുത്ത സന്മാർഗ്ഗ വാദികളായിരുന്നു കത്താറുകൾ. അവർ സഭാഘടന ക്കും ത്രിത്വ സങ്കൽപ്പത്തിന്നും കന്യാജനനത്തിന്നും പ്രതിമാ വണക്കത്തിന്നും എതിരായിരുന്നു. പുരുഷമേധാവിത്വമുള്ള സഭക്ക് വിരുദ്ധമായി സ്ത്രീകൾക്ക് അവർ ഉന്നത പദവികളാണ് നൽകിയത്. അവരുടെ സങ്കൽപ്പത്തിൽ യേശു ഒരു മാലഖയാണ് ദൈവാസ്തി ത്വത്തിന്റെ ഭാഗമല്ല. ഇത്തരം ആശയങ്ങൾ വെച്ചുപുലർത്തിയ കാതാരി ആശയങ്ങളെ ഉന്മൂലനം ചെയ്യാനാണ് സഭ ഇൻക്വിസിഷൻ കോടതികൾ സ്ഥാപിച്ചത്.

അതുപോലെ സഭയുടെ ക്രൂര മായ പീഢനങ്ങൾക്ക് വിധേയമായ ഒരു വിഭാഗമാണ് ലൊല്ലാർഡുകൾ (Lollard) ബൈബിൾ ആദ്യമായി അഭിജാതമായ ലത്തീൻ ഭാഷയിൽ നിന്നും സാധാരണക്കാരുടെ ഭാഷ യായ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ജോൺ വിക്ലിഫിന്റെ (John Wycliffe 1328-1384) അനുയായി കളെയാണ് ലൊല്ലാർഡുകൾ എന്ന് വിളിക്കുന്നത്. യാതൊരു അക്കാദ മിക യോഗ്യതയുമില്ലാത്ത ഇംഗ്ലീഷു മാത്രം അറിയുന്നവരെ പരിഹാസ ദ്യോദകമായിട്ടാണ് ലൊല്ലാർഡുകൾ എന്ന് വിളിച്ചിരുന്നത്. കത്തോലിക്കാ സഭയുടെ പല വിശ്വാസങ്ങളെയും ആചാരങ്ങളെയും സമ്പ്രദായങ്ങളെ യും രാഷ്ട്രീയ സാമ്പത്തിക ഇടപെടലുകളെയും വിക്ലിഫ് വെല്ലുവിളിച്ചു. മാർപ്പാപ്പയുടെ ആദ്യ വിമർശകരിൽ ഒരാളായാണ് വിക്ലി ഫിനെ കാണുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്നും അനുയായികൾ ക്കുമെതിരെ 4 മെയ് 1415 ൽ ഹെറിസി (മതനിന്ദ) പ്രഖ്യാപിച്ചു. അദ്ദേഹത്തി നെതിരെ സാമൂഹിക ബഹിഷ്ക്കര ണം പ്രഖ്യാപിച്ചു. കത്തോലിക്കാ സഭ വിക്ലിഫിനെതി രെ എടുത്ത നിലപാടിൽ ഇംഗ്ലണ്ടി ലെ ഭരണാധി കാരികൾ സംതൃപ്ത രായിരുന്നില്ല. പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന്റെ വഴിതെളിയിച്ച ആളായാണ് വിക്ലിഫിനെ കണക്കാ ക്കുന്നത്. സഭാ നവീകരണത്തിന്റെ പ്രഭാതനക്ഷത്രം (Morning Star of Reformation) എന്നും അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. വിചാരണ സമയത്താണ് അദ്ദേഹം മരണപ്പെട്ട ത്. മൃതദേഹം പിന്നീട് കബറിട ത്തിൽ നിന്ന് പുറത്തെടുത്ത് കത്തിച്ചു കളയുകയാണുണ്ടായത്.

മദ്ധ്യയുഗത്തിന്റെ അവസാന ത്തിൽ യൂറോപ്പിൽ ഉടലെടുത്ത മറ്റൊരു വിമത ക്രൈസ്തവ പ്രസ്ഥാനമായിരുന്നു വാൽഡൻഷ നിസം(Waldensians) ഫ്രാൻസിലെ ലയോൺസ് നഗരത്തിൽ ജീവിച്ചിരു ന്ന പീറ്റർ വാൾഗോ (ക്രി.വ. 1140–1218) എന്ന ധനികനായിരുന്ന വ്യാപാരിയുടെ മതവീക്ഷണമാണ് വാൽഡനിസം എന്ന് വിളിക്കുന്നത്. അദ്ദേഹത്തിന്റെ പണമെല്ലാം ദാനം ചെയ്ത് ലോൺസിലെ ദരിദ്രൻ എന്ന വിശേഷണം സ്വീകരിച്ച് ക്രിസ്തീയ ദാരിദ്ര്യത്തിൽ ലളിതമായി ജീവിച്ച് സുവിശേഷം പ്രഘോഷിക്കാൻ വാൾഗോ തുടങ്ങി. നാട്ടുഭാഷയിൽ ബൈബിൾ വിവർത്തനങ്ങൾ കാണാതെ പഠിച്ചു. സാധാരണക്കാർ ബൈബിൾ അവരുടെ ഭാഷയിൽ പഠിക്കുന്നതിനാൽ ബൈബിൾ പുരോഹിതന്മാരല്ലാതെ കൈവശം വെക്കുന്നത് സഭ നിരോധിച്ചിരുന്നു. കർത്താറുകളെ വേട്ടയാടിയത് പോലെ ഈ ക്രിസ്തീയ സമൂഹ ത്തെയും സഭ അടിച്ചമർത്തി.

യൂറോപ്പിൽ വ്യവസ്ഥാപിത മായുണ്ടായ ആദ്യത്തെ ഇൻക്വിസി ഷൻ കോടതികൾ പോപ്പ് സിക്സ സ് നാലാമന്റെ കാലത്ത് നടപ്പാക്കിയ സ്പെയിനിലെ ഇൻക്വിസിഷൻ കോടതികളായിരുന്നു. അന്ന് കോളോണിയൽ ശക്തിയായിരുന്ന സ്പെയിനിന്റെ കോളനിയായിരുന്ന അമേരിക്കയിലും ഇൻക്വിസിഷൻ കോടതികളുണ്ടായിരുന്നു. സ്പെയി നിലെ ഭരണാധികാരികളായ ഫെർഡിനാൻഡ് ഇസബെല്ല രാജ ദമ്പതികളുടെ അഭ്യർത്ഥന പ്രകാര മാണ് ഇൻക്വിസിഷൻ കോടതികൾ സ്ഥാപിക്കാൻ പോപ്പ് അനുവദി ച്ചത്. 1478 നവംബർ 1 ന്ന് സ്ഥാപിച്ച കുപ്രസിദ്ധമായ ഈ കോടതി 1834 നാണ് അവസാനിപ്പിച്ചത്. സ്പെയി നിൽ സ്വന്തം പ്രജകളായ ക്രിസ്ത്യാ നികൾക്കും ജൂതന്മാർക്കുമെതിരെ 200 വർഷം ഇൻക്വിസിഷൻ കോടതികൾ നടത്തിയ അതിഭയാന കമായ പ്രവർത്തനങ്ങൾ ചരിത്ര ത്തെ കിടിലം കൊള്ളിക്കുന്ന സംഭവങ്ങളാണ്. ഇൻക്വിസിറ്റേർസ് ഒരു നാട്ടിൽ എത്തിക്കഴിഞ്ഞാൽ അവരുടെ സാന്നിദ്ധ്യം അറിയിച്ച്

പൗരന്മാർക്ക് അവരുടെ മതനിന്ദ അല്ലെങ്കിൽ വേദവിപരീതം സ്വയം പ്രഖ്യാപിച്ച് കുറ്റസമ്മതം നടത്താനുള്ള അവസരം നൽകും. തീർത്ഥാടനം മുതൽ ചാട്ടവാറടി വരെയുള്ള ശിക്ഷകളാണ് വിധിക്കുക. മതനിന്ദ, പാഷാണ്ഡത ആരോപിക്കപ്പെട്ടയാൾ കുമ്പസാരിച്ചില്ലെങ്കിൽ പീഢനവും വധശിക്ഷയും ചുട്ടുകൊല്ലലുമായിരിക്കും ശിക്ഷ.

## യഹൂദ വേട്ട

സ്പെയിനിൽ മുസ്ലിംകൾ ഭരിച്ചിരുന്ന കാലം യഹൂദരുടെ സുവർണ്ണകാലമായിരുന്നു. അവർക്ക് സർവ്വവിധ സ്വാതന്ത്ര്യങ്ങളും അനുവദിച്ചിരുന്നു. 15-ാം നൂറ്റാണ്ടിൽ മുസ്ലികളെ പുറത്താക്കി ഇസബെല്ലാ രാജദമ്പതികളുടെ ക്രിസ്തീയ ഭരണം ആരംഭിച്ചതോടെ യഹൂദരുടെ കഷ്ടകാലം ആരംഭിക്കുകയും ചെയ്തു. രാജ ദമ്പതികളുടെ കാലത്ത് അതിക്രൂരമായ വേട്ട നടത്തി യഹൂദരെ ക്രിസ്തുമതത്തിലേക്ക് നിർബന്ധിപ്പിച്ച് മതപരിവർത്തനം നടത്തുകയുണ്ടായി. ബാക്കിയുള്ളവരെ നാടുകടത്തുകയും ചെയ്തു. അവരാണ് അധികവും അമേരിക്കയിലേക്കും മറ്റു യൂറോപ്യൻ നാടുകളിലേക്കും കുടിയേറിയത്. സ്പെയിനിലെ ഈ പരിവർത്തിത ക്രിസ്ത്യൻ യഹൂദരെയാണ് കൺവേഴ്സോസ് (Conversos) എന്ന് വിളിക്കുന്നത്. അവർ ബാഹ്യമായി ക്രിസ്തുമതം സ്വീകരിച്ചെങ്കിലും രഹസ്യമായി യഹൂദ മതം ആചരിച്ചിരുന്നു അല്ലെങ്കിൽ ആചരിച്ചിരുന്നതായി ക്രിസ്ത്യാനികൾ ആരോപിച്ചിരുന്നു. Crypto-Jew (രഹസ്യ ജൂതൻ) എന്നും വളരെ നിന്ദാകരമായി പന്നി എന്നർത്ഥം വരുന്ന Marranos എന്നുമാണ് പലരും അവരെ വിളിച്ചിരുന്നത്. പരിവർത്തനം ചെയ്ത യഹൂദരെ ശകുനമായും സംശയത്തോടെയുമായിരുന്നു മദ്ധ്യാകാല യൂറോപ്പിൽ ക്രിസ്ത്യാനികൾ നോക്കിക്കണ്ടത്. പ്ലേഗ് മുതലായ പകർച്ച വ്യാധികൾ വന്നാൽ ഈ യഹൂദർക്കെതിരെ ആരോപണമുയരുകയും ക്രിസ്ത്യാനികളുടെ കിണറുകളിൽ അവർ വിഷം കലർത്തുന്നു എന്നും ക്രിസ്ത്യൻ കുട്ടികളെ തട്ടികൊണ്ടുപോകുന്നുവെന്നും ആരോപിച്ച് വൻ യഹൂദ വേട്ടകളുടെ തരംഗങ്ങളായിരുന്നു പിന്നീട് അരങ്ങേറുക. വിശ്വസ്തരായ പരിവർത്തിത യഹൂദരെപ്പോലും ഫെർഡിനാൻഡും ഇസബെല്ലയും സംശയിക്കുകണ്ടായി. കൺവെർസേഴ്സിനെതിരെ കൂടുതൽ കഠിനമായ ശിക്ഷാമുറകൾ സ്വീകരിച്ചില്ലെങ്കിൽ അത് ക്രിസ്ത്യൻ പ്രജകളെ ക്ഷുഭിതരാക്കുമെന്ന് രാജ ദമ്പതികൾ ഭയപ്പെട്ടു. മുസ്ലിംകൾക്കെതിരെയുള്ള കുരിശു യുദ്ധങ്ങളിൽ ക്രിസ്ത്യൻ പ്രജകളുടെ പിന്തുണ രാജദമ്പതികൾക്ക് ആവശ്യമായിരുന്നു. മതനിന്ദ ആരോപിക്കപ്പെട്ട പരിവർത്തിത യഹൂദരുടെ സമ്പത്ത് പിടിച്ചെടുത്ത് കൊണ്ട് കുരിശുയുദ്ധങ്ങൾക്ക് പണം കണ്ടെത്തൽ അക്കാലത്തെ ഒരു എളുപ്പമാർഗ്ഗം കൂടിയായിരുന്നു. 1478ൽ പുരോഹിതനായ ടാർക്ക്മാണ്ഡ ഇൻക്വിസിറ്റർ ജനറലായി സഭ നിയോഗിക്കുകയും സ്പെയിനിലുടനീളം മതവിചാരണ കോടതികൾ സ്ഥാപിക്കുകയും വൻതോതിൽ യഹൂദ വേട്ടനടത്തുകയുമുണ്ടായി. വിഖ്യാതമായ (Freedom at Midnight) എന്ന ഗ്രന്ഥം രചിച്ച ഡൊമിനിക്ക് ലാപ്പിയർ, ലാറി കോളിൻസ് എന്നിവർ ചേർന്നെഴുതിയ O' Jerusalem എന്ന ഗ്ര്ന്ഥത്തിൽ യഹൂദ പീഢിതരെ പറ്റിയുള്ള വിവരണം കാണാം.

**'ചിതറിത്തെറിക്കലിന് ശേഷം** (Diaspora) **അവർ വന്നുപെട്ട എല്ലാ അഭയ കേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഢനമെന്ന ശാപം അവരുടെ അഭ്യർത്ഥനയെ ബലപ്പെടുത്തി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരെയുള്ള പീഢനം ഉയർന്നുവന്നത് മതപരിവർത്തന സംരഭങ്ങളുടെ തീഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവ്വസൂരികളായ യഹൂദരുടെ മതംമാറ്റത്തിന്ന് ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി. റോമിലെ തിയോഡോഷ്യസ് ഇതിന്ന് നിയമപരമായ പ്രോത്സാഹനം നൽകി യഹൂദന്മാർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചന** (Spiritual Apparthied) **നിയമം നടപ്പാക്കുകയും ചെയ്തു.**

**ഗോളിൽ ഫ്രാൻസിലെ രാജാവ് ഡഗോബാർട്ട് അവരെ ആട്ടിയോടിച്ചു. സ്പെയിനിലെ വിസിഗോത്തുകൾ ജൂതസന്തതികളെ പിടിച്ചെടുത്തു മതപരിവർത്തനം ചെയ്യിപ്പിച്ചു. ബൈസന്റയ്നിലെ ഹിറാക്ലിയസ് ജൂതമതാരാധന നിരോധിച്ചു. കുരിശ് യുദ്ധത്തോടെ സ്പിരിചൽ അപ്പാർത്തീഡ് വ്യവസ്ഥാപിതമായ യഹൂദ വേട്ടയായി തീർന്നു. 'ദൈവം അതാഗ്രഹിക്കുന്നു'** (Deus Vault-God Wills It) **എന്ന് പറഞ്ഞ് കൂട്ടഹത്യകൾ അരങ്ങേറി. ജുറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദികളെ കുരിശ് യുദ്ധക്കാർ നിഷ്ക്കരുണം കൊന്നൊടുക്കി. ഇംഗ്ലണ്ടിലെ എഡ്വേർഡും ഫ്രാൻസിലെ ഫിലിപ്സും യഹൂദരുടെ സ്വത്ത് കണ്ടുകെട്ടി. സ്വന്തം രാജ്യത്ത് നിന്നും പുറത്താക്കി.**

**മിക്കവാറും എല്ലാ ക്രിസ്തീയ രാജ്യങ്ങളും യഹൂദികൾ സ്വത്ത് വാങ്ങുന്നത് നിരോധിച്ചു. മതപരമായി സംഘടിക്കപ്പെട്ട മദ്ധ്യകാല ഘട്ടത്തിലെ കൈത്തൊഴിൽ വിപണന മേഖലയിൽ ജൂതർക്ക് പ്രവേശനം നിഷേധിച്ചു. ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തുസഭ നിരോധിച്ചു. ജൂതന്മാർക്കിടയിൽ താമസിക്കാൻ ക്രിസ്ത്യാനികളെ അനുവദിച്ചില്ല. 1215 ൽ ചേർന്ന സഭാ കൗൺസിൽ യഹൂദർ അകറ്റപ്പെട്ട ജനവർഗ്ഗമാണെന്ന് വിളംബരപ്പെടുത്തുക**

യും അവരെ തിരിച്ചറിയാൻ ഒരു ബാഡ്ജ് ധരിക്കണമെന്ന് വിധിപുറപ്പെടുവിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ മോസസിന്ന് ലഭിച്ച പത്ത് കൽപ്പനകൾ ഉറുക്കുകളാക്കി തിരിച്ചറിയാൻ വേണ്ടി അവരുടെ കഴുത്തിൽ കെട്ടുമായിരുന്നു. ഫ്രാൻസിലും ജർമ്മനിയിലും അത് മഞ്ഞ നിറത്തിലുള്ള **'O'** ചിഹ്നമായിരുന്നു. പ്ളേഗ് ദുർമ്മരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തി വലയും ക്രിസ്ത്യാനികളുടെ കുടൽമാലയും ഉപയോഗിച്ചുണ്ടാക്കിയ ഒരു ചൂർണ്ണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹുദികൾ കലക്കുന്നത് കൊണ്ടാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചു കൊണ്ട് ജൂത പീഢനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ സ്പെയിൻ ഒഴികെ അന്ധകാരാവൃതമായ പശ്ചിമ ലോകത്ത് യഹൂദന്റെ അസ്തിത്വം അനുവദിക്കപ്പെട്ടിരുന്നില്ല. മുസ്ലിം സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു. അവർ അവിടെ നിന്നും ചിതറി തെറിച്ചില്ല. 1492ൽ സ്പെയിനിൽ ഫെർഡിനാന്റും ഇസബെല്ലയും മുസ്ലിംകളിൽ നിന്നും ഭരണം ഏറ്റെടുത്ത ഉടൻ തന്നെ അതാരംഭിക്കുകയും ചെയ്തു

ജർമ്മനിയിലെ ജൂതരെ വാഹനത്തിൽ കയറ്റാൻ പാടില്ലായിരുന്നു. നഗരത്തിൽ അവർക്ക് പ്രവേശനം ലഭിക്കണമെങ്കിൽ പ്രത്യേക ചുങ്കം ചുമത്തി. പോളണ്ടിലെ കൊസാക്ക് വിപ്ലവം ഒരു ദശകം കൊണ്ട് ഒരു ലക്ഷം ജൂതരെ കൊന്നൊടുക്കി. യഹൂദ ജനതയുടെ പകുതിയിലധികം ജീവിച്ചിരുന്ന പോ ളണ്ടിലേക്ക് റഷ്യൻ സാറിന്റെ പടനീങ്ങിയപ്പോൾ അതൊരു ഇരുണ്ടകാലഘട്ടമായി അവർക്ക് അനുഭവപ്പെട്ടു. ഫ്രാൻസിൽ 12 മുതൽ ഇരുപത്തഞ്ച് വയസ്സുവരെയുള്ളവർ നിർബന്ധ പട്ടാള ജോലി ചെയ്യണമായിരുന്നു. ശബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നൽകിയിരുന്ന മഞ്ഞ കാർഡ് കൂടാതെ യഹൂദ സ്ത്രീകളെ വൻ നഗരങ്ങളിൽ പ്രവേശിപ്പിച്ചിരുന്നില്ല. റഷ്യയിൽ അലക്സാണ്ടർ രണ്ടാമന്റെ വധത്തിന് ശേഷം യഹൂദ സമുദായങ്ങളെ ഒന്നിന് പിറകെ ഒന്നായി ചുട്ടെരിച്ച് കൊണ്ട് പോഗ്രോം അരങ്ങേറി.

## ഗലീലിയോ, ബ്രൂണോ സംഭവം

ബൈബിളിലെ അയുക്തികമായ പ്രപഞ്ച സങ്കൽപ്പങ്ങൾക്കെതിരെ ചിന്തിച്ച നിരവധി ചിന്തകന്മാർ പൗരാണിക കാലത്തും മദ്ധ്യകാലഘട്ടത്തിലും ഉണ്ടായിട്ടുണ്ട്. അതിൽപെട്ട മഹാനായ ശാസ്ത്രപ്രതിഭയായിരുന്നു ഇറ്റാലിയൻ ശാസ്ത്രജ്ഞനും അധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന ഗലീലിയോ ഗലീലി. അദ്ദേഹത്തിന്നെതിരെ വേദവിപരീത കുറ്റം ആരോപിച്ച് ഇൻക്വിസിഷൻ കോടതി വിചാരണ ചെയ്യുകയുണ്ടായി. ശാസ്ത്രത്തോട് സഭചെയ്ത ഏറ്റവും വലിയ അപരാധമായി ഈ വിചാരണയും ശിക്ഷയും അറിയപ്പെടുന്നു. 1633 ഫെബ്രുവരി 13ന് വിചാരണ നേരിടാൻ ഗലീലിയോ റോമിലെത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പേരിലുള്ള അപരാധം ഭൂമി സൂര്യനെ ചുറ്റുകയാണ് എന്ന കോപ്പർ നിക്കസിന്റെ സൗരകേന്ദ്ര സിദ്ധാന്തത്തെ അനുകൂലിച്ചു എന്നതാണ്. അരിസ്റ്റോട്ടലിന്റെ ഭൂകേന്ദ്ര സിദ്ധാന്തമായിരുന്നു അന്നത്തെ വൈജ്ഞാനികലോകം സ്വീകരിച്ചിരുന്നത്. മാത്രമല്ല. കർത്താവായ ദൈവത്തിന്റെ ഏക പുത്രനെ അയച്ച സ്ഥലം എന്ന നിലക്ക് ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നായിരുന്നു സഭയുടെ നിലപാട്. ബൈബിൾ വചനങ്ങളും ഭൂമി ചലിക്കാതെ നിൽക്കുന്നു എന്ന വിശ്വാസത്തിന്ന് കരുത്തേകി. സങ്കീർത്തനം പറയുന്നു: **'അതേ ഭൂലോകം സുസ്ഥാപിതമാണ് അത് വിറകൊള്ളുകയില്ല'. (സങ്കീർത്തനം 16:30) 'അതേ ഭൂമി സുസ്ഥാപിതമായിരിക്കുന്നു'(93:1) ഭൂമിയെ ഒരിക്കലും ഇളകിപ്പോകാത്ത വിധം അതിന്റെ അസ്ഥിവാരത്തിൽ നീ പ്രതിഷ്ഠിച്ചു (സങ്കീർത്തനം 104: 5)** പോപ്പ് അർബന്റെ ആജ്ഞയാൽ വിചാരണയും ശിക്ഷയും കഴിഞ്ഞു ഗലീലിയോയെ തടങ്കലിൽ അടക്കുകയുണ്ടായി. 1642ൽ മരണംവരെ അദ്ദേഹം കാരാഗൃഹ വാസത്തിലായിരുന്നു. 1992 ഒക്ടോബർ 31 ന്ന് പോപ്പ് ജോൺ പോൾ മാർപ്പാപ്പയുടെ കാലത്ത് സഭ ഗലീലിയോവിനോട് ചെയ്ത അപരാധങ്ങൾക്കെല്ലാം മാപ്പ് ഏറ്റു പറയുകയുണ്ടായി.

ഇറ്റലിയിലെ നേപ്പിൾസിൽ ജനിച്ച ജിയോർഡാനോ ബ്രൂണോ സഭയുടെ മതയാഥാസ്ഥിതികത്വത്തിന്ന് മുന്നിൽ പൊലിഞ്ഞുപോയ എക്കാലത്തേയും വലിയ ബലിദാനിയായിരുന്നു. ക്രിസ്തു സഭയിലെ തന്നെ ഡൊമിനിക്കൻ സഭയിലെ അംഗമായിരുന്നു. കോപ്പർ നിക്കൻ സിദ്ധാന്തത്തിന്റെ പ്രപഞ്ചവീക്ഷണത്തിന്റെ അനുഗാമിയായിരുന്നു ബ്രൂണോ. ഉയർന്ന രൂപത്തിൽ ചിന്തിച്ച ഈ ഭൗതിക ശാസ്ത്രജ്ഞൻ പ്രപഞ്ചം അനന്തമാണെന്നും സൂര്യൻ വെറുമൊരു നക്ഷത്രമാണെന്നും ഭൂമിയെ കൂടാതെ പ്രപഞ്ചത്തിൽ മറ്റു ഗ്രഹങ്ങളിലും ജീവികളുണ്ടാകാമെന്നും കരുതി. ക്രിസ്തു മതത്തിലെ ത്രിത്വവാദത്തെയും ബൈബിളിലെ സൃഷ്ടി സങ്കൽപ്പത്തേയും അദ്ദേഹം എതിർത്തു. ക്രിസ്തു സഭയുടെ ഡോഗ്മകൾക്ക് എതിരായിരുന്ന ഈ സങ്കൽപ്പങ്ങൾ കാരണം സഭയുടെ അപ്രീതിക്ക് അദ്ദേഹം പാത്രമായി. 7 വർഷം നീണ്ട വിചാരണക്ക് ശേഷം പോപ്പ് ക്ലമന്റ് 8-ാമന്റെ കാലത്ത് 8 ഫെബ്രുവരി 1600 ന് ന്യായാധിപൻ അദ്ദേഹത്തിന് മുമ്പിൽ താങ്കൾ മാപ്പർഹിക്കാത്ത മതവ്യതിയാനമാണ് നടത്തിയിരിക്കുന്നത് അത്കൊണ്ട് താങ്കളെ വധശിക്ഷക്ക് വിധിച്ചിരിക്കുന്നു

എന്ന് പറഞ്ഞു. അക്ഷോഭ്യനായി കൊണ്ട് ധീരനായ ആ ശാസ്ത്ര ജ്ഞാനി ന്യായാധിപനോട് പറഞ്ഞ ത്: **'ഇത് കേൾക്കുമ്പോൾ എനിക്കുള്ള ഭയത്തേക്കാൾ ഭയത്തോടെയാണ് നിങ്ങൾ ഈ ശിക്ഷാവിധി കേൾക്കുന്നത് എന്നാണ്.'**

## ഫ്രാൻസിലെ ജുവാൻ ഓഫ് ആർക്ക്

ബ്രിട്ടീഷ് അധീനതയിൽ നിന്നും ഫ്രാൻസിനെ മോചിപ്പിക്കാൻ നേതൃത്വം നൽകിയ ഫ്രാൻസിലെ ഐതിഹാസിക വിമോചന സമര പോരാളിയും ഫ്രഞ്ച് ദേശീയതയുടെ പ്രതീകവുമായിരുന്ന ജുവാൻ ഓഫ് ആർക്ക് (1412-1432) ബ്രിട്ടീഷുകാരുടെ താൽപര്യ പ്രകാരം ഇൻക്വിസിഷന് വിധേയയായ വീരവനിതയായിരുന്നു. ജുവാൻ ഓഫ് ആര്ക്ക് ജനിക്കുന്ന കാലത്ത് ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ ശതവത്സരയുദ്ധം (1337-1453) എന്ന പേരിൽ അറിയപ്പെട്ട അതിദീർഘ യുദ്ധം നടക്കുകയായി രുന്നു. 1420ൽ ഇംഗ്ലണ്ട് ചില തന്ത്രപ്രധാന യുദ്ധങ്ങളിൽ വിജയിക്കുകയും ഫ്രാൻസിന്റെ ചില ഭാഗങ്ങളിൽ ഇംഗ്ലണ്ട് ഭരണ മുറപ്പിക്കുകയും ചെയ്തു. ഫ്രാൻസ് രാജാവ് ചാൾസ് ആറാമന്റെ മരണ ശേഷം ചാൾസ് ഏഴാമൻ അധികാരം ഏറ്റെടുക്കുന്ന റൈംസ് നഗരത്തിലെ പള്ളി ഇംഗ്ലണ്ടിന്റെ അധീനതയിലായിരുന്നു. ഇംഗ്ലണ്ട് സിംഹാസനാരോഹണത്തിന്ന് ഫ്രഞ്ച് രാജാവ് ചാൾസ് ഏഴാമനെ അനുവദിച്ചില്ല. ചാൾസിന്റെ അമ്മാവനും മാതുലന്മാരും അദ്ദേഹത്തിന്നെതിരെ ഇംഗ്ലീഷ് പക്ഷത്തായിരുന്നു. അങ്ങനെ രാജാവാകാൻ കഴിയാതെ ഇരിക്കുമ്പോഴാണ് തനിക്ക് രാജാവിനെ വാഴിക്കാൻ ദൈവിക വെളിപാട് ലഭിച്ചിട്ടുണ്ട് എന്ന് പറഞ്ഞു കൊണ്ട് കേവലം കർഷക സ്ത്രീയായിരുന്ന ജുവാൻ ഓഫ് ആർക്കിന്റെ രംഗപ്രവേശനം.

ഇംഗ്ലീഷ് ആധിപത്യത്തിനെതിരെ പുരുഷന്മാരുടെ വസ്ത്രം ധരിച്ച് സൈന്യത്തിന് നേതൃത്വം നൽകിയാണ് അധികാര ഭ്രഷ്ടനാക്കപ്പെട്ട ചാൾസ് 7 ാമനെ ജോവാൻ ഓഫ് ആർക്ക് കീരീടധാരണം നടത്തിയത്. പിന്നീട് ജോവാനെ ഇംഗ്ലീഷുകാർ പിടികൂടി ദുർമന്ത്രവാദം ആരോപിച്ച് ഇൻക്വിസിഷൻ കോടതിയിൽ ഹാജരാക്കി. തനിക്ക് വെളിപാടുകളും ദർശനങ്ങളും ഉണ്ടാവുന്നു എന്ന അവകാശദമാണ് അവർക്കെതിരെ ദുർമന്ത്രവാദം ആരോപിക്കാനുണ്ടായ കാരണം. കോടതി അവരെ ചുട്ടുകൊല്ലാൻ വിധിച്ചു. പുരോഹിത മേധാവിത്വത്തിനെതിരെ ഫ്രാൻസിന്റെ ദേശീയ വികാരം ആളിക്കത്തിച്ച സംഭവമായിരുന്നു മതവിചാരണ കോടതിയുടെ ഈ വിധി. സ്ത്രീ വിരുദ്ധ കാഴ്ച്ചപാട് പുലർത്തിയിരുന്ന ക്രിസ്തു സഭയുടെ മന്ത്രവാദിനി വേട്ടയുടെ ഭാഗം കൂടിയായിരുന്നു ഈ വിചാരണയും കൊടിയ ശിക്ഷയും. ജുവാൻ ഓഫ് ആർക്കിനെ 20 വർഷങ്ങൾക്ക് ശേഷം ചാൾസ് 7-ാമൻ തന്നെ കുറ്റവിമുക്തമാക്കുകയും ദുർമന്ത്രവാദിനിയായി മുദ്രകുത്തി ചുട്ടുകൊന്ന അതേ സഭതന്നെ 1920ൽ പോപ്പ് ബെനഡിക് വിശുദ്ധ പദവി നൽകി അവരെ ആദരിച്ചു. പഴയതെറ്റ് തിരുത്തുകയുണ്ടായി. (തുടരും)

---

പേജ് 9 ൽ നിന്ന് തുടർച്ച

അപ്രകാരം ഉണ്ടായിക്കൊണ്ടിരിക്കും. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. ഇതിനെ തടയാർ ആർക്കുമാവില്ല. ഏതായിരുന്നാലും നമ്മുടെ ദുആ ഇതാണ്; അല്ലാഹു എല്ലായിടത്തുനിന്നും കുഴപ്പവും അശാന്തിയും അകറ്റുമാറാകട്ടെ. ഇപ്പോൾ വ്യാപിച്ചിരിക്കുന്ന മഹാമാരിയിൽനിന്നും മനുഷ്യന് പാഠമുൾക്കൊണ്ടുകൊണ്ട് തങ്ങളുടെ അവസ്ഥകളിൽ മാറ്റം വരുത്തുവാൻ സാധിക്കട്ടെ. അഹ്മദികൾക്ക് മുൻപത്തേക്കാളുപരി അല്ലാഹുവിനെ ആരാധിക്കുവാനും അവന്റെ ദാസന്മാരോടുള്ള കടമകളും നിറവേറ്റാൻ സാധിക്കട്ടെ അങ്ങനെ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ സാധിക്കുന്നവരാകട്ടെ. അഹമദിയ്യത്തിന്റെ വളർച്ച നേരിൽ കാണുവാനുള്ള സൗഭാഗ്യമുണ്ടാകട്ടെ.(ആമീൻ)

## കച്ചവടത്തിൽ വ്യാജം

അബ്ദുറഹ്മാനുബ്നു അബീ ഔഫ(റ) നിവേദനം: ഒരു മനുഷ്യൻ തന്റെ ചരക്ക് അങ്ങാടിയിൽ പ്രദർശിപ്പിച്ച് താൻ അതിന് നൽകാത്ത വില നൽകിയിട്ടുണ്ടെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു. മുസ്ലിംകളിൽ പെട്ട ഒരു മനുഷ്യൻ അതു സ്വീകരിക്കുവാൻ വേണ്ടി വന്നു. അപ്പോൾ അല്ലാഹു അവതരിപ്പിച്ചു. നിശ്ചയം അല്ലാഹുവിന്റെ കരാറുകളും തങ്ങളുടെ സത്യങ്ങളും തുച്ഛമായ വിലക്ക് വിൽക്കുന്നവർ. (ആലും-ഇംറാൻ: 77)

ബുഖാരി

# ആരാധനയുടെ അനിവാര്യത

മനുഷ്യൻ പ്രപഞ്ചത്തിന്റെ സാരസർവ്വസ്വമായാണ് സൃഷ്ടിക്കപെട്ടിട്ടുള്ളത്. ദൈവിക ഗുണങ്ങൾ സ്വാംശീകരിച്ചുകൊണ്ട് ആരാധനയിലൂടെയാണ് മനുഷ്യന്ന് ഐഹികവും പാരത്രികവുമായ വിജയങ്ങൾ ആർജ്ജിക്കുവാൻ സാധിക്കുക.

മഹ്മൂദ് കൽക്കുളം

ദൈവത്തിന്റെ അനേക സൃഷ്ടികളിൽ അദ്വിതീയ സ്ഥാനമലങ്കരിക്കുന്നവനാണ് മനുഷ്യൻ. വിസ്മയാവഹമായ ഈ പ്രപഞ്ച സംവിധാനത്തിന്റെ യഥാർത്ഥ ഗുണ ഭോക്താവാണ് മനുഷ്യൻ. ഭൂതലത്തിലുള്ളതൊക്കെയും നിങ്ങളുടെ ഗുണത്തിന്നും സേവനത്തിന്നുമായി സൃഷ്ടിച്ചിരിക്കുവെന്ന ദിവ്യ പ്രഖ്യാപനം മനുഷ്യന്റെ സൃഷ്ടി മാഹാത്മ്യത്തെയാണ് അനാവരണം ചെയ്യുന്നത്. ഇത് സംബന്ധിച്ച് താഴെ പറയുന്ന ഖുർആനിക സൂക്തങ്ങൾ ശ്രദ്ധേയമാണ്. **"തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു."** (17:71) **"ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിക്കുകയും ആകാശത്ത് നിന്നും ജലമിറക്കി അത് മുഖേന നിങ്ങൾക്ക് ആഹാരമായി ഫല വർഗങ്ങളിൽ നിന്ന് പലതും ഉൽപ്പാദിപ്പിച്ച് തരികയും ചെയ്തവനത്രെ ദൈവം. തന്റെ കൽപ്പന പ്രകാരം സമുദ്രത്തിൽ സഞ്ചരിക്കേണ്ടതിന്ന് അവൻ നിങ്ങൾക്ക് കപ്പലുകളേ വിധേയമാക്കി തരുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക് നദികളെയും അവൻ വിധേയമാക്കി തന്നിരിക്കുന്നു. അവൻ സൂര്യനേയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവ്വഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു. (അതേ പ്രകാരം) രാവിനേയും പകലിനേയും നിങ്ങൾക്ക് പ്രയോജനത്തിനായി അവൻ ആക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ അവനോട് ആവശ്യപ്പെട്ടതെല്ലാം അവൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്ക് അവയെ തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല. നിശചയമായും മനുഷ്യൻ വലിയ അക്രമകാരിയും വളരെ നന്ദികെട്ടവനുമാകുന്നു."**(വി. ഖു 14: 33–35)

മനുഷ്യൻ പ്രപഞ്ച സൃഷ്ടിപ്പിന്റെ സാരാംശമാണ്. അന്യൂനവും പാവനവുമായ പ്രകൃതത്തോടു കൂടി സൃഷ്ടിക്കപ്പപെട്ടതിന്ന് പുറമെ സവിശേഷമായ പരിഗണനയും സൃഷ്ടി കർത്താവ് മനുഷ്യന്ന് നൽകിയിട്ടുണ്ടെന്ന് കാണാം.

### ആരാധനയിലൂടെ ലക്ഷ്യ സാഫല്യജീവിതം

ജീവിത ലക്ഷ്യം സഫലമാകുന്നത് ആരാധനയിലുടെയാണ്. **"എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."** (വി.ഖു **51:57**) ഈ വചനത്തിന്ന് വിശദീകരണം നൽകികൊണ്ട് വാഗ്ദത്ത മസീഹ്(അ) ഇങ്ങനെ വിവരിക്കുന്നു.

**"തന്റെ ജീവിതത്തിന് സ്വേച്ഛയാ ഒരു ഉദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന്ന് അധികാരമില്ല. എന്തെന്നാൽ അവൻ ഈ ലോകത്ത് സ്വന്തം ഇഷ്ടപ്രകാരം വരികയോ സ്വമേധയാ ഇവിടെ നിന്ന് പോകുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തികമായ അവസ്ഥയിൽ നിന്ന് ഉത്ഭവിപ്പിക്കുകയും അവന്ന് ഇതര ജീവികളെ അപേക്ഷിച്ച് പാവനവും ഉത്കൃഷ്ടവുമായ ശക്തികളും ബോധിക്കുകയും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവ് തന്നെ അവന്റെ ജീവിതത്തിന്ന് ഒരുദ്ദേശ്യവും കൽപ്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്ന് നിസ്സന്ദേഹമാണ്. ഒരു ജന്തുവിന്ന് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യം അത് ചെയ്യുകയും അതിൽ കവിഞ്ഞ ഒന്നും ചെയ്യാൻ കഴിയാതെ**

**അതവിടെ നിന്നു പോകുകയും ചെയ്യുന്നുവെങ്കിൽ ആ അന്തിമ കാര്യമാണ് അതിന്റെ ജീവി തം കൊണ്ടുള്ള പരമ പ്രയോജനം എന്ന് മനസ്സിലാക്കേണ്ടിയിരിക്കു ന്നു. ഉദാഹരണത്തിന്ന് എരുതിനെ കൊണ്ടുള്ളപരമപ്രയോജനം നിലം ഉഴുതുകയോ കൃഷി നനക്കുകയോ ഭാരം വലിക്കുകയോ ആകുന്നു. ഇതിലുപരിയായ ഒരു ശക്തി അതിന്നുള്ളതായി തെളിയുന്നില്ല. അതിനാൽ ഇപ്പറഞ്ഞത് തന്നെയാ ണ് കാളയുടെ ജീവിതം കൊണ്ട് അർത്ഥമാക്കുന്നത്. പരമ പ്രയോജ നം എന്നാൽ, മനുഷ്യന്റെ ശക്തി ക്കുള്ളിൽ അത്യുത്തമമായ ശക്തി യേതെന്നു പരിശോധിക്കുന്നതാ യാൽ അത് സർവ്വോന്നതനായ സൃഷ്ടി കർത്താവിനെ ആരായു ന്നതിന്നുള്ള ബോധ ശക്തിയാണെ ന്ന് കാണാം. ഈ ശക്തി അവനെ ഒന്നും ശേഷിപ്പിക്കാതിരിക്കുമാറ് സർവ്വവും ദൈവത്തിൽ അർപ്പിച്ചു കൊണ്ടുള്ള പൂർണ്ണമായും ദൈവാ നുരാഗത്തിൽ ലയിക്കുവാൻ പര്യാപ്തമാകുന്നു. ഉണ്ണുക, ഉറങ്ങുക തുടങ്ങി ശാരീരിക ധർമ്മങ്ങളിൽ അവൻ ഇതര ജീവികൾക്ക് തുല്യൻ മാത്രമാണ്. എന്നാൽ ചില ജീവികൾ കരകൗശലത്തിൽ അവനെ അതിശ യിക്കുന്നുണ്ട്. അൽപ്പ പ്രാണിയായ തേനീച്ച പല തരം പൂക്കളിൽ നിന്നും സത്തെടുത്ത് വിശിഷ്ട മായ തേനുണ്ടാക്കുന്നു. എന്നാൽ ബുദ്ധിജീവിയായ മനുഷ്യൻ നാളിതുവരെ ഈ വ്യവസായ ത്തിൽ വിജയിച്ചിട്ടില്ല. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണത ഈദൃശ വിഷയങ്ങളിലല്ലെന്നും ദൈവൈ ക്യ പ്രാപ്തിയിൽ മാത്രമാണെന്നും കാണാം.അതിനാൽ മനുഷ്യന്റെ ഹൃദയ ഗേഹത്തിന്റെ കവാടം ദൈവത്തിന്ന് നേരെ തുറന്നിടുക എന്നതാണ്. അവന്റെ ജീവിത ത്തിന്റെ യഥാർത്ഥ ഉദ്ദേശം." (ഇസ്ലാം മത തത്വജ്ഞാനം)**

## ആരാധനയുടെ അനന്തര ഫലങ്ങൾ

മനുഷ്യൻ സ്വതവേ ബലഹീന നാണ്. ദുർബലനായിട്ടാണ് അവൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എന്ന് വിശുദ്ധ ഖുർആൻ ഉണർത്തുന്നു. നിരവധി ആശ്രയങ്ങൾ അവന്റെ നിലനിൽപ്പിന്ന് അനുപേക്ഷണീയ മാണ്. അഥവാ മനുഷ്യന്റെ ശക്തിയും നിലനിൽപ്പും കേവലം ദൈവത്തിന്റെ ഔദാര്യമാകുന്നു. എല്ലാ ശക്തി കളുടെയും പ്രഭവ കേന്ദ്രമായ ദൈവത്തെ, ആശാ പാത്രവും അഭയ സങ്കേതവുമായി ക്കൊണ്ട് അവനുമായി സദാബന്ധം പുലർത്തുന്ന ഒരു ഭക്ത ദാസനിലൂ ടെ ദൈവവും തന്റെ ശക്തി പ്രകടനം നടത്തുന്നതായിരിക്കും. പോയ കാലത്ത് ബാഹ്യമായി നിസ്സഹായരായിരുന്ന പ്രവാചക ന്മാർക്കും മറ്റു സിദ്ധപുരുഷന്മാർക്കു മെല്ലാം വലിയ വലിയ വിജയങ്ങൾ കൈവരിക്കാനും ഉന്നതങ്ങൾ കീഴടക്കാനും സാധിച്ചത് അവരുടെ സ്വന്തം ശക്തി കൊണ്ടായിരുന്നില്ല. മറിച്ച് അവരിലൂടെ ദൈവം തന്റെ ശക്തി വെളിപ്പെടുത്തുക യാണു ണ്ടായത്. വിശുദ്ധ ഖുർആൻ പറയുകയാണ്:

**"എത്രയെത്ര ചെറിയ സംഘ ങ്ങളാണ് അല്ലാഹുവിന്റെ ആനു കൂല്യത്താൽ വലിയ സംഘങ്ങളെ ജയിച്ചടക്കിയത്. അല്ലാഹു സൗശീ ലരുടെ കൂടെയാകുന്നു."** (2: 250) വാഗ്ദത്ത മസീഹ് (അ) പറയുന്നു: **"അറേബ്യൻ മണലാരണ്യത്തിൽ ഒരു അത്ഭുതകരമായ സംഭവമു ണ്ടായി. ലക്ഷക്കണക്കായ മൃത ന്മാർ ഏതാനും ദിവസങ്ങൾകൊണ്ട് ജീവനുള്ളവരായി മാറി. തലമുറ കളായി ദുഷിച്ചവർ ദൈവ വർണ്ണം സ്വീകരിച്ചും കണ്ണുകൾ അന്ധ മായിരുന്നവർ കാണുമാറായി ലോകത്ത് ഒരിക്കൽ മാത്രം സംഭവിച്ച ഈ വിപ്ലവം ഇതിന്ന് മുമ്പ് ഒരുകണ്ണും കണ്ടിട്ടില്ല. ഒരു ചെവിയും കേട്ടിട്ടില്ല. അത് എന്തായി രുന്നുവെന്ന് അറിയാമോ? അത് ദൈവത്തിൽ വിലയം പ്രാപിച്ച ഒരു മഹാത്മാവ്, അന്ധകാരായമങ്ങ ളിൽ ഉയർത്തിയ ദുആകളായിരു ന്നു. അത് ലോകത്തെ ശബ്ദയാന മാക്കി. ആ നിരക്ഷരനും നിസ്സാഹാ യനുമായ വ്യക്തിയുടെ കയ്യാൽ അസാദ്ധ്യമെന്ന് തോന്നിയിരുന്ന അത്ഭുത കാര്യങ്ങൾ വെളിപ്പാടുമാ റായി."** (ബറക്കാത്തു ദുആ)

## ആരാധനയുടെ മഹത്വം

തന്റെ സൃഷ്ടാവിനോട് സദാ താൻ കടപ്പെട്ടിരിക്കുന്ന തിരിച്ചറി വാണ് ആരാധ നയുയിലൂടെ പൂർത്തിയാക്കപ്പെടുന്നത്. സർവ്വോ ന്നതനായ ദൈവം, അവന്റെ മുമ്പിൽ ഹാജരായി തന്റെ ആവശ്യങ്ങളും പരിഭവങ്ങളും പ്രകടിപ്പിക്കാനുള്ള അവസരം നൽകിയത് കേവലം മനുഷ്യർ ക്കാണ്. ദൈവസവിധത്തിൽ മനുഷ്യർക്ക് ലഭിക്കുന്ന അംഗീ കാരമാണ് പ്രാർത്ഥന. പ്രാർത്ഥന യുടെ സമ്പൂർണ്ണ രൂപമാണ് നമസ്ക്കാരം. ബലഹീനനായ മനുഷ്യന്ന് ദിവ്യസന്നിധിയിൽ ഹാജരാകുന്നതിന്നുള്ള അനു വാദമാണിത്. ഒരു രാജാവ്, തന്റെ ദർബാറിൽ വന്ന് ആവലാതികൾ ബോധിപ്പിക്കുന്നതിന്നുള്ള അവസരം നൽകിയിട്ടും അത് വേണ്ടവിധം പ്രയോജനപ്പെടുത്താ ത്തവർ ഭാഗ്യഹീനനാകുന്നു. അതേ പ്രകാരം മുഴുവൻ പ്രപഞ്ചത്തേയും അടക്കി വാഴുന്ന ദൈവത്തിന്റെ മുന്നിൽ ഹാജരായി മഹത്തായ ഗുണ ഫലങ്ങളെടുക്കുന്നതിൽ ആലസ്യം കാണിക്കുന്നവനും അങ്ങേയറ്റം ദൗർഭാഗ്യവാനാകുന്നു. "നിങ്ങൾ എന്നെ വിളിക്കുവീൻ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും." (40:61) എന്ന ദൈവ വചനവും മനുഷ്യരെ സവിശേഷനിലയിൽ അവൻ പരിഗണിക്കുന്നു എന്നതി ന്റെ വിളംബരം കൂടിയാണ്. അർ റഹീം പ്രത്യേകമായി നൽകുക എന്ന ദൈവിക ഗുണത്തെ പ്രയോജനപ്പെടുത്തുമ്പോഴായിരി ക്കും ഇതര സൃഷ്ടി ജാലങ്ങളിൽ നിന്നും മനുഷ്യൻ വ്യതിരിക്ത നാകുന്നത്. അഥവാ ആരാധനയും പ്രാർത്ഥനയും വഴിയാണ് മനുഷ്യ ന് ആദരവും മഹത്വവും

ലഭിക്കുമാറാകുന്നത്. **"പറയുക നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്! എന്നാൽ നിങ്ങൾ സത്യത്തെ നിഷേധിച്ചു കളഞ്ഞു. അത് (ആ നിഷേധത്തിന്റെ ഫലമായുള്ള അത്യാപത്ത്) നിങ്ങളെ പിടികൂടുക തന്നെ ചെയ്യും"**(വി : ഖുർആൻ 25: 78)

### ആരാധനയുടെ അന്തസത്ത

മഹോന്നതനായ സൃഷ്ടി കർത്താവിനോട് പ്രാർത്ഥിക്കുന്നതോടൊപ്പം അവന്റെ ഉദാത്ത ഗുണങ്ങൾ സ്വജീവിതത്തിൽ പകർത്തുകയും ചെയ്യുക എന്നതാണ് ആരാധനയുടെ കാതൽ. എല്ലാ ഉൽകൃഷ്ട ഗുണങ്ങളുടെയും സമ്മേളിത രൂപമാണ് ദൈവാസ്തിത്വം, കാരുണ്യം, കൃപ, പരിപാലകത്വം, പൊറുമ, സത്യസന്ധത തുടങ്ങിയ ഗുണഗണങ്ങൾ തികവാർന്നതും കുറ്റമറ്റതുമായ രീതിയിൽ നിലകൊള്ളുന്നത് ദൈവത്തിലാകുന്നു. ഐഹിക മനുഷ്യനും അവന്റെ കഴിവനുസരിച്ച് ദൈവിക ഗുണങ്ങൾക്കനുരോധമായ നിലയിലാണ് പ്രവർത്തിക്കേണ്ടത്. ഹദ്റത്ത് ആദമിനെ ദൈവം തന്റെ രൂപത്തിലാണ് പടച്ചതെന്ന് നബി (സ) തിരുമേനി അരുളുകയുണ്ടായി. തനതായ രൂപങ്ങളൊന്നു മില്ലാത്തവനാകുന്നു ദൈവം. എന്നാൽ ഹദ്റത്ത് ആദമിന്ന് ദൈവിക ഗുണങ്ങൾ തന്നിൽ സന്നിവേശിപ്പിക്കുന്നതിന്നുള്ള പ്രാപ്തി നൽകി. അഥവാ ആദമിലൂടെ ദൈവിക ഗുണങ്ങൾ പ്രതിഫലിപ്പിക്കപ്പെട്ടു. എന്നതാണ് പ്രസ്തുത തിരുമൊഴിയുടെ സാരം. ദൈവിക ഗുണങ്ങൾ സ്വാംശീകരിക്കാനുള്ള പ്രാപ്തിയോടു കൂടിയാണ് സകല മനുഷ്യരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രാപ്തികൾ പരിപോഷിപ്പിക്കപ്പെടുന്നതാരോ അവർ ജീവിത ലക്ഷ്യം പ്രാപിക്കുന്നു. വി. ഖുർആൻ പറയുന്നു: **"അല്ലാഹുവിന്റെ വർണ്ണം സ്വായത്തമാക്കുവീൻ, വർണ്ണത്തിൽ അല്ലാഹുവിനേക്കാൾ ഉത്തമൻ മറ്റാരുണ്ട്? ഞങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാകുന്നു."** (2:139) ഈ വചനത്തിൽ വർണ്ണം പ്രകൃതി, മതം എന്നീ അർത്ഥങ്ങളിൽ മൊഴിമാറ്റം ചെയ്യപ്പെടുന്നതിന്റെ അറബി വാക്കാണ് സിഗ്ബത്ത്. അല്ലാഹുവിന്റെ സിഗ്ബത്ത് സ്വായത്തമാക്കുക എന്ന് പറഞ്ഞാൽ ദൈവിക നിറം അവന്റെ സവിശേഷ ഗുണങ്ങൾ സ്വാംശീകരിക്കുക എന്നാണ് താൽപര്യം. അതിനെക്കാളും പറ്റിയ മറ്റൊന്നും തന്നെയില്ല. ചുരുക്കത്തിൽ ദൈവാരാധനയിലൂടെ ഐഹികവും പാരത്രി കവുമായ അനുഗ്രഹങ്ങൾ കൈവരിക്കാൻ മനുഷ്യന്ന് സാധിക്കുന്നു.

## ആസന്നമായ മഹാദുരന്തം

അല്ലായോ യൂറോപ്പേ നീ രക്ഷയിലല്ല. അല്ലയോ ഏഷ്യാ നീ രക്ഷയിലല്ല! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സാഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞ് വീഴുന്നതായി ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ജനശൂന്യമായിത്തീരുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചു കൂട്ടുന്നതിന് ആവതും ശ്രമിച്ചു. എന്നാൽ നിയതി നിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോട് പറയുന്നു: ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചു കൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കണ്ണിന്റെ മുമ്പിൽ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാവുന്നു. തന്മൂലം നിങ്ങൾ ദൈവ കാരുണ്യത്തിന് പാത്രമായി തീരുന്നതിന് വേണ്ടി പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവീൻ! ഏതൊരുവൻ ദൈവത്തെ വെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമത്രെ! ഏവൻ സർവ്വ ശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു. ജീവനുള്ളവനല്ല.

(ഹഖീഖത്തുൽ വഹ്‌യി)

ഭാഗം – 7

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ഇഅ്തികാഫും ഉസ്താദിന്റെ പിണക്കവും

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തുടർന്നു പറയുകയാണ്, ഹദീസ് ഗ്രന്ഥമായ മുഅ്ത്ത ഇമാം മാലിക് എന്നെ പഠിപ്പിച്ചിരുന്ന മൗലവി റഹ്മത്തുല്ലാഹ് സാഹിബും ഒരു മഹാപണ്ഡിതനായിരുന്നു. അദ്ദേഹം ക്രിസ്ത്യാനികളുമായി പലപ്പോഴും സംവാദങ്ങളിലേർപ്പെട്ടിട്ടുണ്ട്. എന്റെ പല ഉസ്താദുമാരും അവരുടെ ഹിതത്തിന്നെതിരിൽ സംസാരിച്ചാൽ പെട്ടെന്നുതന്നെ ശുണ്ഠി പിടിക്കുന്നവരായിരുന്നു. എന്നാൽ മൗലവി റഹ്മത്തുല്ലാഹ് സാഹിബ് അങ്ങനെയല്ല. അദ്ദേഹം എപ്പോഴും സുസ്മേരവദനനായി ചോദ്യകർത്താക്കളുടെ ചോദ്യങ്ങൾക്കു സഹനം കൈവിടാതെ ഉത്തരം നൽകുമായിരുന്നു. ചില കാര്യങ്ങളിൽ ഞാൻ അദ്ദേഹത്തോടു വളരെയധികം വിയോജിപ്പു പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു മാത്രമേ മറുപടി നൽകിയിരുന്നുള്ളു.

സ്വിഹാഹുസിത്ത എന്നു വിളിക്കപ്പെടുന്ന ആറു പ്രസിദ്ധ ഹദീസ് ഗ്രന്ഥങ്ങളായ സ്വഹീഹുൽ ബുഖാരി, സ്വഹീഹുൽ മുസ്‌ലിം, സുനനു അബീദാവൂദ്, സുനനുൻ നസാഈ, സുനനുത്തുർമുദി, സുനനു ഇബ്നു മാജ എന്നിവയിൽ അഗാധ പാണ്ഡിത്യമുള്ള ഒരാളാണ് ശേഖ് മുഹമ്മദ് ഖസ്റജി. ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ സുനൻ അബൂദാവൂദ് പഠിപ്പിച്ചത് അദ്ദേഹമായിരുന്നു. ഒരിക്കൽ ക്ലാസ്സ് നടക്കുന്നതിനിടയിൽ ഇഅ്തികാഫുമായി ബന്ധപ്പെട്ടു ഉസ്താദ് ശേഖ് മുഹമ്മദ് ഖസ്റജി സാഹിബും ഹദ്റത്ത് നൂറുദ്ദീൻ സാഹിബും അഭിപ്രായവ്യത്യാസത്തിലായി. ഇഅ്തികാഫ് റമസാൻ ഇരുപത്തിഒന്നു രാവിലെ ആരംഭിക്കുന്നതു ശരിയല്ലെന്നും തലേന്നു രാത്രി ലൈലത്തുൽ ഖദർ ആവാൻ സാധ്യതയുണ്ടെന്നുമാണു ഉസ്താദ് ശേഖ് മുഹമ്മദ് ഖസ്റജി സാഹിബിന്റെ വാദം. മാത്രവുമല്ല ഇഅ്തികാഫ് ആരംഭിക്കുന്നതു പ്രഭാതത്തിലാവണമെന്നും നബി തിരുമേനി അരുൾ ചെയ്തതു കൊണ്ട് ഇരുപതാം തിയ്യതി ഉച്ചക്കും പറ്റില്ലെന്നും ഇതു വ്യാഖ്യാനിക്കാൻ അൽപം പ്രയാസമുള്ള ഹദീസാണെന്നും ശേഖ് സാഹിബ് പറഞ്ഞപ്പോൾ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു, എങ്കിൽ റമസാൻ ഇരുപതിനു പ്രഭാതത്തിൽ ഇഅ്തികാഫ് ആരംഭിച്ചാൽ എന്താണു കുഴപ്പം. അപ്പോൾ അദ്ദേഹം പറഞ്ഞു, അത് ഇജ്മാഅ് (ഫുഖഹാക്കളുടെ അഭിപ്രായ ഐക്യം)നു എതിരാണ്.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് വളരെ ബഹുമാനപുരസ്സരം ഇമാം അഹ്മദ് ബിൻ ഹമ്പലിന്റെ ഒരു നിരീക്ഷണത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, എല്ലാ കാര്യത്തിലും ഇജ്മാഅ് എന്നൊക്കെ പറയുന്നതു ശരിയല്ലെന്നും ഏതെങ്കിലും മദ്ഹബിന്റെ ഫുഖഹാക്കളുടെ ഭൂരിപക്ഷത്തിന്റെ വീക്ഷണം എന്നു മാത്രമേ ഇജ്മാഅ് കൊണ്ട് അർഥമാക്കേണ്ടതുള്ളൂ എന്നും പറയുകയുണ്ടായി. ഇത് അദ്ദേഹത്തിനുതീരെ ഇഷ്ടപ്പെട്ടില്ലെന്നു മാത്രമല്ല ആ പറഞ്ഞതു അദ്ദേഹത്തിനു വളരെ അപമാനകരമായി തോന്നുകയും ചെയ്തു. അതിനുശേഷം അന്നത്തെ ക്ലാസ്സ് കഴിയുന്നതുവരെ ഇതു സംബന്ധമായി അദ്ദേഹം ഒന്നും സംസാരിച്ചില്ല.

പിന്നീട് ശേഖ് സാഹിബ്, ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ മറ്റൊരു ഉസ്താദായ മൗലവി റഹ്മത്തുല്ലാഹ് സാഹിബിന്റെ അടുക്കൽ ചെന്നു നൂറുദ്ദീൻ ധിക്കാര രൂപത്തിൽ സംസാരിക്കുന്നു എന്നു പരാതി പറഞ്ഞു. മൗലവി റഹ്മത്തുല്ലാഹ് സാഹിബ്

ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനോട് കാര്യം തിരക്കിയപ്പോൾ നൂറുദ്ദീൻ സാഹിബ് പറഞ്ഞു, ശേഖ് സാഹിബ് ഒരു മഹാപണ്ഡിതനാണ്. ഞാൻ അദ്ദേഹത്തിന്റെ കേവലം ഒരു ശിഷ്യൻ. ഹദീസിലുള്ള ആചാരപരമായ ഒരു നിസ്സാര പ്രശ്നത്തിനു ഞാൻ വ്യക്തത ഉണ്ടാക്കാൻ ശ്രമിച്ചു എന്നേയുള്ളൂ. അദ്ദേഹത്തോട് എന്റെ അഭിപ്രായം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു അതു ഇജ്മാഅ്നു വിരുദ്ധമാണ്. ഞാൻ പറഞ്ഞു ഇത്തരം നിസ്സാരകാര്യങ്ങളിൽ എന്ത് ഇജ്മാഅ് ഉണ്ടാവാനാണ്. പിന്നീട് മൗലവി റഹ്മത്തുല്ലാഹ് സാഹിബും ഹദ്റത്ത് നൂറുദ്ദീൻ സാഹിബും അവിടെ നിന്നു സംസാരിച്ചു കൊണ്ടു പുറത്തേക്കു നടന്നു കഅബയുടെ അങ്കണത്തിലെത്തിയപ്പോൾ നൂറുദ്ദീൻ സാഹിബ് ചോദിച്ചു, ജനങ്ങൾ കഅബയ്ക്കു അഭിമുഖമായി നിന്നു നമസ്ക്കരിക്കുന്നതെന്തിനാണ്? അദ്ദേഹം പറഞ്ഞു, അത് റസൂൽ തിരുമേനിയുടെ കൽപനയാണ്. അപ്പോൾ നൂറുദ്ദീൻ സാഹിബ് ചോദിച്ചു, യഹൂദപ്രമാണ ഗ്രന്ഥങ്ങളെക്കുറിച്ചു നല്ല അവഗാഹമുള്ളയാളാണു താങ്കൾ. ബനീ ഇസ്റായേൽ പ്രവാചകന്മാരുടെ ഇജ്മാഅ് അനുസരിച്ചു ജറൂസലേമിലെ ബൈത്തുൽ മുഖദ്ദസ് ആയിരുന്നു ഖിബ്‌ല. നബി തിരുമേനിയുടെ ഒരൊറ്റ കൽപനയനുസരിച്ച് ഇസ്റായേൽ പ്രവാചകന്മാരുടെ ഇജ്മായിൽ നിന്നും പൂർണ്ണമായും വ്യതിചലിച്ചു. അതിനെ കുറിച്ചു താങ്കൾ എന്തു പറയുന്നു. ഇതിനു മൗലവി സാഹിബിന്റെ പക്കൽ കൃത്യമായ ഉത്തരമില്ലായിരുന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തുടർന്നു പറഞ്ഞു ഇതുപോലെ ഹദീസിലെ ഒരു നിസ്സാര പ്രശ്നത്തിന്റെ വ്യാഖ്യാനത്തിൽ ഞാൻ അഭിപ്രായം പറഞ്ഞാൽ എന്താണിത്ര കുഴപ്പം?

പിന്നീട് ശേഖ് സാഹിബുമായി മൗലവി റഹ്മത്തുല്ലാഹ് സാഹിബ് സംസാരിച്ച് ആ പ്രശ്നം പരിഹരിക്കപ്പെട്ടു. കാലം വീണ്ടും കുറെ കടന്നു പോയി. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ശേഖ് മുഹമ്മദ് ഖസ്റജി സാഹിബിന്റെ കീഴിൽ സുനനു അബീദാവൂദിനു പുറമെ സുനനുൻ നസാഈയും ഇബ്നുമാജയുടേയും പഠനം പൂർത്തിയാക്കി.

## ശാഹ് അബ്ദുൽ ഗനി മുജദ്ദിദിയുമായി കൂടിക്കാഴ്ച

ആയിടയ്ക്ക് ഹദ്റത്ത് ശാഹ് അബ്ദുൽ ഗനി മുജദ്ദിദി മദീനയിൽ നിന്ന് മക്കയിൽ വരുന്നതായറിഞ്ഞു. അദ്ദേഹം ഒരു മഹാപണ്ഡിതനാണ്. ഹദീസുകളെ കുറിച്ചും മതാനുഷ്ഠാനങ്ങളെ കുറിച്ചുമുള്ള അദ്ദേഹത്തിന്റെ അറിവു അപാരവും എല്ലാവരാലും അംഗീകരിക്കപ്പെട്ടതുമാണ്. അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്തിട്ടുള്ള ധാരാളം അനുയായികൾ അദ്ദേഹത്തിന്നുണ്ട്. അത്തരത്തിലുള്ള ഒരാളുടെ ആഗമനം പൊതുജനങ്ങളിൽ വളരെ ആവേശവും ജിജ്ഞാസയുമുണ്ടാക്കി. മക്കയിലേക്കുള്ള അദ്ദേഹത്തിന്റെ വരവു വളരെ വിപുലമായ നിലയിൽ വിളംബരം ചെയ്യപ്പെട്ടിരുന്നു. അദ്ദേഹത്തെ കാണാനും കേൾക്കാനുമായി ഹറമിൽ ആയിരങ്ങൾ തടിച്ചു കൂടി. ഹദ്റത്ത് മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബും ചെന്നു. സലാം പറഞ്ഞു ഹസ്തദാനത്തിനു ശേഷം ഹദ്റത്ത് മൗലവി സാഹിബ് യാതൊരു മുഖവുരയും കൂടാതെ അദ്ദേഹത്തോട് ചോദിച്ചു, യാ, ഹദ്റത്ത്, ഇഅ്തികാഫ് എപ്പോഴാണ് ആരംഭിക്കേണ്ടത്? ഒരു നിമിഷം പോലും വൈകാതെ അദ്ദേഹം പറഞ്ഞു, ഇരുപതാം തിയ്യതി പ്രഭാതത്തിൽ. ഇതു ഇജമാഅ്നു എതിരാണെന്നു ചില ആലിമീങ്ങൾ പറയുന്നുവല്ലോ എന്നു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞപ്പോൾ ഹനഫി, ശാഫിഈ, മാലിക്കി, ഹമ്പലി എന്നീ നാലു മദ്ഹബിലെ പല ഇമാമുമാരുടേയും പ്രമുഖരുടേയും പേരെടുത്തുകൊണ്ട് ഇവരെല്ലാവരും ഇരുപതാം തിയ്യതി പ്രഭാതത്തിലാണു വേണ്ടതു എന്ന അഭിപ്രായക്കാരാണെന്നു തെളിവു സഹിതം ഒരു സംശയത്തിനും ഇടം നൽകാനാവാത്ത വിധം അദ്ദേഹം വിവരിക്കുകയുണ്ടായി.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണ്, ഹദ്റത്ത് ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദിയുടെ അഗാധമായ അറിവും അനുഭവജ്ഞാനവും പ്രാഗല്ഭ്യവും എന്നെ വല്ലാതെ ആകർഷിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാൻ മനസ്സിൽ ഉത്കടമായ ആഗ്രഹം ജനിച്ചു. അതിനാൽ ഞാൻ താങ്കളുടെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് പഠിക്കാനായി മദീനയിൽ വരാൻ ആഗ്രഹിക്കുന്നു എന്നു ഒരു കുറിപ്പെഴുതി അദ്ദേഹത്തിനു നൽകി. അപ്പോൾ തന്നെ മക്കയിലെ പഠനം പൂർത്തിയാക്കിയ ശേഷം മദീനയിലേക്കു വരാൻ അദ്ദേഹം അനുവാദം നൽകുകയുണ്ടായി.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഈ കാര്യങ്ങളെല്ലാം തന്നെ തന്റെ ഉസ്താദായ മൗലവി റഹ്മത്തുല്ലാഹ് സാഹിബിനെ അറിയിച്ചുകൊണ്ട് പറഞ്ഞു, ശാഹ് സാഹിബ് ഹറമിൽ ആയിരക്കണക്കിനു ആളുകളെ സാക്ഷി നിർത്തിയാണു എന്റെ ചോദ്യത്തിനു ഉത്തരം നൽകിക്കൊണ്ട് തന്റെ ഫത്‌വ സധൈര്യം വെളിപ്പെടുത്തിയത്. അതേ സമയം നമ്മുടെ ഉസ്താദ് ശേഖ് മുഹമ്മദ് ഖസ്റജി സാഹിബ് തന്റെ അഭിപ്രായം വെളിപ്പെടുത്താൻ ഭയക്കുന്നു. എതിരഭിപ്രായം പറഞ്ഞാൽ ക്ഷോഭിക്കുന്നു. ഇതു കേട്ടു മൗലവി റഹ്മത്തുല്ലാഹ് സാഹിബ് പറഞ്ഞു, ഹദ്റത്ത് ശാഹ് അബ്ദുൽ ഗനി മുജദ്ദിദി ഈശ്വര കടാക്ഷവും ദിവ്യത്വവുമുള്ള ഒരു മഹാ പണ്ഡിതനാണ്.

## ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദിയുടെ കീഴിൽപഠനം

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് മക്കയിൽ ഒന്നര വർഷം ചെലവഴിച്ച്

അവിടുത്തെ പഠനം പൂർത്തിയാക്കി. പിന്നീട് ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദിയുടെ കീഴിൽ പഠിക്കാനായി മദീനയിലേക്കു പോകാൻ തീരുമാനിച്ചു. ചെറിയ ഒരു കാലയളവിലേയ്ക്കു പോകുന്നതു കൊണ്ട് പുസ്തകങ്ങളടക്കമുള്ള വസ്തുക്കൾ തൽക്കാലം മക്കയിൽ തന്നെ സൂക്ഷിക്കുന്നതായിരിക്കും ഉചിതമെന്നു കരുതി പുറപ്പെടുന്നതിനു മുമ്പു തന്റെ സാധനങ്ങളും ചെറുതല്ലാത്ത നല്ലൊരു തുകയും മക്കയിൽ താമസിക്കുന്ന ഭേര സ്വദേശിയും സഹപാഠിയുമായിരുന്ന കൂട്ടുകാരന്റെ പക്കൽ അമാനത്തായി ഏൽപിച്ചു. എന്നിട്ടു ഹദ്റത്ത് മൌലവി സാഹിബ് അവനോടു പറഞ്ഞു ഞാൻ ചെറിയ കാലത്തേയ്ക്കു മദീനയിൽ പോവുകയാണ്. ഇൻശാ അല്ലാഹ് അടുത്ത വർഷം ഹജ്ജിന്റെ സമയമാകുമ്പോഴേക്കും മക്കയിൽ തിരിച്ചെത്താൻ സാധിക്കുമെന്നാണു ഞാൻ കരുതുന്നത്. നീ ഈ പണം കൊണ്ടു വല്ല കച്ചവടവും ചെയ്തോളൂ. അടുത്ത ഹജ്ജിന്റെ സമയമാകുമ്പോഴേക്കും കച്ചവടം നിർത്തി പണമെല്ലാം സ്വരൂപിച്ചു വെക്കണം. ആ പണവും ഇപ്പോൾ നിന്നെ ഏൽപിച്ചിട്ടുള്ള മറ്റു സാധനങ്ങളും എന്നെ തിരിച്ചേൽപ്പിക്കണം. കച്ചവടത്തിൽ നിന്നുള്ള ലാഭം മുഴുവനും നിനക്കുള്ളതാണ്. എനിക്കതിൽ യാതൊരവകാശവുമുണ്ടായിരിക്കുകയില്ല. അവൻ അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു തമ്മിൽ പിരിഞ്ഞു. ഞങ്ങൾ അടുത്ത കൂട്ടുകാരും നാട്ടുകാരുമായിരുന്നുവല്ലോ.

പിന്നീട് ഹദ്റത്ത് മൌലവി സാഹിബ് മദീനയിൽ വന്നു. ശാഹ് അബ്ദുൽ ഗനി സാഹിബുമായി കൂടികാഴ്ച നടത്തി. ആദ്യം താമസത്തിനായി ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനു ഒരു ക്വാർട്ടർ അദ്ദേഹം അനുവദിച്ചു. താമസിയാതെ തന്നെ അദ്ദേഹത്തിനു കീഴിൽ പഠനവും ആരംഭിച്ചു. ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദി ആവശ്യത്തിനു മാത്രമേ സംസാരിച്ചിരുന്നുള്ളു. അദ്ദേഹം വളരെ ദീർഘവീക്ഷണവും അതിവിശാലമായ അറിവിന്റെ ഉടമയുമായിരുന്നു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ് ശാഹ് സാഹിബിനു കീഴിലുള്ള പഠനം എനിക്കു പലതരത്തിൽ ഉപകാരപ്പെടുകയും പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട്. അതിലൂടെ എന്നിലുണ്ടായിരുന്ന പല ആത്മീയ ന്യൂനതകളെ കുറിച്ചും ഞാൻ ബോധവാനായി. ഹദീസ് ഗ്രന്ഥങ്ങളായ ബുഖാരി, സുനനുത്തുർമുദി, മൗലാനാ റൂമിയുടേയും ഖാസിരീയ്യയുടേയും മസ്നവി മുതലായവയായിരുന്നു അദ്ദേഹം എന്നെ പഠിപ്പിച്ചത്.

ഒരിക്കൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് നാലു മദ്ഹബുകളെ എങ്ങിനെയാണു താങ്കൾ വിലയിരുത്തുന്നതെന്നു ശാഹ് അബ്ദുൽ ഗനി സാഹിബിനോടു ചോദിച്ചപ്പോൾ വളരെ പ്രത്യേകതയുള്ള ഒരു മറുപടിയായിരുന്നു അദ്ദേഹത്തിൽ നിന്നും ലഭിച്ചത്. അദ്ദേഹം പറഞ്ഞു അബൂഹനീഫയുടെ മദ്ഹബ് വളരെ പരക്കെ അറിയപ്പെടുന്ന ഒന്നാണ്. വളരെ വിശാലമായതാണു മാലിക്കി മദ്ഹബ്,ശാഫീ മദ്ഹബാണെങ്കിൽ ഏറ്റവും സുദൃഢതരമാണു. ഇബ്നു ഹംമ്പലിന്റേതാവട്ടെ വളരെ അർഥ വ്യാപ്തിയും വിസ്താരമേറിയതും. ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

## ശാഹ് അബ്ദുൽ ഗനി സാഹിബിന്റെ കൈയിൽ ബൈഅത്ത്

ശാഹ് അബ്ദുൽ ഗനി സാഹിബിന്റെ അറിവും മറ്റുള്ളവരുടെ ഇടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആദരവും അദ്ദേഹത്തിന്റെ ആത്മീയ സ്ഥാനവും നിമിത്തം ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തിൽ വളരെയധികം പ്രാഭാവിതനായിരുന്നു. അതുകാരണം ശാഹ് അബ്ദുൽ ഗനി സാഹിബിനെ തന്റെ ആത്മീയ നേതാവായി കരുതി അദ്ദേഹത്തിനു ബൈഅത്തു ചെയ്യാൻ തന്നെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തീരുമാനിച്ചു. അതിനായി പല പ്രാവശ്യം മനസ്സുകൊണ്ട് ഒരുങ്ങുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്യാമെന്നു തീരുമാനിച്ചു വീട്ടിൽ നിന്നും ഇറങ്ങുമെങ്കിലും അദ്ദേഹത്തിന്റെ മുന്നിലെത്തിയാൽ ആ ചിന്ത മങ്ങിപ്പോവുകയും, ഹറാമും ഹലാലും പറഞ്ഞു തരാനും നല്ലതു ഉപദേശിക്കാനും ചീത്ത വിരോധിക്കാനും ഖുർആൻ ഉണ്ടല്ലോ. ഇവരിൽ നിന്നു എന്തു പഠിക്കാനാണു എന്നു ആലോചിക്കാൻ തുടങ്ങും.

ആ സ്ഥിതിക്കു ബൈഅത്തിന്റെ ആവശ്യമുണ്ടോ എന്നൊക്കെ ഓർത്തു പോകും. ആയിരങ്ങൾ അദ്ദേഹത്തിനു ബൈഅത്തു ചെയ്തിട്ടുണ്ടല്ലോ യാതൊരു പ്രയോജനവുമില്ലാതെയാണോ അവർ ബൈഅത്തു ചെയ്തിരിക്കുന്നത് എന്ന ചിന്ത വേറേയും മനസ്സിൽ ഉദിക്കും. ഈ മാനസിക വടംവലിയും വൈഷമ്യവും കാരണം ബൈഅത്തു കുറെ നീണ്ടു പോയി. ഞാൻ മസ്ജിദ് നബ്വിയുടെ അടുത്തുണ്ടായിരുന്ന ഒരു വലിയ ഗ്രന്ഥാലയത്തിൽ ചെന്നിരുന്നു പല പല ഗ്രന്ഥങ്ങൾ വായിക്കും. അവിടെ ഇരുന്നു സ്വയം വിശകലനം ചെയ്യും ചിന്തിക്കും. അവസാനം അബ്ദുൽ ഗനി സാഹിബിനെ തന്റെ ആത്മീയ ഗുരുവായി കണ്ടു ബൈഅത്ത് ചെയ്യാൻ തന്നെ തീരുമാനിച്ചു.

ഹദ്റത്ത് മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണു അങ്ങനെ അവസാനം ഞാൻ അദ്ദേഹത്തിനു ബൈഅത്തു ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഇസ്ലാമിന്റേയും ഇസ്ലാമികാധ്യാപനങ്ങളുടെയും യഥാർഥ പൊരുൾ മനസ്സിലാകണമെങ്കിൽ നീ എന്നോടൊപ്പം ആറുമാസം താമസിക്കണം. മാത്രവുമല്ല നَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ الْوَرِيدِ അവന്റെ

ജീവ നാഡിയേക്കാൾ നാം അവനുമായി അടുത്താണ്(50:17) هُوَ مَعَكُمْ أَيْنَ مَا كُنْتُمْ നിങ്ങൾ എവിടെയാണങ്കിലും അവൻ നിങ്ങളുടെ കൂടെയുണ്ട് (57:5) എന്നീ ആയത്തുകളെ കുറിച്ച് വളരെ ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുകയും വേണം.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്, ഹദ്റത്ത് ശാഹ് സാഹിബ് പറഞ്ഞ ആറുമാസക്കാല വാഗ്ദാനം തീർച്ചയായും എന്നിൽ പൂർത്തിയായിട്ടുണ്ട്. ഞാൻ മുകളിൽ പറഞ്ഞ ഖുർആനിക വചനങ്ങളിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ എന്നിലുണ്ടായിരുന്ന ചില അലസതകളും ചില ബലഹീന തകളും ഞാൻ സ്വയം കണ്ടെത്തി. മാത്രവുമല്ല ഞാൻ പലപ്രാവശ്യം ഹദ്റത്ത് റസൂൽ കരീം(സ)നെ ദർശനത്തിൽ കാണുകയും ചെയ്തു.

## ജമാഅത്തായ നമസ്ക്കാരവും പശ്ചാത്താപവും

മദീനയിൽ ശാഹ് അബ്ദുൽ ഗനി സാഹിബിന്റെ അടുക്കൽ പഠിക്കുന്ന അവസരത്തിലുള്ള ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ്. ഒരു ദിവസം എന്തോ കാരണത്താൽ സുഹർ നമസ്ക്കാരത്തിനു എനിക്കു പള്ളിയിൽ എത്താൻ പറ്റിയില്ല. ജമാഅത്തോടു കൂടിയുള്ള നമസ്ക്കാരം കഴിഞ്ഞ ശേഷമാണ് ഞാൻ പള്ളിയിൽ എത്തുന്നത്. ഇതെന്നെ വല്ലാതെ ഭയപ്പെടുത്തി. ഇതൊരിക്കലും പൊറുക്കപ്പെടാൻ സാധ്യതയില്ലാത്ത കൊടുംപാപമായി എനിക്കു തോന്നി. പള്ളിയിൽ കയറാൻ പോലും എനിക്കു പേടിയായി. പള്ളിയിൽ പ്രവേശിക്കാനുള്ള കവാടങ്ങളിൽ ഒന്നിന്റെ പേര് ബാബുർറഹ്മത്ത് (കാരുണ്യത്തിന്റെ കവാടം) എന്നായിരുന്നു. അതിനു മുകളിൽ ഇങ്ങിനെ എഴുതിയിട്ടുണ്ടായിരുന്നു.

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنْفُسِهِمْ لَا تَقْنَطُوا مِنْ رَحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيم

തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസന്മാരെ, അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു (39:54). ഞാനിതു വായിച്ചിട്ടും എന്റെ പേടി അകലുന്നില്ല. ഞാൻ വളരെ പേടിച്ചു വിറച്ചുകൊണ്ട് പള്ളിക്കകത്ത് പ്രവേശിച്ചു. എന്നിട്ട് മിമ്പറിന്റേയും റസൂൽ (സ) തിരുമേനിയുടെ ഖബറിന്റേയും ഇടയിലുള്ള ഭാഗത്ത് നമസ്ക്കരിക്കാൻ തുടങ്ങി. റുക്കൂയിൽ ഉള്ള അവസരത്തിൽ ഒരു ഹദീസ് എന്റെ ഹൃദയത്തിൽ വളരെ കൂടുതലായി അലയടിക്കാൻ തുടങ്ങി. സ്വഹീഹ് ബുഖാരിയിലുള്ള ആ ഹദീസ് ഇപ്രകാരമാണ്,

ما بين بيتي و منبرى روضة من رياض الجنة.

(മാ ബൈന ബൈതീ വ മിംബരീ റൌളതും മിൻ റിയാളിൽ ജന്ന) എന്റെ വീടിനും മിമ്പറിനുമിടയിലുള്ള സ്ഥലം സ്വർഗ്ഗത്തിന്റെ ഒരു ഭാഗമാണെന്നു റസൂൽ (സ) തിരുമേനി അരുൾ ചെയ്തിരിക്കുന്നു. ആ നിലയ്ക്കു സ്വർഗ്ഗത്തിൽ വച്ചു ചെയ്യപ്പെടുന്ന ഏതൊരു ദുആയും അർഥനയും തിരസ്ക്കരിക്കപ്പെടുകയില്ല. തീർച്ചയായുംഅതു സ്വീകരിക്കപ്പെടും. അതുകൊണ്ട് ഞാൻ ഒരുപാടു ദുആ ചെയ്തു. അല്ലാഹുവേ, എന്റെ നാഥാ എന്റെ ഈ കുറ്റം നീ പൊറുക്കേണമേ*

## മക്കയിലേയ്ക്കുള്ള തിരിച്ചു വരവും രണ്ടാം ഹജ്ജും

മദീനയിൽ ഹദ്റത്ത് ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദിയുടെ കീഴിൽ നടന്നിരുന്ന ഹദീസ് ഉപരിപഠനം പൂർത്തിയായപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് മക്കയിലേയ്ക്കും തുടർന്നു നാട്ടിലേയ്ക്കും മടങ്ങാൻ തന്നെ തീരുമാനിച്ചു. അതൊരു ദുൽഹജ്ജ് മാസമായിരുന്നു. മടക്കത്തിൽ ഒരു

*__കുറിപ്പ്__: സന്ദർഭവശാൽ അറബികളുടെ ഒരു സ്വഭാവം ഓർമ വരുന്നു. ഗൾഫു രാജ്യങ്ങളിൽ ജീവിച്ചിട്ടുള്ള പലരും ഇതിനു സാക്ഷികളുമായിരിക്കാം. യാത്രകളിൽ വിനീതൻ പലപ്പോഴും അവരുടെ പള്ളികളിൽ പോയി സ്വന്തമായി നമസ്ക്കരിക്കുമ്പോൾ കണ്ടിട്ടുള്ള കാര്യമാണിത്. ഈ നാടുകളിൽ ജമാഅത്തോടു കൂടിയുള്ള സുഹർ നമസ്ക്കാരം കഴിഞ്ഞാൽ അസർ വരേയും അസർ കഴിഞ്ഞാൽ മഗ്രിബ് വരേയും, മഗ്രിബ് കഴിഞ്ഞാൽ ഇശാവരേയും ഇശാ കഴിഞ്ഞാൽ ആളുകൾ പള്ളിയിൽ വന്നു കൊണ്ടിരിക്കുന്നതുവരേയും ഇമാമും ജമാഅത്തുമായി നമസ്ക്കാരം നടന്നു കൊണ്ടേയിരിക്കും. ആദ്യത്തെ ജമാഅത്തായുള്ള പ്രഖ്യാപിത നമസ്ക്കാരത്തിനു ശേഷം വരുന്നവർ അവരിൽ നിന്നുള്ള ഏതെങ്കിലും ഒരാളെ ഇമാമാക്കി ജമാഅത്തായി നമസ് ക്കരിക്കും. ചിലർ അടുത്ത ബാ ജമാഅത്തു തുടങ്ങാനായി ഈ നമസ്ക്കാരം പൂർത്തിയാകാൻ കാത്തിരിക്കും. അതുകൊണ്ടു ആര് എപ്പോൾ വന്നാലും പള്ളികളിൽ ജമാഅത്തായുള്ള നമസ്ക്കാരം റെഡി. നഷ്ടപ്പെടുകയില്ല. കൂടുതൽ ആളുകൾ വരുന്നതും റോഡരികിലുള്ളതുമായ പള്ളികളിലാണു ഇതു കൂടുതലായി കണ്ടു വരുന്നത്. ബാ ജമാഅത്തു നമസ്ക്കാരം തനിച്ചുള്ള നമസ്ക്കാരത്തേക്കാൾ ഇരുപത്തേഴുമടങ്ങു കൂടുതൽ പ്രതിഫലമുള്ളതാണെന്ന നല്ല ചിന്തയിലായിരിക്കാം അങ്ങനെ ചെയ്യുന്നത്. എന്നാൽ അതിലൂടെ നഷ്ടമാകുന്നതു പള്ളികളിലെ ബാ ജമാഅത്തു നമസ്ക്കാരങ്ങളുടെ മഹനീയതയും പ്രാധാന്യവുമാണ്.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനു ജമാഅത്തോടുകൂടിയുള്ള ഒരു നേരെ നമസ്ക്കാരം ലഭിക്കാതിരുന്നതിനാൽ അദ്ദേഹത്തിനു പറഞ്ഞറിയിക്കാനാവാത്ത ഭയവും വേവലാതിയും എല്ലാം നഷ്ടപ്പെട്ടെന്ന ചിന്തയുമാണുണ്ടായത്. അതിൽ നിന്നും മുകളിൽ വിവരിച്ച ആ സ്വഭാവം പഴയകാല അറബികൾക്കോ അവർ നേതൃത്വം നൽകുന്ന പള്ളികളിലോ ഉണ്ടായിരുന്നില്ല എന്നാണു മനസ്സിലാകുന്നത്.

ഹജ്ജു കൂടി ചെയ്യാനുള്ള ഉദ്ദേശ്യത്തിലാണു ആ മാസം തന്നെ തെരഞ്ഞെടുക്കാൻ കാരണം. ഇതിനു മുമ്പു നാട്ടിൽ നിന്നും ഇവിടെ എത്തിയപ്പോഴും ഹജ്ജ് ചെയ്യുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. അങ്ങനെ മദീനയിലെ പഠനവും താമസവും പൂർത്തിയാക്കി മക്കയിലേയ്ക്കു പുറപ്പെട്ടു. ആ കാലത്ത് മരുഭൂമിയിലെ കപ്പലെന്നറിയപ്പെടുന്ന ബദുക്കളുടെ ഒട്ടകങ്ങൾ മാത്രമായിരുന്നു യാത്രക്കായി ഉണ്ടായിരുന്ന ഏക വാഹനം. പലപ്പോഴും ഈ ബദുക്കളും യാത്രക്കാരായ ഇന്ത്യക്കാരും തമ്മിൽ അടിപിടിയും കലഹവും ഉണ്ടാകാറുണ്ട്. അതിന്റെ പ്രധാന കാരണം ഭാഷയായിരുന്നു. ഇന്ത്യക്കാരനു ബദു എന്താണു പറയുന്നതെന്നറിയുകയില്ല. ബദുവിനു ഇന്ത്യക്കാരൻ പറയുന്നതും മനസ്സിലാവുകയില്ല. പിന്നീടതു കലഹത്തിലാണവസാനിക്കാറ്.

ഹദ്റത്ത് മൌലവി സാഹിബ് പറയുകയാണു, ഞാൻ യാത്രയിൽ ബദുക്കളുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു കൊണ്ട് യാത്രയിൽ അവരും വളരെ സഹകരണ മനോഭാവത്തോടെ എന്നോടും വർത്തിക്കാറുണ്ട്. ഇതിനൊക്കെ അത്യാവശ്യമായി വേണ്ടത് ഭാഷാപരമായ കഴിവാണ്. യാത്രയിൽ ഞാൻ അവർക്കു പല അറബി കവിതകളും ചൊല്ലികേൾപ്പിച്ചു കൊടുക്കും.അവരതു കേട്ടു സന്തോഷത്താൽ ആടിക്കൊണ്ടിരിക്കും. ഞാൻ ഇത്തരം യാത്രകളിൽ വഴിയിൽ ചിലയിടങ്ങളിൽ വെള്ളത്തിന്റെ ഉറവ ഉള്ളതു കൊണ്ട് കുടിക്കാനും വുസു എടുക്കാനുമുള്ള വെള്ളം അധികമായി കരുതാറൊന്നുമില്ല. എന്നാൽ കഴിക്കാനായി ഈന്തപ്പഴം കൂടുതൽ കരുതാറുണ്ട്. രാത്രി ഒട്ടകത്തിന്റെ ഉടമസ്ഥനായ ബദുവിനു ഈത്തപ്പഴം കുറച്ചു കൊടുത്താൽ അവർക്കു വലിയ സന്തോഷമാണ്. പിന്നീടവർ നമ്മൾ പറയുന്ന ഏത് പണിയും അനുസരണമുള്ള ഒരടിമയെ പോലെ ചെയ്തു കൊള്ളും.

ഒരു യാത്രയിൽ രാത്രി എനിക്കു കലശലായ ദാഹം അനുഭവപ്പെട്ടു. കൈയിൽ ഒരു തുള്ളി വെള്ളമില്ല. ബദുവിനു കഴിക്കാൻ കുറെ ഈന്തപ്പഴം കൊടുത്ത ശേഷം ഞാൻ പറഞ്ഞു എനിക്കു വല്ലാതെ ദാഹിക്കുന്നു. എവിടെ നിന്നെങ്കിലും അൽപം വെള്ളം കിട്ടിയാൽ വലിയ ഉപകാരമായിരുന്നു. അയാൾ ഉടനെ തന്നെ എവിടെയൊക്കെയോ കറങ്ങി എനിക്ക് വെള്ളം കൊണ്ടു വന്നു തന്നു. പിറ്റേദിവസം രാവിലെ എല്ലാ യാത്രക്കാരും തമ്പടിക്കുകയും മൃഗങ്ങൾക്കു പുല്ലും വെള്ളവും കൊടുക്കുന്ന ഇടത്താവളത്തിലെത്തിയപ്പോൾ ഒരിന്ത്യക്കാരൻ വലിയ ദ്വേഷ്യത്തിൽ വല്ലാതെ ഒച്ചപ്പാടും ബഹളവും വെക്കുന്നതു കണ്ടു. ഞാൻ ചെന്നു കാര്യം തിരക്കി. അയാൾ പറഞ്ഞു ഇന്നലെ രാത്രി ഏതോ ഒരു തെമ്മാടി എന്റെ വെള്ളത്തിന്റെ തോൽ സഞ്ചിക്ക് ദ്വാരമുണ്ടാക്കിയിരിക്കുന്നു. വെള്ളം മുഴുവനും ചോർന്നു പോയി. ഇനി ഞാൻ എന്തു ചെയ്യും. മക്ക എത്തുന്നതുവരെ കുടിക്കാൻ വെള്ളമില്ല. ഇതു കേട്ടപ്പോൾ എന്റെ ഒട്ടകക്കാരൻ ബദു ഒപ്പിച്ച പണിയാണോ ഇത് എന്ന സംശയത്തിൽ ഞാൻ ചെന്നു അയാളോടു പതുക്കെ ചോദിച്ചു ഇതു നീയല്ലല്ലോ ചെയ്തതു? അല്ലേ? അവൻ ആദ്യം ഒന്നും മിണ്ടിയില്ല. പിന്നീടവൻ പറഞ്ഞു യാ, ഹദ്റത്ത്, ഞാൻ താങ്കൾക്കു വേണ്ടി പലയിടത്തും വെള്ളമന്വേഷിച്ചു കിട്ടിയില്ല. അവന്റെ പക്കൽ വലിയ തോൽ സഞ്ചിയിൽ വെള്ളം കണ്ടപ്പോൾ ഒരു ഗ്ലാസ്സ് വെള്ളത്തിനായി യാചിച്ചു. കുറേ പറഞ്ഞു നോക്കി അവൻ തന്നില്ല. പിന്നെ എനിക്കു ശുണ്ഠി വരാതിരിക്കുമോ? ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ആ ബദുവിനെ ഇത്തരത്തിലുള്ള ഒരു അതിക്രമം ചെയ്തതിനു കുറെ വഴക്കു പറഞ്ഞു.

ഹദ്റത്ത് നബി കരീം (സ) മദീനയിൽ നിന്നു മക്ക ജയിച്ചടക്കുന്നതിനായി വന്നപ്പോൾ കദാഅ് എന്ന സ്ഥലത്തു കൂടിയാണു മക്കയിൽ പ്രവേശിച്ചത്. എന്നാൽ സാധാരണയായി കച്ചവട സംഘങ്ങളും ഒട്ടകക്കൂട്ടങ്ങളും മറ്റു സാർഥവാഹകന്മാരും അതു വഴി പോകാറില്ല. അങ്ങിനെ പോകുന്നതുകൊണ്ട് ദൂരം കൂടുതലോ മറ്റെന്തെങ്കിലും കഷ്ട നഷ്ടമോ ഒന്നും തന്നെ ഇല്ല. അതു കാരണം കദാഅ് എത്തുന്നതിനു അൽപം മുമ്പ് തന്നെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ്(റ)റസൂൽ തിരുമേനിയുടെ സുന്നത്ത് പൂർത്തിയാക്കാനായി ഒട്ടകപ്പുറത്തു നിന്നും ചാടി ഇറങ്ങി. കൂടെയുണ്ടായിരുന്ന യാത്രാ സംഘത്തിലെ വളരെ കുറച്ചു പേർ മാത്രമാണു ആ വഴി മക്കയിൽ പ്രവേശിച്ചത്.

അങ്ങനെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് വീണ്ടും മക്കയിൽ തിരിച്ചെത്തി. മദീനയിൽ പോകുന്നതിനു മുമ്പു മക്കയിൽ മഖ്ദൂം എന്ന വൃദ്ധനായ ഒരാളുടെ വീട്ടിലായിരുന്നുവല്ലോ താമസിച്ചിരുന്നത്. ഈ പ്രാവശ്യവും താമസം അവിടെ തന്നെയെന്നു തീരുമാനിച്ചു. ഹജ്ജിന്നായി ആ വീട്ടിൽ വെച്ചു ഇഹ്റാം ധരിക്കാൻ തുടങ്ങിയപ്പോൾ മഖ്ദൂം സാഹിബ് ചോദിച്ചു താങ്കളെന്താണു തൻഈമിൽ പോയി ഇഹ്റാം ധരിക്കാത്തത്. ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു അതിന്റെ യാതൊരു ആവശ്യവുമില്ല.അതു തികച്ചും അനാവശ്യവും വ്യർഥവുമായ കാര്യമാണു. സ്വഹീഹായ ഹദീസ് അനുസരിച്ചു മക്കാ നിവാസികളാണെങ്കിൽ അവർക്കു ഇഹറാം ധരിക്കുന്നതിനായി മക്കയ്ക്കു പുറത്തു പോകേണ്ട ആവശ്യമില്ല. മക്കയിൽ എവിടെവച്ചും ഇഹ്റാം ധരിക്കാം.പക്ഷേ, അതെല്ലാവരും സമ്മതിച്ചെന്നു വരില്ല. അങ്ങനെ ചെയ്താൽ കഴുതപ്പുറത്തും ഒട്ടകപ്പുറത്തും ഇരുത്തി ഹാജിമാരെ ഇഹ്റാം കെട്ടാനായി തൻഈം വരെ കൊണ്ടു പോകുന്നവരുടെ

ഉപജീവനം നഷ്ടപ്പെട്ടു പോകുമല്ലോ. അതു കേട്ടപ്പോൾ മഖ്ദൂം സാഹിബ് കുറേ ചിരിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മൗലവി സാഹിബ് ഹജ്ജ് പൂർത്തിയാക്കി. ഇത് രണ്ടാമത്തെ ഹജ്ജാണെന്നു പറഞ്ഞുവല്ലോ; ഇതിലൂടെ അദ്ദേഹം പല ആത്മീയ അനുഗ്രഹങ്ങളും കരസ്ഥമാക്കി. അദ്ദേഹം പറയുകയാണു എനിക്കു ഹജ്ജുമായി ബന്ധപ്പെട്ടു ഒരു പ്രത്യേക കാര്യം ഗ്രഹിക്കുവാൻ സാധിച്ചു. എല്ലാ വർഷവും ധാരാളമായി ഹാജിമാർ ഇവിടെ വരുന്നു. ഹജ്ജിനു ശേഷം താമസിയാതെ തന്നെ അവർ തിരിച്ചു പോവുകയും ചെയ്യുന്നു. അങ്ങനെ ഹജ്ജിന്നായി ഇവിടെ എത്തുന്ന അന്യദേശക്കാരോടു ഇവിടെയുള്ളവർക്കു ആത്മാർഥവും ശാശ്വതവുമായ സ്നേഹമോ പ്രതിപത്തിയോ ഉണ്ടാകാറില്ല. അതായത് ഇവിടെ അല്ലാഹുവിനോടുള്ള സ്നേഹം മാത്രമേ ഉള്ളു. മറ്റൊരു ബന്ധത്തിനും സ്നേഹത്തിനും ഇവിടെ യാതൊരു സ്ഥാനവുമില്ല.

## മഖ്ദൂം സാഹിബും സാത്വികയായ ഭാര്യയും

മക്കയിൽ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ താമസം വീണ്ടും ആദ്യം താമസിച്ച മഖ്ദൂം സാഹിബ് എന്ന നല്ല മനുഷ്യനോടൊപ്പമാണെന്നു പറഞ്ഞുവല്ലോ. അദ്ദേഹം വളരെ പ്രായം ചെന്ന ആരോഗ്യം കുറഞ്ഞ ഒരു വ്യക്തിയാണ്. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ്, എനിക്ക് അദ്ദേഹത്തിന്റെ ഭാര്യയുടെ കാര്യം ആലോചിക്കുമ്പോൾ വളരെ അതിശയം തോന്നാറുണ്ട്. അവൾ വളരെ ചെറുപ്പക്കാരിയും അതീവ സുന്ദരിയുമാണ്. ഉപജീവനത്തിനായി ചില ജോലികൾ ചെയ്താണ് ഭർത്താവിന്റെ കാര്യങ്ങൾ നോക്കുന്നത്. അവൾ ഭർത്താവിന്നായി വളരെ മൃദുവായ ആഹാരങ്ങൾ ഉണ്ടാക്കുന്നു. ഞാനൊരിക്കൽ അവളോട് ചോദിച്ചു, നീ എത്ര സുന്ദരിയാണെന്ന് നിനക്കറിയാമോ? അപ്പോൾ അവൾ പറഞ്ഞു, തീർച്ചയായും അറിയാം. ഇവിടെ മക്കയിൽ എന്നെ കൂടാതെ ബാക്കിയുള്ള സ്ത്രീകളെല്ലാം തന്നെ പൊതുവിൽ സൗന്ദര്യ വർദ്ധക വസ്തുക്കൾ പൊതുവിൽ ഉപയോഗിക്കുന്നവരാണ്. ഞാൻ ഉപയോഗിക്കാറില്ല. വീണ്ടും ഞാൻ പറഞ്ഞു, മഖ്ദൂം സാഹിബ് വളരെ പ്രായം ചെന്ന വൃദ്ധനായ ഒരു വ്യക്തിയാണ്. നീ ചെറുപ്പക്കാരിയും. നീ അദ്ദേഹത്തെ സേവിക്കുന്നത് കാണുമ്പോൾ എനിക്ക് അതിശയം തോന്നാറുണ്ട്. അപ്പോൾ അവൾ പറഞ്ഞു, ശരിയാണ്. അദ്ദേഹം ഒരു വൃദ്ധനല്ലായിരുന്നുവെങ്കിൽ എനിക്ക് ഉപജീവനത്തിനായി ജോലി ചെയ്യേണ്ടിവരില്ലായിരുന്നു. അല്ലാഹു അദ്ദേഹത്തെ എനിക്ക് ഭർത്താവായി നൽകിയിരിക്കുകയാണ്. ആ നിലക്ക് എല്ലാ കാര്യങ്ങളും നോക്കി അദ്ദേഹത്തെ സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടതു എന്റെ കടമയാണ്. അവളുടെ ഈ വാക്കുകൾ കേട്ടപ്പോൾ എനിക്ക് വളരെയധികം സന്തോഷമുണ്ടായി. അവൾ നന്മയുടേയും തഖ്‌വയുടേയും പാരമ്യത്തിലാണുള്ളതെന്നെനിക്കു മനസ്സിലായി. ഞാൻ മഖ്ദൂം സാഹിബിനോടും ഭാര്യയെ കുറിച്ചു സംസാരിച്ചു. അദ്ദേഹം പറഞ്ഞു, അവളുടെ പേര് സാദിഖ എന്നാണ്. അവളുടെ പേരു പോലെ അവൾ സാത്വികയും സ്നേഹനിധിയുമായ ഭാര്യയാണ്.

## ചതിയനായ സ്നേഹിതൻ

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ഇന്ത്യയിലും വിദേശത്തും പ്രതികൂലവും അനുകൂലവുമായ സാഹചര്യത്തിൽ ദീർഘകാലം താമസിച്ചു പല ബുദ്ധിമുട്ടുകളും സഹിച്ചു കൊണ്ട് പ്രമുഖരായ അനേകം പണ്ഡിതരിൽ നിന്നു ഖുർആനും, ഹദീസും, വൈദ്യവും, അറബിസാഹിത്യവും, സർഫ്നഹ്‌വ് (അറബി ഗ്രാമർ) മൻത്വിക്ക് (തർക്കശാസ്ത്രം) ഫിഖ്ഹ് തുടങ്ങി മതപരമായ പല അറിവുകളും വളരെ ആഴത്തിൽ കരസ്ഥമാക്കി. നാടും വീടും സ്നേഹധനരായ മാതാപിതാക്കളേയും കൂടപ്പിറപ്പുകളേയും വിട്ടു വന്നിട്ടു വർഷങ്ങൾ നാലഞ്ചു കടന്നു പോയിരിക്കുന്നു. അങ്ങനെ നാട്ടിലേക്ക് തിരിച്ചു പോകാൻ തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾ ചെയ്തു തുടങ്ങി. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ഹദ്റത്ത് ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദിയുടെ കീഴിൽ ഹദീസ് പഠനത്തിന്നായി മദീനയിലേക്കു പോകുമ്പോൾ കൈയിലുണ്ടായിരുന്ന സാധനങ്ങളും പണവും നാട്ടുകാരനായ സ്നേഹിതന്റെ പക്കൽ അമാനത്തായി വച്ചിട്ടായിരുന്നുവല്ലോ പോയിരുന്നത്. അതയാളിൽ നിന്നു തിരിച്ചെടുക്കണം. അതിനായി ഞാനയാളെ അന്വേഷിച്ചു കണ്ടെത്തി. സാധനങ്ങളും പണവും തിരികെ ചോദിച്ചു. ആദ്യമാദ്യം അവൻ ഓരോരോ ഒഴികഴിവു പറഞ്ഞു. എന്റെ നിർബന്ധം കൂടിയപ്പോൾ ഒരു ദിവസം എന്നേയും കൂട്ടി വലിയൊരു മാളിക വീടിന്റെയടുക്കൽ ചെന്നു. എന്നിട്ടു പറഞ്ഞു നിങ്ങളുടെ പണവും സാധനങ്ങളും ഞാൻ ഈവീട്ടിൽ വെച്ചിട്ടാണുള്ളത്. ഇയാൾ വീടുപൂട്ടി എവിടെയോ പോയിരിക്കുകയാണ്. വീടിന്റെ ബാഹ്യമായ അവസ്ഥ കണ്ടിട്ടു വീട്ടുകാർ വലിയ പണക്കാരാണെന്നു എനിക്കു തോന്നി.

ഞങ്ങൾ രണ്ടുപേരും സംസാരിച്ചു നിൽക്കുന്ന അവസരത്തിൽ ഒരു മക്കക്കാരൻ അറബി വന്നു ചോദിച്ചു എന്താ കാര്യം. ഞാൻ പറഞ്ഞു, എന്റെ സാധനങ്ങൾ ഈ വീട്ടിലാണുള്ളത്. വീട്ടുകാരൻ വീട് പൂട്ടി എവിടെയോ പോയിരിക്കുകയാണ്. അപ്പോൾ എന്നോടൊപ്പമുള്ള എന്റെ കൂട്ടുകാരനെ ചൂണ്ടി ഇവനെന്തിനാണു നിന്നോടൊപ്പം നിലക്കുന്നതെന്നു ചോദിച്ചു. ഞാൻ പറഞ്ഞു എന്റെ സാധനങ്ങളും പണവും ഞാൻ ഇവനെയാണ് ഏൽപിച്ചത്. ഇവനാണ് ഇവിടെ

വച്ചത്. ഇതു പറയേണ്ട താമസം എന്നോട് വളരെ സൗഹാർദ്ദമായി സംസാരിച്ച ആ മക്കക്കാരൻ അറബി നിമിഷനേരം കൊണ്ട് അതീവ കോപാകുലനായിട്ടു പറഞ്ഞു ഇവൻ പെരുങ്കള്ളനും മഹാ വഞ്ചകനുമാണ്. നിന്റെ പണവും സാധനങ്ങളും ഇവൻ വിഴുങ്ങിയതായി മനസ്സിലാക്കിക്കൊള്ളൂ. ഇനി നിനക്കതു തിരിച്ചു കിട്ടുമെന്നു കരുതേണ്ട. ഇവൻ പറയുന്ന ഈ വീട്ടുകാരൻ വളരെ കുലീനനും സാത്വികനുമായ ഒരു വ്യക്തിയാണ്. അദ്ദേഹം ഹജ്ജിന്നായി വന്നിട്ടുള്ള തങ്ങളുടെ കുടുംബക്കാരെ യാത്രയാക്കാൻ ജിദ്ദയിൽ പോയിട്ടാണുള്ളത്. ഇനി എല്ലാ ഹാജിമാരും നാട്ടിലേയ്ക്കു തിരിച്ചു പോയാൽ മാത്രമേ ഇവർ തിരിച്ചു മദീനയിൽ വരികയുള്ളൂ.

എന്നിട്ടു ആ അറബി എന്റെ കൂട്ടുകാരനെ തെറി കൊണ്ടഭിഷേകം ചെയ്തു. അവൻ ഒരക്ഷരം മിണ്ടാതെ തലകുനിച്ചു നിന്നു. വീണ്ടും അയാൾ എന്നോടു പറഞ്ഞു, ഇവൻ നിന്റെ സാധനങ്ങളും പണവും ഒരു ബംഗാളി സ്ത്രീക്ക് നൽകിയിട്ടാണുള്ളത്. അതെനിക്കറിയാം. ഇവനെ പോലുള്ള ഹിന്ദുസ്ഥാനികൾ യഥാർഥത്തിൽ അറബികളെ മറ്റുള്ളവരുടെ മുന്നിൽ കരിവാരി തേക്കുകയാണു ചെയ്യുന്നത്. ഇവൻ നിങ്ങളുടെ സാധനങ്ങളും പണവും തിരിച്ചു തരുമെന്ന പ്രതീക്ഷയേ വേണ്ട. അതൊരിക്കലും കിട്ടുകയില്ല. അവൻ തലകുനിച്ചു നിന്നതല്ലാതെ ഒരക്ഷരം മിണ്ടിയില്ല. അവനോടു എന്തെങ്കിലും പറഞ്ഞതു കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നു എനിക്കു മനസ്സിലായി. അതുകൊണ്ട് ഞാനവനോടു ഒന്നും പറഞ്ഞില്ല.

അല്ലാഹുവിനെ ഭയമില്ലാത്ത തന്റെ ആഖിറത്തിനെ നഷ്ടത്തിലും കഷ്ടത്തിലുമാക്കുന്ന ഇത്തരം ആളുകൾ ധാരാളം ഉണ്ട്. അവരെ കുറിച്ചു ചിന്തിച്ചു ദു:ഖിക്കുകയല്ലാതെ നമുക്ക് മറ്റൊന്നും ചെയ്യാനില്ല. ഏതായാലും എനിക്കു പറ്റിയ ഈ അമളി മറ്റാർക്കും പറ്റാതിരിക്കാനായി വിവരം ഞാൻ എന്റെ ഒരു ഉസ്താദിനോടു പറഞ്ഞു. കാരണം ഞാൻ ഏൽപിച്ചതു പോലെ അദ്ദേഹം തന്റെ സാധനങ്ങൾ ഇവനെ ഏൽപിച്ചു മദീനയിലേക്ക് പോകാൻ ഉദ്ദേശിക്കുകയായിരുന്നു. ഞാൻ വിവരം നൽകിയതു കൊണ്ടു അദ്ദേഹം രക്ഷപ്പെട്ടു. ഇത്തരത്തിൽ വിശ്വാസവഞ്ചകരായ ആളുകൾ മക്കയിലും മദീനയിലുമുണ്ട്.

## മദീനക്കാരൻ ഖാസിയുടെ കുടില തന്ത്രങ്ങൾ

ആലോചിക്കുമ്പോൾ ദു:ഖമുണ്ടാക്കുന്ന ഇത്തരം ആളുകളെ കുറിച്ചു പറഞ്ഞു കൊണ്ടു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) മദീനയിലെ ഒരു ഖാസി(ജഡ്ജി) സാഹിബിന്റെ ഒരു സംഭവം വിവരിക്കുകയുണ്ടായി. അദ്ദേഹം പറയുകയാണു മദീനയിൽ തീർഥാടനത്തിന്നായി അന്യദേശങ്ങളിൽ നിന്നും വരുന്നവർക്കു വേണ്ടി എന്റെ ഒരു സ്നേഹിതൻ വിശാലവും മനോഹരവുമായ ഒരു സത്രം പണിയാൻ തീരുമാനിക്കുകയും വലിയൊരു തുക ചെലവഴിച്ചു കൊണ്ട് ജോലി ആരംഭിക്കുകയും ചെയ്തു. ആ അവസരത്തിൽ മദീനയിലെ ഖാസി സാഹിബ് അദ്ദേഹത്തോടു നൂറു പൗണ്ട് കടമായി ആവശ്യപ്പെട്ടു. സ്നേഹിതൻ തന്റെ ആത്മീയ ഗുരുവായ ശാഹ് അബ്ദുൽ ഗനി സാഹിബ് മുജദ്ദിദിയോടു അഭിപ്രായമാരാഞ്ഞു. അദ്ദേഹം പറഞ്ഞു കടം കൊടുത്താൽ തിരിച്ചു കിട്ടുകയില്ല എന്നതു തീർച്ചയാണു. അതറിഞ്ഞപ്പോൾ പണം നൽകാൻ നിർവാഹമില്ലെന്നു അദ്ദേഹം ഖാസി സാഹിബിനെ അറിയിച്ചു.

അതിന്റെ പിറ്റെ ദിവസം തന്നെ നീതിന്യായ വകുപ്പിൽ നിന്നും നമ്മുടെ സ്നേഹിതനു ഒരു കത്തു കിട്ടി. സത്രം നിർമിക്കുന്നതു ഒരു പൊതു വഴിയിലാണെന്നും അതു ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനു പുറമെ മാർഗ തടസ്സം സൃഷ്ടിക്കുന്നതു നബി തിരുമേനി (സ)യുടെ ഉപദേശങ്ങൾക്കു വിരുദ്ധമാണെന്നും ആയതിനാൽ സത്രത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്നു നിർത്തി വെയ്ക്കണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. ഈ പദ്ധതിക്കു വേണ്ടി കുറേയേറെ പണം ചെലവഴിച്ചതു കാരണം അദ്ദേഹം വലിയ മാനസിക വിഷമത്തിലായി. അദ്ദേഹത്തിന്റെ മറ്റൊരു സുഹൃത്തിന്റെ ഉപദേശ പ്രകാരം അദ്ദേഹം ജിദ്ദയിലുള്ള ബ്രിട്ടീഷ് കൗൺസിലുമായി ബന്ധപ്പെട്ടു കാര്യങ്ങൾ മുഴുവൻ അവരെ ധരിപ്പിച്ചു. താമസിയാതെ കൗൺസിലിൽ നിന്നു ഖാസി സാഹിബിനു ഒരു കത്തു കിട്ടി. അതിന്റെ പിറ്റെദിവസം തന്നെ ഖാസി സാഹിബിന്റെ ഓഫീസിൽ നിന്നു നമ്മുടെ സ്നേഹിതന്റെ പേരിൽ ഒരു കത്തു വന്നു. നിങ്ങൾ സത്രമുണ്ടാക്കുന്ന സ്ഥലത്തുള്ള വഴി ഇപ്പോൾ ഉപയോഗിക്കുന്നില്ലെന്നു മനസ്സിലായതിന്റെ വെളിച്ചത്തിൽ നിങ്ങൾക്കു നിർമാണ പ്രവർത്തനങ്ങൾ തുടരാമെന്നു അതിൽ എഴുതിയിട്ടുണ്ടായിരുന്നു.
(തുടരും)

### കടപ്പാട് & അവലംബം


1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്വാ

2. താരീഖെ അഹ്മദിയ്യത്ത് വാല്യം കകക By മൌലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (ഇംഗ്ലീഷ്) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അൽ ഫസ്ൽ ഉറുദു ദിനപത്രങ്ങൾ റബ്വാ.

കുറിപ്പുകൾ

# തുടരുന്ന വംശീയത നൃശംസതകൾ

## മുസാഫിർ

അമേരിക്കയിലെ മിനസോട്ടാ സംസ്ഥാനത്ത് മിനോപോലിസ് എന്ന പട്ടണത്തിൽ വെച്ച് ജോർജ്ജ് ഫ്ളോയിഡ് എന്ന കറുത്ത വർഗക്കാരനെ 2020 മെയ് 25ന് പോലീസ് കാൽമുട്ട് കൊണ്ട് കഴുത്ത് ഞെരിച്ച് അതിദാരുണമായി കൊലപ്പെടുത്തിയ ഭീകരരംഗം നാം മീഡിയായിൽ കണ്ടതാണ്. ഈ സംഭവത്തിൽ അഭൂതപൂർവ്വമായ എതിർപ്പ് അമേരിക്കയിൽ ഇന്നും കെട്ടടങ്ങിയിട്ടില്ല. കോവിഡ് പ്രോട്ടോക്കോളെല്ലാം ലംഘിച്ച്, ആതുര ഭീതി വകവെക്കാതെ ജനങ്ങൾ പ്രതിഷേധിക്കുകയും നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക്, രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക്, ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക് വംശീയ നൃശംസതയുടെ ഈ പ്രതിഷേധാഗ്നി ആളിപ്പടരുകയാണ്. കറുത്ത വർഗക്കാരോടും അപരരോടും അമേരിക്ക കാട്ടുന്ന ബഹുമുഖമായ പക്ഷപാതിത്വങ്ങളുടേയും വംശവെറിയുടേയും തുടർന്നുകൊണ്ടിരിക്കുന്ന നിരവധി അപരാധങ്ങളിൽ അവസാനത്തെ ഒന്നായിരുന്നു ഇത്.

കൊളോണിയലിസവും വംശീയതയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. 500 വർഷം മുമ്പ് ഇറ്റാലിയൻ നാവികൻ ക്രിസ്റ്റഫർ കൊളംബസ് അമേരിക്കയിൽ കോളനി സ്ഥാപിക്കാൻ വന്നിറങ്ങിയപ്പോൾ നിഷ്ക്കളങ്കരായി അദ്ദേഹത്തെയും സംഘത്തെയും സ്വീകരിച്ച അവിടുത്തെ തദ്ദേശീയ ജനതയെ വംശഹത്യ നടത്തി ഉന്മൂലനം ചെയ്താണ് അവർ തങ്ങളുടെ അമേരിക്ക അവിടെ കെട്ടിപടുത്തത്. പിന്നീട് അടിമ വേലക്കായി ആഫ്രിക്കയിൽ നിന്നും കറുത്തവരെ ഇറക്കുമതി ചെയ്യുകയാണുണ്ടായത്. ഇന്ന് 33 കോടി വരുന്ന അമേരിക്കൻ ജനസംഖ്യയിൽ 12% ആഫ്രിക്കൻ വംശജരാണ്. പിന്നീട് വംശീയ പിശാചിന്റെ മൃഗയാവിനോദം തിരിഞ്ഞത് അമേരിക്കയിലെ ഈ ആഫ്രിക്കൻ വംശജർക്കെതിരെയാണ്. നൂറ്റമ്പത് വർഷം മുമ്പ് **"If slavery is not wrong, nothing is wrong"** അടിമത്വം തെറ്റല്ലെങ്കിൽ, തെറ്റായി മറ്റൊന്നുമില്ല. എന്ന് പറഞ്ഞ് അടിമത്വത്തിനെതിരെ ആഞ്ഞടിച്ച് രക്തസാക്ഷിത്വം വരിച്ച അബ്രഹാം ലിങ്കൺ എന്ന മഹാനായ ഒരു പ്രസിഡന്റ് അവർക്കുണ്ടായിട്ടും മൂന്ന് വർഷം മുമ്പ് കറുത്ത വർഗക്കാരനായ ഒരു പ്രസിഡന്റ് ബറാക് ഒബാമ എട്ട് വർഷം നാട് ഭരിച്ചിട്ടും വംശീയത അമേരിക്കയുടെ ദേശീയ സംസ്ക്കാരത്തിന്റെ ഭാഗമായി തുടരുകയാണ്.


ജോർജ്ജ് ഫ്ളോയിഡ്

തങ്ങൾ കീഴടക്കിയ കോളനികളിലെ ജനങ്ങൾ അപരിഷ്കൃതരും പ്രാകൃതരുമാണെന്നാണ് അവർ പറഞ്ഞത്. അക്കൂട്ടരെല്ലാം അടിമകളാകാൻ വിധിക്കപ്പെട്ടവരാണെന്ന് കരുതിയ പാശ്ചാത്യർ ബൈബിൾ സൂക്തങ്ങളുദ്ധരിച്ചാണ് ഈ വർണവെറിയുടെ തത്ത്വശാസ്ത്രം പ്രചരിപ്പിച്ചത്. അടിമത്വത്തെ വിധിദത്തമാണെന്ന് സ്ഥാപിക്കുന്ന ബൈബിളിലെ ഉല്പത്തികഥ ഇങ്ങനെയാണ്.

നോഹിന്റെ മൂന്നു പുത്രന്മാരായിരുന്നു **ശേം, യാഫെത്ത്, ഹാം.** മനുഷ്യകുലത്തിന്റെ വംശപിതാക്കളാണ് നോഹിന്റെ ഈ മൂന്നു പുത്രന്മാർ. **ശേം,** സെമിറ്റിക് ജനതയുടെ വംശപിതാവാണ്. **യാഫെത്ത്,** കറുത്തവരും, സെമിറ്റിക്കല്ലാത്തതുമായ ജനതയുടെ പിതാവ്. **ഹാം,** അടിമകളാക്കപ്പെട്ട കറുത്തവരുടെ വംശപിതാവും. ഹാമിന്റെ മകനായ **കനാനാണ്** താൻ ചെയ്യാത്ത കുറ്റത്തിന് നോഹയുടെ ശാപമേറ്റ് അധഃസ്ഥിതനും അടിമയുമായിപ്പോയത്. കഥ ഇങ്ങനെയാണ്. നോഹ മുന്തിരി കർഷകനായിരുന്നു. ഒരിക്കൽ മുന്തി



രിയിൽ നിന്നെടുത്ത വീഞ്ഞ് സേവിച്ച് നോഹ ലഹരിയിൽ മുങ്ങി. മദ്യലഹരിയിൽ ഉടുത്തുണിയില്ലാതെ കൂടാരത്തിൽ കിടക്കുന്ന പിതാവിനെക്കണ്ട ഹാം വിവരം സഹോദരന്മാരായ ശേമിനോടും, യാഫെതിനോടും പറഞ്ഞു. അപ്പോൾ ഈ രണ്ട് സഹോദരന്മാരും പിതാവിന്റെ നഗ്നതയിലേക്ക് നോക്കാതെ വസ്ത്രവുമായി പിറകോട്ട് നടന്ന് ഒരുവിധം നഗ്നത മറച്ചു. മദ്യലഹരിവിട്ടകന്ന നോഹ ശേംമിന്റേയും യാഫെത്തിന്റേയും പ്രവർത്തിയിൽ സംപ്രീതനായി അവരെ അനുഗ്രഹിച്ചു. പിതാവായ നോഹയുടെ നഗ്നതയെപ്പറ്റി സഹോദരന്മാരോടു പറഞ്ഞത് ഹാം ആണെന്നറിഞ്ഞ നോഹ കോപാകുലനായിക്കൊണ്ടു ഹാമിന്റെ ചെറുമകൻ കനാനെ ശപിച്ചു. **'ഹാമിന്റെ മകൻ കനാൻ ശേംമിന്റെ അടിമയാകട്ടെ'** എന്നായിരുന്നു ശാപം. പിതാവ് ചെയ്ത കുറ്റത്തിന് മകനെ ശിക്ഷിക്കുകയായിരുന്നു നോഹ. കനാന്റെ വംശപരമ്പരയാണ് കനാൻ ദേശത്ത് വസിച്ചിരുന്നത്. ഇസ്രയേൽ ജനത കനാൻ ദേശത്ത് വരുമ്പോൾ കനാന്റെ വംശ പരമ്പരയിൽ പെട്ടവരായിരുന്നു അവിടെ വസിച്ചിരുന്നത്. കനാന്യരോടുള്ള വെറുപ്പും പുഛവും ബൈബിൾ വിവരണങ്ങളിൽ കാണാം. അങ്ങനെ ശേമിന്റെയും യാഫെത്തിന്റെയും വംശങ്ങൾക്ക് അടിമവേല ചെയ്യാൻ ദൈവം തന്നെ വിധിച്ച ഒരു വംശം പിറക്കുകയാണുണ്ടായത്. ഇസ്രയേൽ എന്ന ശ്രേഷ്ഠ വംശത്തിന് ബൈബിളിലെ യഹോവ ഇഷ്ടദാനം നൽകിയ ഭൂമിയാണ് ഇസ്റയേൽ. അതുകൊണ്ടാണല്ലോ ചരിത്രാതീതകാലം മുതൽ അവിടെ താമസിച്ചു വരുന്ന അറബികളെ പുറത്താക്കി ഫലസ്തീൻ തങ്ങളുടെ ഭൂമിയാണെന്ന് യഹൂദർ ഇന്നും അവകാശവാദമുന്നയിച്ച് രക്തം ചിന്തിക്കൊണ്ടിരിക്കുന്നത്.

വംശീയതയുടെ പേരിൽ മാനവരാശി അനുഭവിച്ച ഏറ്റവും ഭയാനകമായ സമീപകാല ദുരന്തമാണ് രണ്ടാം ലോക മഹായുദ്ധം. ജർമ്മനിയിൽ നിന്നുടലെടുത്ത ആര്യൻ വംശീയവാദം ലോക മഹായുദ്ധമായി പരിണമിക്കുകയായിരുന്നു. അനുഭവങ്ങളുടെ നൂറ്റാണ്ടുകൾ കഴിഞ്ഞുപോയിട്ടും ആയിരക്കണക്കിന് പ്രവാചകന്മാർ ലോകത്ത് അവതരിച്ചിട്ടും വംശീയവാദം ഇന്ന് ലോകത്ത് പലരൂപത്തിലും ഒരു വൻ വിപത്തായി പ്രബലപ്പെട്ടു വരികയാണ്. വാർത്താവിനിമയങ്ങളിലൂടെയും ഗതാഗതത്തിലൂടെയും വൈജ്ഞാനിക സഹകരണത്തിലൂടെയും ജനവർഗ്ഗങ്ങളുടെ സങ്കലനത്തിനും സമന്വയത്തിനും ദ്രുതഗതി കൈവന്നിട്ടും മനുഷ്യസമൂഹം സമഭാവന കൈവരിക്കുകയോ ഏകാത്മകമായി ഉദ്ഗ്രഥിക്കപ്പെടുകയോ ചെയ്തിട്ടില്ല.

വലത്പക്ഷ ദേശീയ വാദം, കുടിയേറ്റ വിരുദ്ധത, ജൂതന്മാരുടെ സയണിസം, ബോസ്നിയൻ മുസ്ലിംകളെ കൊന്നൊടുക്കി സെർബുകൾ നടത്തിയ എത്നിക് ക്ലൻസിംങ്ങ്, ഇന്ത്യയിലെ വ്യാപകമായി നിലനിൽക്കുന്ന ജാതീയത, ബ്രഹ്മാവിന്റെ പല അവയവങ്ങളിൽ നിന്നും സൃഷ്ടിച്ചതാണ് വിധികൽപ്പിതമായ ജാതികൾ എന്ന വിശ്വാസം, മതദേശീയ വാദം, അസഹിഷ്ണുതയിലൂന്നിയ പൗരത്വ നിയമങ്ങൾ, അമേരിക്കയിലും യൂറോപ്പിലും ദക്ഷിണാഫ്രിക്കയിലും ഇപ്പോഴും നീറിപ്പുകയുന്ന വർണവിവേചനം. ആഫ്രിക്കയിലെയും അഫ്ഗാനിസ്ഥാനിലെയും പാകിസ്ഥാനിലേയും ഗോത്രവർഗപ്പോരുകൾ, ഭാഷാ ഭ്രാന്ത്. അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന സംഘർഷങ്ങളിലെല്ലാം വംശീയത എന്ന പൈശാചിക വികാരത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ തേരോട്ടങ്ങൾ കാണാം

ഇവിടെ വംശം (Race) എന്ന ശാസ്ത്രീയ സങ്കൽപ്പവും വംശീയത (Racism) എന്ന പ്രതിലോമ പ്രത്യയശാസ്ത്രവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയപ്പെടേണ്ടതുണ്ട്. മനുഷ്യവർഗത്തിൽ വംശപരമായ വൈവിധ്യങ്ങൾ ഉണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. വംശം എന്നാൽ വർണ്ണം (നിറം), മുഖാകൃതി (Facial Features), ശാരീരികമായ പ്രത്യേകതകൾ, ഭാഷ, ജനിതക ഘടന മുതലായ പാരമ്പര്യ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ജനവിഭാഗങ്ങളുടെ വർഗവിഭജനമാണ് (Race). ലോകത്തിലെ എല്ലാ ജനതകളും ഏതെന്തിലും ഒരു വംശത്തിൽപ്പെടുന്നു. ആധുനിക നരവംശ ശാസ്ത്രം ഒരു ജനവർഗത്തെ മറ്റൊരു ജനവർഗത്തിൽ നിന്നും തിരിച്ചറിയാനാണ് (വംശം) എന്ന സംജ്ഞ ഉപയോഗിക്കുന്നത്.

പ്രകൃതിപരവും ശാസ്ത്രീയവുമാണ് ആ വിഭജനം. വിശുദ്ധ ഖുർആനും ആ അർത്ഥത്തിലാണ് മനുഷ്യ സമുദായത്തിന്റെ ജനവർഗ വൈവിധ്യങ്ങൾ വിവരിക്കുന്നത്. എന്നാൽ വംശീയത (Racism) എന്നത് അശാസ്ത്രീയവും വികാരപരവുമായ ഒരു സാമൂഹിക തിന്മയാണ്. വംശമഹിമയുടെ പ്രത്യയശാസ്ത്രവത്ക്കരണമാണത്. വംശീയ വാദികൾ താന്താങ്ങളുടെ വംശമഹിമ സ്വയം പെരുപ്പിച്ചും പൊലിപ്പിച്ചും മറ്റുള്ള വംശങ്ങളെ ഇകഴ്ത്തി പ്രതിലോമകരമായ സാമൂഹിക വീക്ഷണം പുലർത്തുന്നവരാണ്. ഈ അധമ വിചാരം ആശയപരമായും കായികപരമായും സൈനികപരമായും അധികാരശക്തികൊണ്ട് മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് വംശീയത. മനുഷ്യവർഗ്ഗത്തിന്റെ ജനിതകവും പ്രകൃതിപരവുമായ സവിശേഷതകളെ വംശീയ വാദികൾ വികാരപരമായ ഒരടിസ്ഥാനമാക്കിക്കണ്ട് അതിന്മേലാണ് അയുക്തികവും വൈകാരികവുമായ വംശീയവാദം കെട്ടിപ്പടുക്കുന്നത്. മതവും ഭാഷയും കുലവും ഗോത്രവും കുടുംബവും തൊലിനിറവും മറ്റുചില സാംസ്ക്കാരിക സവിശേഷതകളും ഇതിനായി അവർ ഉപയോഗിക്കുന്നു. നോക്കിലും വാക്കിലും അത്തരക്കാരുടെ അൽപ്പത്തം പ്രകടമാണ്.

വംശീയതയെക്കുറിച്ചുള്ള മിഥ്യാധാരണകളും സംഘർഷങ്ങളും ഇല്ലാതാക്കാൻ 1949 ൽ നരവംശശാസ്ത്രജ്ഞന്മാരേയും, സാമൂഹ്യ ശാസ്ത്രജ്ഞന്മാരേയും ഉൾപ്പെടുത്തി ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള **UNESCO** ഒരു ചർച്ച സംഘടിപ്പിക്കുകയും 1950 ജൂലൈ 15 ന് ഒരു പ്രഖ്യാപനം നടത്തുകയുമുണ്ടായി. ലോകമഹായുദ്ധത്തിലേക്ക് നയിച്ച ആര്യൻ നാസിസം വരുത്തിയ ദുരന്തങ്ങളുടെ വീണ്ടു വിചാരത്തോടുകൂടിയായിരുന്നു ആ സമ്മേളനം നടന്നത്. അതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

എല്ലാ മനുഷ്യരും ഒന്നാണ് മനുഷ്യർ തമ്മിലുള്ള വൈജാത്യങ്ങളേക്കാൾ ഏറെയാണ് അവർ തമ്മിലുള്ള യോജിപ്പുകൾ. മനുഷ്യന്റെ ശാരീരിക പ്രത്യേകതകൾക്ക് നിദാനം ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഒറ്റതിരിഞ്ഞുള്ള ജീവിതമാണ്. ദേശീയവും, മതപരവും ഭാഷാപരവും സാംസ്കാരികവുമായ വിഭജനങ്ങൾക്ക് വംശവുമായി യാതൊരു ബന്ധവുമില്ല. വംശം (Race) എന്നതിനേക്കാൾ ജനവർഗ്ഗം (Ethnic) എന്ന സംജ്ഞ ഉപയോഗിക്കുന്നതാണ് ഏറെ ശാസ്ത്രീയം. മനുഷ്യവർഗത്തിന്റെ മുഖ്യ വിഭജനങ്ങൾ മംഗളോയിഡുകൾ (Mangoloid Division) നീഗ്രോയിസുകൾ (Negroid Division) കാക്കസോയിഡ് (Caucasoid Division) എന്നിങ്ങനെയായിരിക്കും. ഈ പ്രത്യേകതകളുടെ അടിസ്ഥാനം വംശീയമല്ല. സാംസ്കാരിക പ്രത്യേകതകൾ ജനിതകപരമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിനും ബുദ്ധിശക്തിക്കും സ്വഭാവത്തിനും വംശവുമായി ബന്ധമില്ല. ജനവർഗ്ഗങ്ങളുടെ സങ്കലനത്തിലൂടെ തന്നെയാണ് വംശം രൂപപ്പെട്ടത്. വംശവും വംശത്തെ സംബന്ധിച്ച മിഥ്യാവാദങ്ങളും വ്യത്യസ്തമാണ് എന്നിവയാണ് ആ പ്രഖ്യാപനത്തിന്റെ സാരസംഗ്രഹം.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം നിലവിൽ വന്ന സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 30 ആർട്ടിക്കിളുകളിലും ത്രസിച്ചു നിൽക്കുന്നത്

വംശീയതക്ക് അതീതമായി മാനവസമതക്കും സാഹോദര്യത്തിനും വേണ്ടിയുള്ള ആധുനിക മനുഷ്യന്റെ അദമ്യമായ ആദർശ വാഞ്ഛയാണ്. ഒന്നാം ആർട്ടിക്കിളിലെ വചനം ഇങ്ങനെയാണ്. **'**തുല്യമായ അന്തസ്സോടും അവകാശങ്ങളോടുംകൂടി സ്വതന്ത്രരായിട്ടാണ് എല്ലാ മനുഷ്യരും ജനിക്കുന്നത്. വിവേചന ബുദ്ധിയും മനസ്സാക്ഷിയും അവർക്കെല്ലാം ജന്മസിദ്ധമായിട്ടുള്ളതാകുന്നു.**'**

വംശീയതയുടെ എറ്റവും നികൃഷ്ട ഭാവമാണ് അടിമത്വം. ഇസ്‌ലാം മതം ആവിർഭവിക്കുന്നതിന് എത്രയോ മുമ്പ് ചരിത്രാതീത കാലത്തുള്ള ഒരു സമ്പ്രദായമാണിത്. അടിമത്വം കൊടികുത്തിവാണിരുന്ന ഇരുണ്ട കാലഘട്ടത്തിലാണ് ഇസ്‌ലാം പിറന്ന് വീണത്. വിമർശകർ സ്ഥലകാലബോധമില്ലാതെ അടിമത്വത്തെയും അടിമത്വ വിമോചനത്തെ പറ്റിയും പരാമർശമുള്ളത് കൊണ്ട് അടിമത്വ സ്ഥാപനത്തിന് ഇസ്‌ലാമിനും പങ്കുണ്ട് എന്ന മട്ടിൽ ചരിത്രബോധമോ സത്യസന്ധതയോ യുക്തിദീക്ഷയോ പാലിക്കാതെ വിമർശിക്കാറുണ്ട്. ഒരു സാമ്പത്തിക സാമൂഹിക സാംസ്ക്കാരിക സ്ഥാപനം എന്ന നിലക്ക് അടിമത്വ വ്യവസ്ഥയെ നേർപ്പിച്ച് നേർപ്പിച്ച് ഇല്ലാതാക്കുന്ന സമീപനമാണ് ഇസ്‌ലാം സ്വീകരിച്ചത്.

കാരുണ്യവാനായ ദൈവം സൃഷ്ടിച്ച മനുഷ്യസമൂഹം വർണശബളിമയാർന്ന ഒറ്റസമൂഹം മാത്രമാണ്. ഖുർആൻ പറയുന്നു:

**'മനുഷ്യരെ നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ പരസ്പരം അറിയുന്നതിനുവേണ്ടി' (49:14) 'നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അപ്പോൾ നിങ്ങളതാ നാം ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായി ത്തീർന്നിരിക്കുന്നു.'(30:21)**

വിശുദ്ധ ഖുർആനിൽ റസൂൽ തിരുമേനി (സ) അടിമത്വം നിരോധിച്ചതായ അസന്നിദഗ്ദമായ പ്രഖ്യാപനം കാണാം. **'അല്ലാഹു ഒരു മനുഷ്യന് ഗ്രന്ഥവും വിധികർതൃത്വവും പ്രവാചകത്വവും നൽകിയിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിച്ച്**

**എന്റെ അടിമകളായിത്തീരുവീൻ എന്ന് പറയുക എന്നത് അദ്ദേഹ ത്തിന് ചേർന്നതല്ല.' (3: 80)** എന്നതാണ് ആ പ്രഖ്യാപനം. തന്റെ ജീവിത ദൗത്യത്തിന്ന് വിരാമം കുറിച്ച് ഭൂമിയിൽ നിന്നും വിടചൊല്ലി യ അവസാന പ്രഭാഷണത്തിൽ പോലും പ്രവാചക തിരുമേനി (സ) യുടെ ആശങ്ക കറുത്തവനെ സംബന്ധിച്ചായിരുന്നു. അവിടുന്ന് അരുളി: **'മനുഷ്യരെല്ലാം ആദമിൽ നിന്നാണ്. ആദം മണ്ണിൽ നിന്നും. അറബിക്ക് അനറബിയേക്കാളും ഒരുശ്രേഷ്ഠതയുമില്ല, വെളുത്തവ ന് കറുത്തവനേക്കാളും – ജീവിത ത്തിൽ സൂക്ഷ്മത പുലർത്തുന്ന തിലൂടെയല്ലാതെ.' (ബുഖാരി)**

റസൂൽ തിരുമേനി(സ) തനിക്ക് ദാനമായി ലഭിച്ച് അടിമകളോട് അനുവർത്തിച്ച സമീപനം അത്യുദാത്തമായിരുന്നു. ഒരു പിതാവ് മകനോട് കാണിക്കുന്നതി നേക്കാൾ സ്നേഹ വാത്സല്യത്തോ ടെയാണ് അവിടുന്ന് തന്റെ അധീനരും അനുയായികളുമായ വന്നവരോട് പെരുമാറിയത്. മൃഗത്തേക്കാളും അധസ്ഥിതരായി കഴിഞ്ഞ അടിമ വർഗത്തിലെ ഒരു നിർഭാഗ്യവാനായ അംഗമായിരുന്നു ഹദ്റത്ത് ബിലാൽ(റ). റസൂൽ തിരുമേനി (സ) അദ്ദേഹത്തെ അധ:സ്ഥിത ജീവിതത്തിൽ നിന്ന് മോചിപ്പിക്കുകയും തന്റെ അനുച രന്മാർക്കിടയിൽ അത്യുന്നത പദവിയിൽ അവരോധിക്കുകയും ചെയ്തു. മാത്രമല്ല അദ്ദേഹത്തെ **'സയ്യിദുനാ ബിലാൽ'** ഞങ്ങളുടെ യജമാനനായ ബിലാൽ എന്ന് സ്വന്തം കോടാനുകോടി അനു യായികളെ കൊണ്ട് പതിനാല് നൂറ്റാണ്ടുകളായി അഭിവാദ്യം ചെയ്യിച്ച ഇസ്‌ലാമിന്റെ ഏറ്റവും ആധികാരിക മാതൃകയായ മുഹമ്മദ് നബി (സ) അടിമകളോട് കാണിച്ചയത്ര ആദരം ലോകത്ത് ജീവിച്ചു മരിച്ച് പോയ ഒരു മനുഷ്യനും കാണിച്ചിട്ടുണ്ടാവില്ല എന്നുറപ്പ്. ഹദ്റത്ത് സൈദ് (റ), ഹദ്റത്ത് മാരിയത്തുൽ ഖിബ്തിയ്യ (റ), എന്നീ അധീനരായി ലഭിച്ചവ രോട് അവിടുന്ന് പെരുമാറിയ വിധം ഒരു പിതാവും മക്കളോടോ ഒരു ഭർത്താവും ഭാര്യയോടും പെരുമാറു കയോ സ്നേഹ ബന്ധം പുലർത്തു കയോ ചെയ്തിട്ടില്ല. അത്രക്ക് ഉദാത്തമായിരുന്നു ആ ബന്ധം. മാത്രമല്ല ഹദ്റത്ത് മാരിയത്തുൽ ഖിബ്തിയ്യ (റ)യെ റസൂൽ തിരുമേനി വിവാഹം കഴിക്കുകയും അതിൽ ജനിച്ച ഹദ്റത്ത് ഇബ്രാഹിം (റ) എന്ന ആ കുഞ്ഞ് വലുതായെങ്കിൽ പ്രവാചകനാകുമായിരുന്നുവെന്ന് അവിടുന്ന് പറയുകയും ചെയ്ത പ്പോൾ അടിമ സ്ത്രീയെന്ന് സമൂഹം പറഞ്ഞ ഒരു മാതാവിൽ പിറന്ന സന്താനത്തിനും നുബുവ്വ ത്താകുന്ന ഏറ്റവും ഉന്നതമായ ആത്മീയ പദവി കരസ്ഥമാക്കാൻ സാദ്ധ്യമാണ് എന്ന തത്വം കൂടി റസൂൽ തിരുമേനി(സ) വിളംബര പ്പെടുത്തുകയായിരുന്നു.

അടിമമോചനം അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ഒരു സൽക്കർമ മാണെന്നാണ് റസൂൽ തിരുമേനി (സ) ഉപദേശിച്ചത്. അടിമ സ്ത്രീ യിൽ യജമാനന് സന്താനമുണ്ടാ യാൽ അവൾ സ്വതന്ത്രയാണ്. അവരുടെ സന്താനത്തിന് പുത്രന് ലഭിക്കേണ്ട എല്ലാ അനന്തരാവകാശ വും ലഭിക്കും. സക്കാത്ത് അടിമ വിമോചനത്തിനായി ഉപയോഗിക്ക ണമെന്ന് നിഷ്ക്കർശയുണ്ടായി. ചെയ്തു പോയ പാപങ്ങൾക്ക് ശിക്ഷയും പ്രതിവിധിയുമായി അടിമ വിമോചനം ശുപാർശ ചെയ്തു. അടിമക്ക് സ്വയം മോചന പത്രം എഴുതാനും അതിന് ധനം സമ്പാദിക്കാൻ അവസരം നൽകാനും കുടുബാംഗങ്ങളോടും അയൽക്കാരോടും ചെയ്യുന്നത് പോലെ അടിമകളുടെ നേരെ കാരുണ്യത്തോടെ പെരുമാറാനും ഇസ്‌ലാം നിയമപരമായി തന്നെ വ്യവസ്ഥ ചെയ്തു.

അടിമ വ്യവസ്ഥ ലോകത്ത് വിപാടനം ചെയ്യുന്നതിൽ മൗലികമായ സംഭാവനയാണ് ഇസ്‌ലാം അവതരിപ്പിച്ചത്. 18-ാം നൂറ്റാണ്ടിലെ ഫ്രഞ്ച് വിപ്ലവ നായകനായ ജീൻ ജാക്വിസ് റൂസോയുടെ, SOCIAL CONTRACT എന്ന പുസ്തകം ആരംഭിക്കുന്നത് "Man was born free, but he is everywhere in chains" എന്ന വചനത്തോടെയാണ്. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു പക്ഷേ അവൻ എവിടേയും ചങ്ങലകളിൽ ബന്ധിതനാണ്. റൂസ്സോ ജനിക്കു ന്നതിനും 12 നൂറ്റാണ്ടുകൾക്ക് മുമ്പ് ഹദ്റത്ത് ഉമർ (റ) ഈജിപ്ത് ജേതാവും അവിടുത്തെ ഗവർണ്ണറു മായ അമ്ർ ബ്നു ആസിന്റെ(റ) പുത്രൻ മുഹമ്മദ്ബ്നു അമ്ർ ബ്നു ആസ് ഒരു ഖിബ്തി പ്രജയോട് അപമര്യാദയായി പെരുമാറി എന്ന വാർത്തയറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: **'**നിങ്ങൾ എപ്പോഴാണ് മനുഷ്യരെ അടിമകളാക്കാൻ തുടങ്ങിയത് അവരുടെ മാതാക്കൾ അവരെ സ്വതന്ത്രരായാണ് പ്രസവിച്ചത്.**'** എന്ന് പറഞ്ഞുകൊണ്ടാണ്. ഉന്നത നായ സഹാബിയുടെ പുത്രനെ ഉമർ(റ) ശാസിച്ച ഈ ചരിത്രം പ്രസിദ്ധമാണ്. 12 നൂറ്റാണ്ടുകൾക്ക് മുമ്പ് ഹദ്റത്ത് ഉമറി(റ)ന് ഇത്തരമൊരു വചനം പറയാൻ കഴിഞ്ഞത് മാനവ സമതയെ സംബന്ധിച്ച ഇസ്‌ലാം സമർപ്പിച്ച ശക്തിമത്തും സമ്പൂർണ്ണവുമായ അധ്യാപനങ്ങൾ കൊണ്ടാണ്.

ചരിത്രത്തിൽ അടിമരാജവംശം അഥവാ മംലൂക്ക് രാജവംശത്തെ കുറിച്ച് നാം കേട്ടിട്ടുണ്ടാകുമല്ലോ. രാജാവിന്റെ നേർവിപരീതമായ അടിമ എന്ന പദം സമാസിച്ച് അടിമരാജവംശം എന്ന് പറഞ്ഞ അത്ഭുതം ഇസ്‌ലാമിൽ മാത്രമേ കാണാൻ സാധികൂ. അതായത് അടിമകളെ രാജാക്കന്മാരാക്കിയ മതം എന്ന അപൂർവ ബഹുമതി കൂടി ഇസ്‌ലാമിന് മാത്രം അവകാശപ്പെട്ടതാണ്. മലക്കത്ത് എന്ന പദത്തിൽ നിന്നും നിഷ്പന്നമായതാണ് മംമ്‌ലൂക്ക് രാജാക്കന്മാർ. 13-ാം നൂറ്റാണ്ടിൽ നമ്മുടെ ഭാരതത്തിൽ സുൽത്താൻ

ഭരണത്തിന് തുടക്കമിട്ട മംമ്ലൂക്ക് രാജാവായിരുന്ന കുത്ത്ബുദ്ദീൻ ഐബക്ക് ആയിരുന്നു. മക്കളില്ലാത്ത മുഹമ്മദ് ഗോറിയുടെ അടിമയായിരുന്നു കുത്ത്ബുദ്ദീൻ. ഗോറിയോട് ഒരിക്കൽ താങ്കളുടെ മരണശേഷം ആരായിരിക്കും ഭരണാധികാരി എന്ന് ചോദിക്കപ്പെട്ടപ്പോൾ ഒട്ടും സങ്കോചമില്ലാതെ മറുപടി പറഞ്ഞു: എന്റെ ആയിരം മക്കളായിരിക്കും എനിക്ക് ശേഷം ഭരണാധികാരി എന്ന്, അദ്ദേഹം തന്റെ അടിമകളെ സൂചിപ്പിച്ചുകൊണ്ടാണ് അത് പറഞ്ഞത്. ഗോറിയുടെ അടിമകളിൽ പെട്ട കുത്ത്ബുദ്ദീൻ ഐബക്ക് ഡൽഹി സുൽത്താനായി മാറുകയും ഡൽഹിയിലെ അദ്ദേഹത്തിന്റെ യശസ്തംഭമായി കുത്തബ് മിനാർ പണികഴിപ്പിക്കുകയുമുണ്ടായി. ജാതീയത പ്രബലമായ ഭാരതത്തിൽ ഒരു അടിമരാജാവിന്റെ യശസ്തംഭമായി കുത്തബ് മിനാർ ഇന്നും വിരാചിക്കുന്നു.

അടിമ എന്നാൽ 1926 ൽ യു എൻ നൽകിയ നിർവചന പ്രകാരം ഒരു മനുഷ്യൻ അന്യന്റെ സമ്പൂർണാധികാരത്തിന് വിധേയനായി തീരുന്ന സ്ഥിതി അല്ലെങ്കിൽ നില എന്നാണ്. മനുഷ്യൻ എന്ന പരിഗണനയോ യാതൊരു പൗരാവകാശമോ ഇല്ലാത്ത വിൽക്കുകയും വാങ്ങുകയും ചെയ്യാവുന്ന കേവലം ജംഗമ വസ്തു (Movable Property) മാത്രമായിരുന്നു ഒരു അടിമ. ഇവിടെ നാം മനസ്സിലാക്കേണ്ട പ്രധാന കാര്യം അടിമ എന്ന അർത്ഥം വരുന്ന **'അബ്ദ്'** എന്ന പദത്തിന് പകരം ഇസ്ലാം **മാ മലകത്ത് അയ്മാനിക്കും**. (What possessed your Right Hand) **'**നിങ്ങളുടെ വലം കൈക്ക് ഉടമയാക്കപ്പെട്ടവർ**'** എന്നാണ് ഉപയോഗിച്ചത്. നിയമ പരിരക്ഷയുള്ള, അല്ലെങ്കിൽ സംരക്ഷണത്തിന്റെ കരവലയത്തിലുള്ള ആൾ എന്നാണ് ആ പ്രത്യേക പദത്തിന്റെ നിയമപരമായ അർത്ഥം. അടിമ എന്ന കമ്പോള ചരക്കിനെ അന്ന് വരെ ലോകത്തൊരിടത്തും മാനവികമായ ഒരു പരിപ്രേഷ്യത്തിൽ **'**മാ മലക്കത്ത് അയ്മാനുക്കും**'** എന്ന് വിശേഷിപ്പിച്ചിട്ടില്ല. അധീനരായ സ്ത്രീകളെ സംബന്ധിച്ച് ബൈബിൾ സമൃദ്ധമായി ഉപയോഗിച്ച വെപ്പാട്ടി (Concubine) എന്ന അർത്ഥത്തിലുള്ള പദമല്ല ഖുർആൻ ഉപയോഗിച്ച മാ മലകത്ത് അയ്മാനിക്കും. നിയമ പരിരക്ഷയുള്ള പൗര എന്ന അർത്ഥത്തിലാണത് വരുന്നത്. ഇസ്ലാമിലെ വലംകൈക്ക് ഉടമയായക്കപ്പെട്ടവർ സംരക്ഷണ ചുമതലയുള്ള ഒരാളുടെ അധീനതയിലുള്ള പൗരനോ പൗരയോ ആണ്. റസൂൽ തിരുമേനി (സ) യുടെ ഒരു വചനം ഇപ്രകാരമാണ്.

**'ഒരുവൻ തന്റെ അടിമയെ വധിച്ചാൽ നാം അവനെ വധിക്കും ഒരുവൻ തന്റെ അടിമയെ അംഗവിഛേദം ചെയ്താൽ നാം അവനെയും അംഗവിഛേദം ചെയ്യും ഒരുവൻ തന്റെ അടിമയെ ഷണ്ഡീകരിച്ചാൽ നാം അവനെയും ഷണ്ഡീകരിക്കും.' (ബുഖാരി)**

**'നിങ്ങളുടെ അധീനതയിൽ നിങ്ങളുടെ സഹോദരൻ ഉണ്ടാകുന്ന പക്ഷം താൻ ഭക്ഷിക്കുന്നത് അവനെയും ഭക്ഷിപ്പിക്കുക. താൻ ധരിക്കുന്ന വസ്ത്രം അവനെയും ധരിപ്പിക്കുക. അവന്ന് അസാധ്യമായ ജോലി ഏൽപ്പിക്കരുത്.' (ബുഖാരി)**

മറ്റുപല കാര്യങ്ങളിലും എന്നപോലെ ഇസ്ലാമിന്റെ ഉന്നതമായ ആദർശങ്ങളായിരുന്നില്ല പ്രായോഗികമായി പല മുസ്ലിം രാജ്യങ്ങളിലും പിൽക്കാലത്ത് നടപ്പിലായത്. അടിമത്വം പല മുസ്ലിം രാജ്യങ്ങളിലും വളരെ മോശപ്പെട്ട നിലയിൽ ഇരുപതാനൂറ്റാണ്ടുവരെ തുടരുകയുണ്ടായി. ഹീനമായ രീതിയിൽ അവിടെ അടിമകളെ ചൂഷണം ചെയ്യുകയും അടിമകമ്പോളം നിലനിൽക്കുകയും ചെയ്തു. ലൈംഗികരാചകത്വത്തിന്റെ കൂത്തരങ്ങായി പല മുസ്ലിം രാജധാനികളും പ്രഭുവസതികളും മാറുകയും ചെയ്തിട്ടുണ്ട്. ഓട്ടോമൻ തുർക്കികൾക്ക് ഖിലാഫത്ത് നഷ്ടപ്പെട്ടതിന് ശേഷം പുതിയ ഭരണഘടനക്ക് കീഴിൽ 1924 ലാണ് അവിടെ അടിമത്വം നിരോധിച്ചുകൊണ്ടുള്ള വിളംബരം ആദ്യമായുണ്ടായത്. പല യൂറോപ്യൻ രാജ്യങ്ങളിലും അടിമ നിരോധന നിയമം വന്നതിന് ശേഷമാണ് മുസ്ലിം രാജ്യങ്ങളിൽ നിരോധനം വന്നത്. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന് പകരമായി മുസ്ലിം രാജ്യങ്ങൾ അംഗീകരിച്ച 1990ലെ കൈറോ ഡിക്ലറേഷനിലും അടിമത്വ നിരോധന പ്രഖ്യാപനം കാണാം.

ഏതായാലും അനന്തമായ മനുഷ്യവൈവിധ്യങ്ങളെ രമ്യമനോഹരമായി കോർത്തിണക്കാനുള്ള സ്വർണ്ണ നൂൽ സമ്മാനിച്ച മതമാണ് ഇസ്ലാം. വിശുദ്ധ ഖുർആൻ ഈ സന്ദേശത്തെ ശക്തമായ വചനങ്ങളിലൂടെ അരക്കിട്ടുറപ്പിക്കുന്നു. വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

**'അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ, ശാശ്വതമായ ദൈവിക ദാസ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധനവ് കാരണം മനുഷ്യസമുദായത്തിൽ രൂപപ്പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണമായ മനുഷ്യ ഐക്യത്തിനുവേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏകതയുടെ വിഭിന്നശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം.' (ചശ്മെ മഅ്രിഫ പേ. 137).**



## ടി. കെ. മുഹമ്മദ് (കുഞ്ഞു) സാഹിബ്

കരുളായി ജമാഅത്തംഗമായിരുന്ന ടി.കെ. മുഹമ്മദ് സാഹിബ് (80) 16/03/2020ന് വഫാത്തായി. ഇന്നാലില്ലാഹി.....

കരുളായി ജമാഅത്തിലെ ആദ്യ അഹ്മദി യായിരുന്ന മർഹൂം ടി.കെ. കുഞ്ഞാലൻ ഹാജിയുടെ ഇളയ മകനാണ്. കരുളായി, കൽക്കുളം ജമാഅത്തുകളിൽ ദീർഘകാലം സദറായി സേവനം ചെയ്തിട്ടുണ്ട്. കൂടാതെ ജമാഅത്തിലെ പ്രധാനപ്പെട്ട വകുപ്പുകളിലെല്ലാം സേവനം ചെയ്യുവാനുള്ള അവസരവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വളരെയധികം അവശനിലയിലായ ഘട്ടത്തിലും ജമാഅത്തായ നമസ്കാരങ്ങളിൽ ആവേശപൂർവം പങ്കെടുക്കുമായിരുന്നു. അക്ഷര സ്ഫുടതയോടും ഈണത്തിലും വിശുദ്ധ ഖുർആൻ പാരായണം ചെയ്തിരുന്ന വ്യക്തിയായിരുന്നു. മദ്റസകളിൽ കുട്ടികളെ പഠിപ്പിക്കുവാൻ പ്രത്യേകം താൽപര്യം കാണിക്കുമായിരുന്നു. അതിഥി സൽക്കാര കാര്യത്തിലും അതീവ താൽപര്യം പ്രകടിപ്പിച്ചിരുന്നു. കുട്ടികളില്ലാതിരുന്ന അദ്ദേഹം നിരവധി കുഞ്ഞുങ്ങൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ചിട്ടുണ്ട്. 1968ൽ പാക്കിസ്ഥാൻ ജൽസയിൽ പങ്കെടുക്കുവാനും ഖലീഫത്തുൽ മസീഹ് സാലിസുമായി കൂടിക്കാഴ്ച നടത്തുന്നതിനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. മൂസിയായിരുന്നു.

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഭാര്യമാർ: സി.കെ.സുബൈദ, പരേതയായ സി. ജമീല.

---



## ഇമ്പിച്ചി അഹ്മദ് സാഹിബ് എ. പി

മാത്തോട്ടം ജമാഅത്തിലെ ഇമ്പിച്ചി അഹ്മദ് സാഹിബ് എ.പി. (68) 28 ഏപ്രിൽ 2020ന് വഫാത്തായി. ഇന്നാലില്ലാഹി.....

ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമായി മുഴുകുകയും നിരവധി പേർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ വഴിയൊരുക്കുകയും ചെയ്ത മനുഷ്യ സ്നേഹിയായ അഹ്ദിയായിരുന്നു ഇമ്പിച്ചഹ്മദ് സാഹിബ്. അനുഭാവിയായിരുന്ന അദ്ദേഹം ജമാഅത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചാണ് ബൈഅത്ത് ചെയ്തത്. നല്ല വായനക്കാരനായ അദ്ദേഹം വളരെ യുക്തി ദീക്ഷയോടെ സംസാരിക്കാൻ കഴിവുള്ള ആളായിരുന്നു. സത്യദൂതന്റെ മുടങ്ങാത്ത വായനക്കാരനായിരുന്നു. സത്യദൂതനിൽ വരുന്ന തുടർ ലേഖനങ്ങൾ മനോഹരമായി ബൈൻഡ് ചെയ്ത് പുസ്തകമാക്കി ഒരു വലിയ പുസ്തശേഖരം അദ്ദേഹം സ്വന്തമായി നിർമിക്കുകുകയും എപിഎ പബ്ലിക്കേഷൻ എന്ന് പേരിടുകയും ആവശ്യകാർക്ക് അത് വിതരണം ചെയ്യുകയും ചെയ്തിരുന്നു. ജമാഅത്തിലുള്ള പലരും റഫറൻസിന് വേണ്ടി അദ്ദേഹത്തിൽ നിന്നും അത്തരം പുസ്തകങ്ങൾ വാങ്ങി കൊണ്ടു പോകുമായിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹുഹിക്കട്ടെ,

**ഭാര്യ**: സൈനബ്. **മക്കൾ**: ഇല്യാസ്, സിറാസ്, സഫറുദ്ദീൻ, ഹസീന, ജസീന

*പി ടി അബ്ദുർറഹീം, കോഴിക്കോട്*

---



## ഹംസ സാഹിബ്

കോഴിക്കോട് ജമാഅത്തിലെ ഹംസ സാഹിബ് ഏപ്രിൽ 2020 ന് വഫാത്തായി. ഇന്നാലില്ലാഹി.....

അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.



Published on 07.07.2020
Pages 44
Vol: 92 Issue. 06-07
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

mta INTERNATIONAL

Muslim Television Ahmadiyya International



www.mta.tv

www.youtube.com/mtaonline1

www.alislam.org